TAB

# TRICHUR ARCHDIOCESAN BULLETIN

2022 ജൂൺ വാല്യം: 89 ലക്കം: 06




പന്തക്കുസ്താ തിരുനാൾ (യോഹ. 20: 19–23)

# 50 Years of PRIESTLY ORDINATION
1972-2022


ഫാ. ജോസ് തെക്കേക്കര (ജൂനിയർ)


ഫാ. ജോസഫ് അറാശ്ശേരി


ഫാ. ജോൺ ചുങ്കത്ത്

# 25 Years of PRIESTLY ORDINATION
1997-2022


ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ


ഫാ. ജെയ്സൺ പുന്നാശ്ശേരി


ഫാ. സെബി ചിറ്റാട്ടുക്കര


ഫാ. റോയ് വേളക്കൊമ്പിൽ


ഫാ. ബിജു ആലപ്പാട്ട്


ഫാ. ജോൺസൻ ഊക്കൻ


ഫാ. സൈജൻ വാഴപ്പിള്ളി


ഫാ. പ്രിൻസ് പൂവത്തിങ്കൽ


ഫാ. ജോബി ചുള്ളിക്കാടൻ


ഫാ. രാജു കൊക്കൻ



Trichur Archdiocesan Bulletin TAB

ESTD: 1934

**ജൂൺ 2022**

ലക്കം: 06 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 11 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 20 |
| സഹായമെത്രാന്റെ പരിപാടികൾ | 22 |
| നാളാഗമം | 23 |
| നാമകരണ നടപടികൾ | 30 |
| പാസ്റ്റർ കൗൺസിൽ | 33 |
| വൈദികർ | 34 |
| അതിരൂപത തീർഥകേന്ദ്രം | 41 |
| സാമ്പത്തിക കാര്യാലയം | 42 |
| മതബോധനം | 51 |
| സ്ഥാപനങ്ങൾ | 56 |
| സംഘടനകൾ | 70 |

# പരിശുദ്ധ പിതാവ്
# ഫ്രാൻസിസ് പാപ്പായുടെ
# സന്ദേശം

Ref: 3574/KCBC/K-35/OL/DS
18.09.2021

## മാനവകുടുംബം പണിതുയർത്താൻ വിളിക്കപ്പെട്ടിരിക്കുന്നത്

(2022 ലെ ദൈവവിളികൾക്കായുള്ള ലോക പ്രാർഥനാ ദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം)

പ്രിയ സഹോദരീസഹോദരന്മാരേ,

യുദ്ധത്തിന്റെയും മർദ്ദനത്തിന്റെയും ശീതക്കാറ്റ് വീശുകയും നിരന്തരം ധ്രുവീകരണത്തിന്റെ അടയാളങ്ങൾ അഭിമുഖീകരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലാണ് നാം സഭയെന്ന രീതിയിൽ സിനഡാത്മക പ്രക്രിയ ഏറ്റെടുത്തിരിക്കുന്നത്: അടിയന്തിരമായി ഒരുമിച്ചു സഞ്ചരിക്കുന്നതിന്റെയും ശ്രവിക്കാനും, പങ്കുചേരാനും, പങ്കുവയ്ക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുന്നതിന്റെയും ആവശ്യം നാം മനസ്സിലാക്കുന്നു. നല്ല മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാരോടും ചേർന്നു മാനവകുടുംബം പണിയുന്നതിൽ സഹായിക്കാനും അതിന്റെ മുറിവുകൾ ഉണക്കാനും അതിനെ കൂടുതൽ നല്ല ഒരു ഭാവിയിലേക്കു നയിക്കാനും നാം താത്പര്യപ്പെടുന്നു. ദൈവവിളികൾക്കായുള്ള ഈ 59–ാം ലോക പ്രാർഥനാ

ദിനത്തിൽ സിനഡാത്മക സഭയുടെ പശ്ചാത്തലത്തിൽ "ദൈവവിളി" യുടെ വിശാല അർഥത്തെക്കുറിച്ച് നിങ്ങളോടൊത്ത് വിചിന്തനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു; സഭതന്നെയും ദൈവത്തെയും ലോകത്തെയും ശ്രവിച്ചുകൊണ്ടിരിക്കുകയാണല്ലോ.

**സഭയുടെ ദൗത്യത്തിൽ ഒരുമിച്ച് മുഖ്യപ്രണേതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്**

സിനഡാത്മകത, അഥവാ ഒരുമിച്ചുള്ള സഞ്ചാരം, സഭയുടെ മൗലികമായ വിളിയുടെ ഭാവമാണ്. ഈ പശ്ചാത്തലത്തിൽ മാത്രമേ നമുക്കു വ്യത്യസ്തങ്ങളായ ദൈവവിളികളെയും സിദ്ധികളെയും ശുശ്രൂഷകളെയും തിരിച്ചറിയുകയും അവയെ വിലമതിക്കുകയും ചെയ്യാനാകൂ. സുവിശേഷപ്രഘോഷണം നടത്താനും മുന്നോട്ടു ഗമിച്ചുകൊണ്ട് സുവിശേഷത്തിന്റെ വിത്തുകൾ പാകാനുംവേണ്ടിയാണ് സഭ നിലകൊള്ളുന്നതെന്ന് നമുക്കറിയാമല്ലോ. അജപാലന പ്രവൃത്തിയുടെ എല്ലാ മേഖലകളിലും എല്ലാവരും ഒരുമിച്ചാണ് ഈ ദൗത്യം നിർവഹിക്കുന്നത്; ഇക്കാര്യത്തിൽ കർത്തൃശിഷ്യരെല്ലാവരും ഉൾപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, "ജ്ഞാനസ്നാനം വഴിയായി ദൈവജനത്തിന്റെ എല്ലാ അംഗങ്ങളും പ്രേഷിത ശിഷ്യരായിത്തീർന്നിരിക്കുന്നു (മത്താ 28:19 കാണുക). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും, സഭയിൽ അവരുടെ സ്ഥാനം എന്താണെന്നോ, വിശ്വാസത്തിലുള്ള അവരുടെ അറിവ് എത്രമാത്രമാണെന്നോ വ്യത്യാസമില്ലാതെ, സുവിശേഷവൽക്കരണത്തിന്റെ വക്താക്കളാണ്" (*Evangelii Gaudium*, 120). വൈദികഗണത്തെയും അത്മായ വിശ്വാസികളെയും വേർതിരിച്ചുനിറുത്തുന്ന പ്രവണതയ്ക്കെതിരേ നാം ജാഗരൂകരായിരിക്കണം; അത് വൈദികവൃന്ദത്തെ ഇക്കാര്യത്തിൽ മുഖ്യ കഥാപാത്രങ്ങളും അത്മായരെ പ്രവർത്തകരുമായി വേർതിരിച്ചുകാണും; എന്നാൽ അത്മായരും അജപാലകരും ഒന്നുചേർന്ന് ഒരു ദൈവജനം എന്ന നിലയിലാണ് ക്രൈസ്തവധർമം നിറവേറ്റുന്നത്. സഭ ആകമാനം ഒരു സമൂഹമെന്ന നിലയിൽ സുവിശേഷപ്രഘോഷണം നടത്തുന്ന ഒന്നാണ്.

**പരസ്പരവും സൃഷ്ടിയുടെയും രക്ഷിതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്**

ജീവിതത്തിൽ പ്രത്യേകമായ സമർപ്പണത്തിലൂടെ കർത്താവിനെ പിഞ്ചെല്ലുന്നവരെകുറിച്ചു ഉപയോഗിച്ചുവരുന്ന ഒരു പദമായി "ദൈവവിളി" എന്നതിനെ വളരെ ചുരുങ്ങിയ അർഥത്തിൽ മനസ്സിലാക്കാൻ പാടില്ല. ഛിന്നഭിന്നമാക്കപ്പെട്ട മനുഷ്യരാശിയെ ഒന്നിപ്പിക്കാനും അതിനെ ദൈവവുമായി അനുരഞ്ജിപ്പിക്കാനുമുള്ള ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരാൻ നാമെല്ലാവരും വിളിക്കപ്പെട്ടവരാണ്. ഓരോ സ്ത്രീക്കും പുരു

ഷനും, അവർ ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിനും ക്രൈസ്തവ വിശ്വാസം ആശ്ലേഷിക്കുന്നതിനും മുമ്പേതന്നെ, അടിസ്ഥാനപരമായ ഒരു വിളിയുടെ ദാനം ലഭിക്കുന്നു: നമ്മിൽ ഓരോരുത്തരും ദൈവം തീരുമാനിച്ചുറച്ച സൃഷ്ടിയും നാം ദൈവത്താൽ സ്നേഹിക്കപ്പെട്ടവരുമാണ്; ദൈവത്തിന്റെ മനസ്സിൽ നമുക്കു ഓരോരുത്തർക്കും അനന്യവും സവിശേഷവുമായ ഒരു സ്ഥാനമുണ്ട്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ഹൃദയത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സന്നിഹിതമായി ജ്വലിക്കുന്ന ഈ ദൈവിക സ്ഫുലിംഗം ഊതിവീർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാം സ്നേഹവും പരസ്പര അംഗീകാരവും വഴിയായി മനുഷ്യരാശിയുടെ വളർച്ചയ്ക്കായി സഹകരിക്കാൻ ബാധ്യസ്ഥരാണ്. നമ്മൾ പരസ്പരം സംരക്ഷകരാകണം; അങ്ങനെ ഒത്തൊരുമയുടെയും പങ്കുവയ്ക്കലിന്റെയും ഇഴകൾ ശക്തിപ്പെടണം; അതുപോലെതന്നെ ഈ സൃഷ്ടപ്രപഞ്ചം നശിക്കാത്തവിധം അതിന്റെ മുറിവുകൾ ഉണക്കപ്പെടണം. ചുരുക്കത്തിൽ, സൃഷ്ടിയുടെ വിശിഷ്ടമായ ഈ പൊതുഭവനത്തിൽ അതിന്റെ വൈവിധ്യങ്ങളായ അംശങ്ങളിൽ അനുരഞ്ജിക്കപ്പെട്ട്, നാം ഏക കുടുംബമാകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വിശാല അർഥത്തിൽ വ്യക്തികൾക്കു മാത്രമല്ല "ദൈവവിളി" ഉള്ളത്, പ്രത്യുത അത് ജനതകൾക്കും സമൂഹങ്ങൾക്കും വ്യത്യസ്ത വിഭാഗങ്ങൾക്കും ഉള്ളതാണ്.

**ദൈവത്തിന്റെ കാഴ്ച സ്വാഗതം ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നത്**

ഈ മഹത്തായ പൊതു ദൈവവിളിക്കുള്ളിൽ, ദൈവം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായ ക്ഷണം നല്കി വിളിക്കുന്നു. അവിടന്നു തന്റെ സ്നേഹത്താൽ നമ്മെ സ്പർശിക്കുകയും നമ്മുടെ ആത്യന്തിക ലക്ഷ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു; അത് മരണത്തിന്റെ പടിവാതിലിനെ അതിലംഘിക്കുന്ന ഒരു സാക്ഷാത്കാരത്തിന്റെ ഭാവമാണ്. അങ്ങനെയാണ് ദൈവം നമ്മുടെ ജീവിതങ്ങളെ കാണാൻ ആഗ്രഹിച്ചതും ഇപ്പോൾ കാണുകയും ചെയ്യുന്നത്.

ഓരോ ശിലയ്ക്കും ഉള്ളിൽ ഒരു പ്രതിമ സ്ഥിതിചെയ്യുന്നു എന്നാണ് മൈക്കൾ ആഞ്ചെലോ ബുണോറാത്തി കരുതിയിരുന്നത്; ശില്പിയുടെ ജോലിയാണ് അത് അനാച്ഛാദനം ചെയ്യുക എന്നത്. അത് ഒരു കലാകാരനെ സംബന്ധിച്ച് സത്യമാണെങ്കിൽ, ദൈവത്തെ സംബന്ധിച്ച് എത്ര അധികമാണ്! നസ്രത്തിലെ ആ യുവതിയിൽ അവിടന്ന് ദൈവമാതാവിനെക്കണ്ടു. മത്സ്യത്തൊഴിലാളിയായ ശിമയോനിൽ തന്റെ സഭ പണിതീർക്കാനുള്ള പാറയായി അവിടന്നു പത്രോസിനെ കണ്ടു. ചുങ്കക്കാരൻ ലേവിയിൽ അവിടന്നു അപ്പസ്തോലനും സുവിശേഷകനുമായ മത്തായിയെ തിരിച്ചറിഞ്ഞു; സഭയുടെ കടുത്ത പീഡകനായിര

ുന്ന സാവൂളിൽ അവിടന്ന് വിജാതിയരുടെ അപ്പസ്തോലനായ പൗലോസിനെ കണ്ടു. ദൈവത്തിന്റെ സ്നേഹാർദ്രമായ നോട്ടം നമ്മെ എപ്പോഴും കണ്ടുമുട്ടുന്നു, നമ്മെ സ്പർശിക്കുന്നു, നമ്മെ സ്വതന്ത്രരാക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു; അങ്ങനെ നാം പുതിയ വ്യക്തികളായി മാറുന്നു. ഓരോ ദൈവവിളിയിലും ഇതാണ് സംഭവിക്കുന്നത്: നമ്മെ വിളിക്കുന്ന ദൈവത്തിന്റെ നോട്ടം നമ്മുടെമേൽ പതിക്കുന്നു. എന്നാൽ വിശുദ്ധിയെപ്പോലെതന്നെ ദൈവവിളിയും ചിലർക്കുവേണ്ടി മാത്രം പരിമിതിപ്പെടുത്തിയിട്ടുള്ള അനിതരസാധാരണമായ ഒരുനുഭവമല്ല. "തൊട്ടപ്പുറത്തെ വാതിലിനുള്ളിൽ വിശുദ്ധി ഉള്ളതുപോലെ" (*Gaudate et Exsultate* 6–9 വരെ കാണുക) ഓരോ ആളിനും ദൈവവിളിയുണ്ട്; കാരണം ദൈവത്തിന്റെ നോട്ടവും വിളിയും ഓരോ വ്യക്തിയിലേക്കും തിരിഞ്ഞിരിക്കുന്നു.

വിദൂര പൗരസ്ത്യദേശത്തുനിന്നുള്ള ഒരു പഴമൊഴിപ്രകാരം, "ജ്ഞാനിയായ ഒരു മനുഷ്യൻ ഒരു മുട്ടയിൽ ഒരു കഴുകനെ കാണുന്നു; ഒരു വിത്തിൽ നോക്കിയിട്ട് അയാൾ ഒരു വൃക്ഷത്തെ കാണുന്നു; പാപിയായവനെ നോക്കിയിട്ട് അയാൾ ഒരു വിശുദ്ധനെ കാണുന്നു." അങ്ങനെയാണ് ദൈവം നമ്മെ നോക്കിക്കാണുന്നത്; ചിലപ്പോൾ നമുക്കുതന്നെ നമ്മെക്കുറിച്ച് അവബോധമില്ലാത്ത ചില അന്തർലീന ശക്തി അവിടന്നു കാണുന്നു. ഈ അന്തർലീനശക്തി നമ്മൾ പൊതുനന്മയ്ക്കായി ഉപയോഗപ്പെടുത്താൻവേണ്ടി അവിടന്നു നമ്മുടെ ജീവിതങ്ങളിൽ അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്നു.

ദൈവവിളി ഈ രീതിയിലാണ് ഉയർന്നുവരുന്നത്. അതായത്, നമ്മൾ നമ്മിൽനിന്നുതന്നെ പുറത്തേക്കു നീങ്ങി നമ്മൾ ആയിത്തീരാനായി വിളിക്കപ്പെട്ട ഉൽകൃഷ്ട കലാസൃഷ്ടിയായി ഭവിക്കാൻ ദൈവിക ശില്പിയുടെ കരങ്ങളുടെ കലാവിരുത് കാരണമായിത്തീരുന്നു. നമ്മൾ സ്വാർഥമതികളാകുന്നതിൽനിന്നു നമ്മെ സ്വതന്ത്രരാക്കുന്ന ദൈവവചനം നമ്മെ സവിശേഷമാംവിധം ശുദ്ധീകരിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും പുനഃസൃഷ്ടിക്കുന്നതിനും പ്രാപ്തമാണ്. ആകയാൽ ദൈവം നമ്മെ ഭരമേല്പിക്കുന്ന ദൈവവിളിയോട് ഉത്തരോത്തരം തുറന്ന മനോഭാവം പുലർത്തുന്നതിനു നമുക്കു ദൈവവചനം ശ്രവിക്കാം. നമ്മുടെ വിശ്വാസം ഏറ്റുപറയുന്ന സഹോദരീസഹോദരന്മാരെയും ശ്രദ്ധിക്കാൻ നമുക്കു പഠിക്കാം. കാരണം, നമ്മൾ പിന്തുടരാനായി പുത്തൻപാതകൾ നമ്മെ കാണിച്ചുതരുന്ന ദൈവത്തിന്റെ പദ്ധതി വെളിപ്പെടുത്തിതരാൻ അവരുടെ ഉപദേശവും മാതൃകയും സഹായകമാകും.

**ദൈവത്തിന്റെ നോട്ടത്തോട് പ്രത്യുത്തരിക്കാൻ വിളിക്കപ്പെടുന്നത്**

ദൈവത്തിന്റെ സ്നേഹമസൃണവും സൃഷ്ടിപരവുമായ നോട്ടം

നമ്മെ യേശുവിൽ അതിവിശിഷ്ടമാംവിധം കണ്ടുമുട്ടുകയുണ്ടായി. "യേശു അവനെ നോക്കി, സ്നേഹം തോന്നി അവനോടു പറഞ്ഞു" എന്നു സുവിശേഷകനായ മർക്കോസ് (10:21) ധനികനായ യുവാവിനെ പരാമർശിച്ചു പറയുന്നു. യേശുവിന്റെ സ്നേഹംനിറഞ്ഞ നോട്ടം നമ്മുടെ എല്ലാവരുടെയുംമേൽ ആയിരിക്കുന്നു. നമ്മിൽനിന്നു നമ്മെത്തന്നെ പുറത്തേക്കു നയിക്കുന്നതിനു നമ്മുടെമേൽ ഈ നോട്ടം വന്നുഭവിക്കുന്നതിനും അവിടന്നു നമ്മിൽ പ്രവർത്തിക്കുന്നതിനും അവിടത്തെ നമുക്കു അനുവദിക്കാം. ആരുടെയൊക്കെകൂടെ നാം ജീവിക്കുന്നുവോ ആരെയൊക്കെ നാം കണ്ടുമുട്ടുന്നുവോ – അവർ ആരായാലും – അവരെ സ്വാഗതം ചെയ്യുന്നവിധം അവരെ നോക്കാൻ നമുക്കു പഠിക്കാം; അതുവഴിയായി തങ്ങളുടെ അന്തർലീനശക്തിയുടെ പൂർണവികാസത്തിനായി തങ്ങളെ ക്ഷണിക്കുകയും തങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന ഒരാളുണ്ടെന്നു അവർ കണ്ടെത്തുകയും ചെയ്യട്ടെ.

ഈ നോട്ടം നാം സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങൾ പരിവർത്തിതമാകും. അപ്പോൾ നമ്മളും കർത്താവും തമ്മിലുള്ളതും നമ്മൾ തമ്മിലും മറ്റുള്ളവരുമായുള്ള ദൈവവിളിയെ സംബന്ധിച്ച ഒരു സംഭാഷണമായി എല്ലാം മാറും. ആഴത്തിൽ അനുഭവിച്ചറിഞ്ഞ ഒരു സംഭാഷണം, നമ്മെ വളരെകൂടുതലായി നാമാക്കി മാറ്റും: പൗരോഹിത്യ ശുശ്രൂഷയിലേക്കുള്ള വിളിയിൽ ക്രിസ്തുവിന്റെ കൃപയുടെയും കരുണയുടെയും ഉപകരണങ്ങൾ; സമർപ്പിതജീവിതത്തിലേക്കുള്ള വിളിയിൽ ദൈവത്തെ സ്തുതിക്കുന്നവരും പുതിയൊരു മാനവികതയുടെ പ്രവാചകരും; വൈവാഹികജീവിതത്തിലേക്കുള്ള വിളിയിൽ പരസ്പരമുള്ള ദാനമാകുന്നവരും ജീവന്റെ ദാതാക്കളും അധ്യാപകരും; എല്ലാ സഭാപര വിളിയിലും ശുശ്രൂഷയിലും ദൈവത്തിന്റെ കണ്ണുകളിലൂടെ മറ്റുള്ളവരെയും ലോകത്തെയും കാണുന്നവരും നമ്മെ ശുശ്രൂഷിക്കുന്നവരും പ്രവർത്തനങ്ങളും വാക്കുകളുംവഴി സ്നേഹം പ്രസരിപ്പിക്കുന്നവരും.

ഇവിടെ ഞാൻ ഡോ. ഹൊസേ ഗ്രെഗോറിയോ ഹെർണാൻണ്ടസ് ചിസ്നെറോസിനെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വെനെസ്വേലയിലെ കരാക്കാസിൽ ഭിഷഗ്വരനായി പ്രവർത്തിക്കുന്നതിനിടയിൽ അദ്ദേഹത്തിനു ഒരു ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായിത്തീരാൻ ആഗ്രഹമുണ്ടായി. തുടർന്നു അദ്ദേഹം ഒരു ആശ്രമവാസിയും പുരോഹിതനും ആകാൻ ആഗ്രഹിച്ചു; എന്നാൽ അദ്ദേഹത്തിന്റെ ആരോഗ്യം അതിനു അനുവദിച്ചില്ല. തന്റെ ദൈവവിളി ആതുരശുശ്രൂഷാരംഗത്താണെന്നു അദ്ദേഹം തുടർന്നു മനസ്സിലാക്കി; അതിൽ അദ്ദേഹം ദരിദ്രരായവരുടെ ശുശ്രൂഷയിൽ ഏറെ താത്പര്യപൂർവം സമയം ചെലവഴിച്ചു. അദ്ദേഹം അക്കാലത്തെ ലോകമഹാമാരിയായ "സ്പാനിഷ് ഫ്ളൂ" പിടിപെട്ടവരെ

ശുശ്രൂഷിക്കുന്നതിൽ പരിമിതികളില്ലാതെ പ്രവർത്തിച്ചു. താൻ പരിചരിച്ചിരുന്ന ഒരു മുതിർന്ന രോഗിക്കു മരുന്നു വാങ്ങി ഫാർമസിയിൽനിന്ന് ഇറങ്ങിവരുമ്പോൾ ഒരു കാറിടിച്ച് അദ്ദേഹം ദിവംഗതനായി. കർത്താവിന്റെ വിളി സ്വീകരിച്ച് അത് പൂർണമായും ആശ്ലേഷിച്ച ആളെന്ന നിലയിൽ അദ്ദേഹം ഉത്തമസാക്ഷിയാണ്; ഒരു വർഷം മുമ്പ് അദ്ദേഹം വാഴ്ത്തപ്പെട്ടവനായി വിളിക്കപ്പെട്ടു.

**സാഹോദര്യംനിറഞ്ഞ ലോകം പണിതുയർത്താൻ വിളിക്കപ്പെടുന്നത്**

ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കു വ്യക്തിപരമായുള്ള ഒരു വിളി മാത്രമല്ല ലഭിക്കുന്നത്; നമ്മൾ ഒരുമിച്ച് വിളിക്കപ്പെട്ടവരാണ്. നാം ഒരു മൊസയിക്കിന്റെ വ്യത്യസ്ത ചില്ലുകൾപോലെയാണ്. ഓരോചില്ലും അതിൽത്തന്നെ സുന്ദരമാണ്; എന്നാൽ അവ ചേർത്തുവച്ചുകഴിയുമ്പോൾ അത് ഒരു പൂർണചിത്രമായി മാറുന്നു. നമ്മൾ ഓരോരുത്തരും ഒരു താരകത്തെപ്പോലെ ദൈവത്തിന്റെ ഹൃദയത്തിലും പ്രപഞ്ചത്തിന്റെ നഭോമണ്ഡലത്തിലും പ്രകാശിക്കുന്നു. അതേസമയംതന്നെ, നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽതുടങ്ങി മനുഷ്യരാശിയുടെ പാത നിയന്ത്രിക്കാനും തെളിയിക്കാനും താരാവൃന്ദങ്ങളായി രൂപീകൃതമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതാണ് സഭയുടെ രഹസ്യം; വ്യത്യസ്തകളുടെ ഒരാഘോഷം; മനുഷ്യരാശി എന്താകാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ അടയാളവും ഉപകരണവും. ഇക്കാരണത്താൽ, സഭ വർധിതമാംവിധം സിനഡാത്മകം ആകണം. ഒരുമിച്ചു നടക്കുവാൻ സാധിക്കുന്ന, വിഭിന്നതകളിൽ ഒന്നായി പൊരുത്തപ്പെട്ടിരിക്കുന്ന, ഓരോരുത്തർക്കും സജീവമായി പങ്കുചേരാനാകുന്ന, എല്ലാവർക്കും എന്തെങ്കിലും സംഭാവന ചെയ്യാനാകുന്ന ഒരു സമൂഹം.

ആകയാൽ നാം "ദൈവവിളി" എന്നു പറയുമ്പോൾ അത് ഏതെങ്കിലും ഒരു ജീവിതപന്ഥാവ് തെരഞ്ഞെടുക്കുന്നതോ, ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്നതോ ഒരു സന്യാസ സമൂഹത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ സഭാത്മകസമൂഹത്തിന്റെയോ സിദ്ധിയാൽ ആകൃഷ്ടമാകുന്നതോ അല്ല; അത് ദൈവത്തിന്റെ ഒരു സ്വപ്നം സാക്ഷാത്കൃതമാകുന്നതാണ്. "അവർ എല്ലാവരും ഒന്നായിരിക്കണമേ" (യോഹ 17,21) എന്ന് യേശു പിതാവിനോട് അപേക്ഷിച്ച സാഹോദര്യത്തിന്റെ സാക്ഷാത്കാരമാണിത്. സഭയിലെ ഓരോ ദൈവവിളിയും, വ്യാപക അർഥത്തിൽ സമൂഹത്തിലെ ഓരോ ദൈവവിളിയും, ഒരു പൊതു ലക്ഷ്യത്തിനായി സംഭാവന നല്കുന്നു; പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മാത്രം സാധ്യമാകുന്ന സ്ത്രീപുരുഷന്മാരുടെ ഇടയിലുള്ള നിരവധി വ്യത്യസ്ത ദാനങ്ങളുടെ പൊരുത്തം ആഘോഷിക്കുക എന്നതാണിത്. പുരോഹിതരേ, സമർപ്പിതരായ സ്ത്രീപുരുഷന്മാ

രേ, അത്മായ വിശ്വാസികളേ, സ്നേഹത്തിൽ ഒന്നായിത്തീരുന്ന ഒരു മഹാമാനവകുടുംബം എന്നു പറയുന്നത് ഒരു ഉട്ടോപ്യൻ ദർശനമല്ലെന്നും ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യംതന്നെ അതായിരുന്നു എന്നുമുള്ള സത്യത്തെ നമുക്കു ഒരുമിച്ച് സഞ്ചരിച്ചുകൊണ്ടും ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ടും സാക്ഷ്യപ്പെടുത്താം.

സഹോദരിസഹോദരന്മാരേ, നാടകീയമായ ചരിത്രസംഭവങ്ങൾക്കിടയിലും ദൈവജനം വർധിതമാംവിധം ഈ വിളിയോട് പ്രത്യുത്തരിക്കാൻ ഇടയാക്കണമെന്നു നമുക്കു പ്രാർഥിക്കാം. ഈ മഹത്തായ ദൈവിക പദ്ധതിക്കുതകുംവിധം നമ്മെത്തന്നെ പൂർണമായി സമർപ്പിക്കുന്നതിനും നമ്മൾ ഓരോരുത്തരും നമ്മുടെ സ്വന്തം ഇടം ഈ പദ്ധതിയിൽ കണ്ടെത്തുന്നതിനും നമുക്കു പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനായി പ്രാർഥിക്കാം.

റോം, വി. ജോൺ ലാറ്ററൻ ദേവാലയം,
മേയ് 8, 2022 പെസഹാക്കാലം നാലാം ഞായറാഴ്ച

**ഫ്രാൻസിസ് പാപ്പ**

---

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# കച്ചേരി വാർത്തകൾ

ജൂൺ 2022

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : വി. ജസ്റ്റിൻ
3 : *ആദ്യവെള്ളി*
5 : **ശ്ലീഹാ ഒന്നാം ഞായർ**
പന്തക്കുസ്താ തിരുനാൾ
8 : വി. മറിയം ത്രേസ്യ
10 : സ്വർണ്ണവെള്ളി
11 : ബർണ്ണബാസ് ശ്ലീഹ
12 : **ശ്ലീഹാ രണ്ടാം ഞായർ**
പരി. ത്രിത്വത്തിന്റെ തിരുനാൾ
13 : പാദുവായിലെ വി. അന്തോണീസ്
16 : പരി. കുർബാനയുടെ തിരുനാൾ
19 : **ശ്ലീഹാ മൂന്നാം ഞായർ**
22 : വി. തോമസ് മൂറും വി. ജോൺ ഫിഷറും
24 : ഈശോയുടെ തിരുഹൃദയതിരുനാൾ
വി. യോഹന്നാൻ മാംദ്ദാനയുടെ ജനനം
25 : മാതാവിന്റെ വിമലഹൃദയം
26 : **ശ്ലീഹാ നാലാം ഞായർ**
28 : വി. ഇരണേവൂസ്
29 : വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ

## 2. ജൂൺ മാസത്തെ പരിപാടികൾ

02 : ഫൊറോനവികാരിമാരുടെ യോഗം (10:00 am)
04 : പാസ്റ്ററൽ കൗൺസിൽ യോഗം (09:30 am)
11 : സംഘടന ഏകോപനസമിതിയോഗം (02:30 pm)
16 : വൈദികസമിതിയോഗം (02:30 pm)

**3. ശ്ലീഹാക്കാലം**

പന്തക്കുസ്താത്തിരുനാൾ മുതലുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം. അയയ്ക്കപ്പെടുന്നതിന്റെയും മിശിഹായ്ക്കു സാക്ഷ്യം നൽകുന്നതിന്റെയും പ്രതിപാദനങ്ങൾക്കാണ് ഈ കാലത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്.

ശ്ലീഹന്മാർ ദൈവാത്മാവിനെ സ്വീകരിച്ച ദിനമാണ് പന്തക്കുസ്താ. ഈ കാലത്തിലെ പ്രധാന പ്രതിപാദനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ശ്ലീഹാക്കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച 'സ്വർണ്ണവെള്ളി' എന്നാണ് അറിയപ്പെടുന്നത്. ഈശോയുടെ നാമത്തിൽ മുടന്തനു ലഭിച്ച സൗഖ്യം, തിരുനാമത്തിൽ ചോദിക്കുന്നതെന്തും നൽകപ്പെടും എന്ന ഉറപ്പു നൽകുന്നു.

ദൈവാത്മാവിനാൽ നിറഞ്ഞ്, ലോകം മുഴുവനിലും രക്ഷയുടെ സന്ദേശം അറിയിക്കുകയെന്നത് ദൈവജനത്തിന്റെ ഉത്തരവാദിത്വമാണ്. ശ്ലീഹന്മാരെപ്പോലെ പ്രേഷിതരായിത്തീരാൻ ഈ കാലം നമ്മെ പ്രചോദിപ്പിക്കുന്നു. മിശിഹായ്ക്ക് അയയ്ക്കപ്പെട്ട നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്ന പ്രഖ്യാപനം, വിശ്വാസികളായ നമുക്കോരോരുത്തർക്കുമുള്ള ആഹ്വാനമാണ്. അയയ്ക്കപ്പെടുന്നവനു സംരക്ഷണം നൽകുന്ന ദൈവത്തെ ഈ കാലം നമുക്ക് വെളിപ്പെടുത്തി തരുന്നു.

സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കപ്പെടുന്ന നാം വചനകേന്ദ്രീകൃത ജീവിതം നയിക്കണം. വചനമായ ദൈവത്തിന് നിർഭയം സാക്ഷ്യം നൽകേണ്ടതിന്റെ ആവശ്യകത ഈ കാലം ഊന്നിപറയുന്നു. ഗോതമ്പുമണി നിലത്തുവീണഴിയുമ്പോഴാണ് ഫലം പുറപ്പെടുവിക്കുന്നത്. അതിനാൽ, ധീരതയോടെ പ്രേഷിതദൗത്യം നിർവഹിക്കണമെന്നും സഹനം വഴി നാം ജീവൻ നേടുമെന്നും ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു. ഏതു സാഹചര്യത്തിലും മിശിഹായ്ക്കു സാക്ഷ്യം നൽകുകയെന്നതാണ് എല്ലാ ക്രൈസ്തവരുടെയും പ്രഥമദൗത്യം. പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്, മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയിലും വസിക്കുകയും അവിടുത്തെ കൃപയും ഫലങ്ങളും അവരിൽ വർഷിക്കുകയും ചെയ്യുന്നു. മിശിഹാ പഠിപ്പിച്ച കാര്യങ്ങൾ ഓരോ നിമിഷവും അനുസ്മരിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേ തീരൂ. നമ്മിലുള്ള ദൈവാത്മാവിനെ പാപം വഴി നഷ്ടപ്പെടുത്തിയാൽ നാശമായിരിക്കും ഫലം എന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

**4. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂൺ 13ന് നാമഹേതുക തിരുനാളാഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസ

കൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**5. വൈദികവസ്ത്രം സ്വീകരിച്ചവർക്ക് പ്രാർത്ഥനാശംസകൾ:**

അതിരുപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 7ന് ഉച്ചകഴിഞ്ഞ് 2:30 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടികൂടി മുന്നോട്ട് പോകുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

| | | |
|---|---|---|
| 1. ഐനിക്കൽ ജോബിൻ | പെരിഞ്ചേരി | മേരിമാത |
| 2. ഐനിക്കൽ നോബിൾ | ചിറക്കൽ | മേരിമാത |
| 3. അപ്പക്കോട്ട് എഡ്വിൻ | പഴയന്നൂർ | ആലുവ |
| 4. ബ്രഹ്മകുളം ജോസഫ് | മണലൂർ കിഴക്ക് | മേരിമാത |
| 5. ചാഴൂർ അമൽ | മണലൂർ കിഴക്ക് | കോട്ടയം |
| 6. ചിറമ്മൽ എലോയ് | പാവറട്ടി | റോം |
| 7. എലുവത്തിങ്കൽ സാന്റിയോ | ചെവ്വൂർ | മേരിമാത |
| 8. പെല്ലിശ്ശേരി ആക്ടൺ | അമ്മാടം | മേരിമാത |
| 9. തറയിൽ ജിജോ | മങ്ങാട് | മേരിമാത |
| 10.താഴത്ത് നിഥിൻ | തലോർ | മേരിമാത |

**6. വൈദികരുടെ നിയമനം :**

1. ഡീ. അരീപ്ലാക്കൽ ബിബിൻ MST – ഡീക്കൻ മിനിസ്ട്രി
   പൊങ്ങണംക്കാട്; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
2. ഡീ. ചന്ദ്രൻകുന്നേൽ ലിയോ MST – ഡീക്കൻ മിനിസ്ട്രി
   ചെവ്വൂർ; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
3. ഡീ. എറ്റിയാങ്കൽ ബിബിൻ MST – ഡീക്കൻ മിനിസ്ട്രി
   എളവള്ളി; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
4. ഡീ. മത്തുംകുഴിയിൽ ആൽബിൻMST – ഡീക്കൻ മിനിസ്ട്രി
   ചിറക്കൽ; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
5. ഡീ. പെരുമാനൂർ ജോസ് MST – ഡീക്കൻ മിനിസ്ട്രി
   കുണ്ടുക്കാട്; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
6. ഡീ. പുലിക്കാട്ടിൽ തോമസ് MST – ഡീക്കൻ മിനിസ്ട്രി
   പഴുവിൽ; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
7. ഡീ. വരിക്കിക്കൽ അജയ് MST – ഡീക്കൻ മിനിസ്ട്രി
   വെള്ളറക്കാട്; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.
8. ഡീ. വട്ടമണ്ണിൽ ജസ്റ്റിൻ MST– ഡീക്കൻ മിനിസ്ട്രി
   പൂച്ചിന്നിപ്പാടം; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.

9. ഡീ. പൂവത്തോളിൽ ദീപക് MST – ഡീക്കൻ മിനിസ്ട്രി
ഒരുമനയൂർ; സാധുത 2022 ഏപ്രിൽ 9 മുതൽ ജൂൺ 1 വരെ.

**7. പ്രത്യേക നിയമനം :**

Appellate Tribunal for Corporate Educational Agency

1. Rev. Fr. Thomas Kakkassery - Chairman
2. Rev. Fr. Dominic Thalakkoden - Secretary
3. Rev. Fr. Antony Chembakassery - Member
4. Rev. Fr. Jickson Thazhath - Member
5. Adv. Biju Kundukulam - Member
6. Mr. T. J. Simon - Member
7. Mr. Joshy Vadakkan - Member
8. Rev. Sr. Karolin CHF - Member
9. Dr. Mary Regina - Member

**8. Dismissal from Clerical State :**

1. Rev. Davis. P. Tharayil of Diocese of Palghat is dismissed from Clerical State and dispensed from all Clericla Obligations.
2. Rev. Satish Jamnik of Diocese of Chanda left Priesthood and he has been debarred from the excercise of all Priestly faculties in Private & Public.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## പറോക്ക്

'കുടുംബ കേന്ദ്രീകൃത അജപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി നമ്മുടെ അതിരൂപതയിലെ വൈദികർക്കായുള്ള ദ്വിദിന തുടർപരിശീലനം ജൂലൈ 18 മുതൽ 22 വരെയും 26 മുതൽ 29 വരെയും ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. 7 ബാച്ചുകളായാണ് ഈ പരിശീലന പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. ഉച്ചതിരിഞ്ഞ് 2:30 മുതൽ പിറ്റേദിവസം ഉച്ചകഴിഞ്ഞ് 2 മണി വരെയാണ് പരിശീലനപരിപാടി. പങ്കെടുക്കുന്നവർക്കായുള്ള താമസസൗകര്യം ഡി. ബി. സി. എൽ. സി. യിൽ ഒരുക്കിയിട്ടുണ്ട്. അതിരൂപതയിൽ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്ന 75 വയസ്സിനു താഴെയുള്ള എല്ലാ വൈദികരെയും ഈ പരിശീലന പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബഹു. അച്ചന്മാർ പങ്കെടുക്കേണ്ട ബാച്ച് താഴെ കൊടുക്കുന്നു.

### ബാച്ച് 1

(July 18-19, Mon-Tue)

| | |
|---|---|
| 1. Rev. Fr. Kidangan John | 20. V. Rev. Fr. Thalakkoden Dominic |
| 2. Rev. Fr. Punnoliparambil Jos | 21. Rev. Fr. Thattil Soly |
| 3. V. Rev. Fr. Peramangalath Paul | 22. Rev. Fr. Chazhoor Domini |
| 4. Rev. Fr. Vazhappilly Francis, Sr. | 23. Rev. Fr. Parayil Shinto |
| 5. V. Rev. Fr. Olakkengil Johnson | 24. Rev. Fr. Vazhappilly Bilju |
| 6. Rev. Fr. Kakkassery Thomas | 25. Rev. Fr.Pindiyan Prince |
| 7. Rev. Fr. Anthikkat Joseph | 26. Rev. Fr. Thaikkattil Saijo |
| 8. Rev. Fr. Kollannoor Joy | 27. Rev. Fr.Kuzhikkattumyalil Sijohn |
| 9. Rev. Fr. Tharakan Francis | 28. Rev. Fr. MarokyDennis |
| 10. Rev. Fr.Tharakan Varghese | 29. Rev. Fr. CheruvathoorSijo |
| 11. Rev. Fr. Kuttikkatt Andrews | 30. Rev. Fr. ChalisseryLijo |
| 12. Rev. Fr. Achandy Johnson | 31. Rev. Fr. Chiriyankandath Shijo |
| 13. Rev. Fr. Chittilappilly Seby | 32. Rev. Fr. Chirayath Anto |
| 14. V. Rev. Fr. Ukken Shaju | 33. Rev. Fr. Ammuthan Antony |
| 15. Rev. Fr.Vattakuzhy Jose | 34. Rev. Fr. Chirammel Able |
| 16. Rev. Fr. Adambukulam Joy | 35. Rev. Fr. Thaliyath Nibin |
| 17. Rev. Fr. Ukken Johnson | 36. Rev. Fr.Arangassery Sanoj |
| 18. Rev. Fr. Chittilappilly Joy, Sr. | 37. Rev. Fr.Vazhappilly Frajo |
| 19. Rev. Fr. Cheruvathur Douglas | 38. Rev. Fr.Arimboor Jerin |

| | |
|---|---|
| 39. Rev. Fr.Chiriyankandath Geo | 43. Rev. Fr.Nellangara Jithin |
| 40. Rev. Fr.EmmattyJomon | 44. Rev. Fr.Maprani Alex |
| 41. Rev. Fr.Muringathery Grijo | 45. Rev. Fr.Kanjirathingal Arun |
| 42. Rev. Fr.Veliyan Sebi | 46. Rev. Fr. Olakkengil Debin |

## ബാച്ച് 2

(July 19-20, Tue-Wed)

| | |
|---|---|
| 1. Rev. Fr. Moolan John | 25. Rev. Fr. Kanjirathingal Baiju |
| 2. Rev. Fr.Alapatt Paul | 26. Rev. Fr. Chittilapilly Jaison |
| 3. Rev. Fr. Arimboor Johnson | 27. Rev. Fr. Marottikkal Majo |
| 4. Rev. Fr. Kattukaran Paul | 28. Rev. Fr. Puthur Joby |
| 5. Rev. Fr. Cheruvathur Chacko | 29. Rev. Fr. Thanikkal Manoj |
| 6. Rev. Fr. Kannanaikal Wilson | 30. Rev. Fr.Ollukkaran Anto |
| 7. Rev. Fr. Ayyankanayil John | 31. Rev. Fr. Koreth Joyson |
| 8. Rev. Fr. Muringathery Joy | 32. Rev. Fr. Edathiruthy Jojo |
| 9. Rev. Fr. Chiramel Davis, Jr. | 33. Rev. Fr. Kizhakkuden Sony |
| 10. Rev. Fr. Edakkalathur Jose | 34. Rev. Fr. Olakkengil Dijo |
| 11. Rev. Fr. Pulikkan Paul | 35. Rev. Fr. Vithayathil Rijo |
| 12. Rev. Fr. Pidiyath Wilson | 36. Rev. Fr. Nettikadan David |
| 13. Rev. Fr. Mookken Joy | 37. Rev. Fr. Chiriyamkandath Prince |
| 14. Rev. Fr. Arackel Paul | 38. Rev. Fr. Perinchery Ajeesh |
| 15. V. Rev. Fr. Alapatt Francis | 39. Rev. Fr. Menachery Antony |
| 16. Rev. Fr. Vadakoot Thomas | 40. Rev. Fr. Vazhappilly Jibi |
| 17. Rev. Fr. Poovathingal Prince | 41. Rev. Fr. Rayappan Anto |
| 18. Rev. Fr. Chalakkal Sebastian | 42. Rev. Fr. Choondal Livin |
| 19. Rev. Fr. Padayattil Job | 43. Rev. Fr. Marokey Shinto |
| 20. Rev. Fr. Anthikkatt Johnson | 44. Rev. Fr. Ukken Thomas |
| 21. Rev. Fr. Chittilappilly Lijo | 45. Rev. Fr. Muthipeedika Mejo |
| 22. Rev. Fr. Kidangan Benny | 46. Rev. Fr. Velukkaran Geo |
| 23. Rev. Fr. Koothur Francis | 47. Rev. Fr. Payyappilly Jinu |
| 24. Rev. Fr. Thekkiniyath Geo | |

## ബാച്ച് 3

(July 20-21, Wed-Thu)

| | |
|---|---|
| 1. Rev. Fr. Ainikkal Jose | 4. Rev. Fr. PulikottilJose |
| 2. Rev. Fr. Kurissery Ittiachan | 5. Rev. Fr. Muthupeedika Raphael |
| 3. Rev. Fr. Palathingal Varghese | |

6. Rev. Fr. Muttath Francis
7. Rev. Fr. Ukken Varghese
8. V. Rev. Fr. Kuthur Varghese
9. Rev. Fr.Neelankavil Pauly
10. Rev. Fr. Palathingal Paulson
11. V. Rev. Fr. Chalakkal Jose
12. Rev. Fr. Akkamattathil Raphael
13. Rev. Fr. Vettath Sebastian
14. Rev. Fr. Akkara Raju
15. Rev. Fr. Chakkalakkal Davis
16. V. Rev. Fr. Valluppara Jeejo
17. Rev. Fr. Punnassery Jaison
18. V. Rev. Fr. Koonamplakkal Jaison
19. Rev. Fr. Vettath Mathew
20. Rev. Fr. Appadan Babu
21. Rev. Fr. Nirappukalayil George
22. Rev. Fr. Vaikkadan Joseph
23. V. Rev. Fr. Vazhappilly Twinkle
24. Rev. Fr. Kuruthukulangara Antony
25. Rev. Fr. Kakkassery Tony
26. Rev. Fr. Edakkalathur Thomas
27. Rev. Fr.Kidangan Joy
28. Rev. Fr.Arikkat Sijo
29. Rev. Fr.Keetticka Finosh
30. Rev. Fr. Vadakkethala Saju
31. Rev. Fr. Alanthanath Nysson
32. Rev. Fr. Poruthur Daijo
33. Rev. Fr. Punnoliparambil Bastian
34. Rev. Fr. Chittilappilly Joffy
35. Rev. Fr. Vazhappilly Tony
36. Rev. Fr. Chiriyankandath Ginsen
37. Rev. Fr. Kollannoor Royson
38. Rev. Fr. Chittilappilly John
39. Rev. Fr. Ponthekken Sinto
40. Rev. Fr. Kuttikkatt Jinto
41. Rev. Fr. Kallarakkal Pratheesh
42. Rev. Fr. Thandassery Canadian
43. Rev. Fr. Nedumbakaran Yesudas
44. Rev. Fr. Chittilappilly Ajith
45. Rev. Fr. Chemmannur Libin
46. Rev. Fr. Thattil Benwin

## ബാച്ച് 4

(July 21-22, Thu-Fri)

1. Rev. Fr. Chittilappilly Johnson
2. V. Rev. Fr. Edakulathur George
3. Rev. Fr. Thermadam Simon
4. Rev. Fr. Edakalathur Louis
5. Rev. Fr. Pullokkaran Raphael
6. Rev. Fr. KappanyPaul
7. Rev. Fr. Kanjirathingal Varghese
8. Rev. Fr. Karippery Varghese
9. V. Rev. Fr. Chembakassery Antony
10. Rev.Msgr. Konikkara Jose,Jr.
11. Rev. Fr.Vithayathil Daveed
12. Rev. Fr.Thanikkal Lazar
13. V. Rev. Fr.Thanikkal Paul
14. Rev. Fr. Anthikadan Johnson
15. Rev. Fr. Pindiyan Paul
16. Rev. Fr. Kundukulam Johnson

| | |
|---|---|
| 17. Rev. Fr. Kanjirathingal Prinson | 33. Rev. Fr.Kallikadan Starzon |
| 18. Rev. Fr. Vadakkan Job | 34. Rev. Fr. Kulangara Printo |
| 19. Rev. Fr. Inchodikkaran James | 35. Rev. Fr. Arangassery Saleesh |
| 20. Rev. Fr. Chiramel Chacko | 36. Rev. Fr. Choondal Jinto |
| 21. V. Rev. Fr.Aloor Joshy | 37. Rev. Fr. Keezhoorumuttikkal Manoj |
| 22. Rev. Fr.Puthur Joy | 38. Rev. Fr. Puthur Sijo |
| 23. Rev. Fr. Kanjirathingal Seby | 39. Rev. Fr. Maliyammavu Paul |
| 24. Rev. Fr. Panengadan John | 40. Rev. Fr. Chiramel Simson |
| 25. Rev. Fr. Chalissery Cyriac | 41. Rev. Fr. ChakkalakkalSeejan |
| 26. Rev. Fr. Thazhath Jickson | 42. Rev. Fr. Kannanaickal Sajil |
| 27. Rev. Fr. Koola Ditto | 43. Rev. Fr. Chalil Anu |
| 28. Rev. Fr. Chalakkal Jackson | 44. Rev. Fr. Mangattilayan Jomon |
| 29. Rev. Fr. Thadathil Justin | 45. Rev. Fr.Padinjakkara Abijith |
| 30. Rev. Fr. Tharayil Demin | 46. Rev. Fr. Kizhakkoodan Godwin |
| 31. Rev. Fr. Akkamattathil Shonson | 47. Rev. Fr. Ainikkal Addwin |
| 32. Rev. Fr. Perumattil Christon | |

## ബാച്ച് 5

(July 26-27, Tue -Wed)

| | |
|---|---|
| 1. V. Rev. Fr. Vadakkan Raphael | 18. Rev. Fr. Kadavi Geo |
| 2. V. Rev. Fr. Chittilappilly Antony, Sr. | 19. Rev. Fr. Thanikkal Denny |
| 3. Rev. Fr. Arangassery Jose | 20. Rev. Fr.Aloor Francis |
| 4. Rev. Fr. Kavalakkatt Franco | 21. Rev. Fr. Chittilappilly Shiju |
| 5. Rev. Fr. Choondal Thomas | 22. V. Rev. Fr. Pallikunnath Francis |
| 6. Rev. Fr. Konikkara Jose, Sr. | 23. Rev. Fr.Thattil Jense |
| 7. Rev. Fr. Poovathukkaran Joseph | 24. Rev. Fr. Vadakkan Roy Joseph |
| 8. Rev. Fr. Thanissery Raphael | 25. Rev. Fr. MarottickalAlex |
| 9. Rev. Fr. Vazhaparambil Clement | 26. Rev. Fr. Chiriyankandath Joju |
| 10. Rev. Fr. Cheruvathoor George | 27. Rev. Fr. Thaliyaparambil Liril |
| 11. V. Rev. Fr. Aloor Joju (George) | 28. Rev. Fr. Kadappuran Joby |
| 12. Rev. Fr. Panamkulam Davis | 29. Rev. Fr. Thorayan Sinto |
| 13. Rev. Fr. Kochupurackal Shaji | 30. Rev. Fr. Muringathery Jomon |
| 14. Rev. Fr. Vennattuparambil Joshy | 31. Rev. Fr. Pereppadan Jinto |
| 15. Rev. Fr.Thekkumpuram Jaison | 32. Rev. Fr. Kattookaran Sijo |
| 16. Rev. Fr. Chittattukara Seby | 33. Rev. Fr. Mapranathukaran Shijo |
| 17. Rev. Fr. Kokken Raju | |

| | |
|---|---|
| 34. Rev. Fr. Eluvathingal Justin<br>35. Rev. Fr. Thazhekadan Jibin<br>36. Rev. Fr. Eluvathingal Antos<br>37. Rev. Fr. Kallikkadan Paul<br>38. Rev. Fr.Eluvathingal Rojo<br>39. Rev. Fr.Cheradai Geo<br>40. Rev. Fr.Neelamkavil Anson | 41. Rev. Fr.Pulikkan Siju<br>42. Rev. Fr.Pallikkunnath Shijo<br>43. Rev. Fr.Puthur Prakash<br>44. Rev. Fr.Ukken Sibin<br>45. Rev. Fr.Thanikkal Jomon<br>46. Rev. Fr. Muttath Paul |

## ബാച്ച് 6

(July 27-28, Wed-Thu)

| | |
|---|---|
| 1. Rev. Fr. Ainickal Johnson<br>2. V. Rev. Fr. Pulikkottil Davis<br>3. V. Rev. Fr. Kollannur Antony<br>4. Rev. Fr. Panthallookkaran Devassy<br>5. V. Rev. Fr. Alukka Antony<br>6. Rev. Msgr. Vallooran Jose<br>7. Rev. Fr. Kundukulam Vincent<br>8. Rev. Fr. Thekkanath Paul<br>9. Rev. Fr. Thermadam Shajan<br>10. Rev. Fr. Mekkattukulam Jiphy<br>11. Rev. Fr. Cheruvathoor Vincent<br>12. Rev. Fr. Thattil Paulson<br>13. V. Rev. Fr. Cherayath Davis, Jr.<br>14. Rev. Fr. Muringathery Joseph<br>15. Rev. Fr. Thalakkottoor Francis<br>16. Rev. Fr. Alappat Biju<br>17. Rev. Fr. Chullikadan Joby<br>18. Rev. Fr. Nandikkara Ignatius<br>19. Rev. Fr.Kavalakkatt Seby<br>20. Rev. Fr. Poruthur Joju<br>21. Rev. Fr. Koothur Joy<br>22. Rev. Fr. Maroky Jaison<br>23. Rev. Fr. Parrokkaran Binu | 24. Rev. Fr. Poopadi Thomas<br>25. Rev. Fr. Pallipurathukaran Geo<br>26. Rev. Fr. Velookaran Thomas<br>27. Rev. Fr. Thattil Linson<br>28. Rev. Fr. Mullakkara Tijo<br>29. Rev. Fr. Kundukulam Stishin<br>30. Rev. Fr. Pavartikaran John<br>31. Rev. Fr. Thalakkottoor Shanto<br>32. Rev. Fr.Arimboor Tony<br>33. Rev. Fr. Alappat Bastin<br>34. Rev. Fr. Vadakkan Sajan<br>35. Rev. Fr. Chirayath Denny<br>36. Rev. Fr.Koothur Febin<br>37. Rev. Fr. Melit Palathingal Verghese<br>38. Rev. Fr. Muringathery Naveen<br>39. Rev. Fr. Muringathery Sijo<br>40. Rev. Fr. Payikkatt Sobin<br>41. Rev. Fr. Kolambrath Dixon<br>42. Rev. Fr. Anthikkat Santhosh<br>43. Rev. Fr. Chungath Midhun<br>44. Rev. Fr. Vadakkethala Midhun<br>45. Rev. Fr. Edakkalathoor Godwin<br>46. Rev. Fr. Peramangalam John |

## ബാച്ച് 7

(July 28-29, Thu-Fri)

1. Rev. Fr. Thacharattil Jacob
2. Rev. Fr. Ambooken Noby
3. Rev. Fr. Pulikottil Johnson
4. Rev. Fr. Chiramel Davis Sr.
5. Rev. Fr.Chiramel Jolly
6. Rev. Fr. Vadakkoott James
7. Rev. Fr. Neelankavil Francis
8. Rev. Fr. Kuttikottayil Mathew
9. Rev. Fr. Kanjirathingal Anto
10. Rev. Fr. Thaikkattil Lawrance
11. V. Rev. Fr. Kannampuzha Davis
12. Rev. Fr. Kundukulangara Jovy
13. V. Rev. Fr. Chalissery Johnson
14. Rev. Fr. Mookken Roy
15. Rev. Fr. Puthur Sebi
16. Rev. Fr. Velakombil Roy
17. Rev. Fr. Pulikottil Jaison
18. Rev. Fr. Mundenkurian Renny
19. Rev. Fr. Panackal Joju
20. Rev. Fr. Kolambrath Martin
21. Rev. Fr. Muringathery Jijo
22. Rev. Fr. Edakkalathoor Varghese
23. Rev. Fr.Pindiyan Sajan
24. Rev. Fr.Puthiri Frango (Francis)
25. Rev. Fr. Emmatty Sajeev
26. Rev. Fr. Kallingalkudiyil Jimmy
27. Rev. Fr. Thattil Raphy
28. Rev. Fr. Thachoth Ajith
29. Rev. Fr. Thayyalakkal Flergin
30. Rev. Fr. Alappatt Biju Joseph
31. Rev. Fr. Mundopuram Daison
32. Rev. Fr. Kunnappilly Tens
33. Rev. Fr. Chemmannoor John Paul
34. Rev. Fr. Porathur Sinto
35. Rev. Fr. Kappilamnirappel Jijo
36. Rev. Fr. Alappadan Fijo
37. Rev. Fr. Edakulathur Jimmy
38. Rev. Fr. Maroky Sajan
39. Rev. Fr. Malokkaran Jikson
40. Rev. Fr. Kizhakkekannanchira Frinto
41. Rev. Fr.Chittilappilly Anvin
42. Rev. Fr.Arakkal Steephen
43. Rev. Fr.Akkarapattiakkal Nirmal
44. Rev. Fr.Manjaly Binoy
45. Rev. Fr.Neelankavil Hadly
46. Rev. Fr.Chittilappilly Antony Jr.

# ENGAGEMENTS

**2022 JUNE Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 02 | Thu | Morning | Forane Vicars' Meeting |
| 03 | Fri | Morning | Holy Mass at Chelakkara |
| 04 | Sat | | Pastoral Council |
| | | Evening | Online Inauguration of Catechism New Academic Year |
| 05 | Sun | Morning | MMB Platinum Jubilee: Holy Mass at Mariapuram |
| | | Afternoon | Theology Institute: Inauguration of New Academic Year at DBCLC St. Vincent de Paul, Ollur: Platinum Jubilee conclusion |
| 06 | Mon | Morning | Holy Mass at Marymatha Major Seminary |
| 07 | Tue | | KCBC Meeting |
| 08 | Wed | | KCBC Meeting |
| 09 | Thu | | KCBC Meeting PAC Meeting at Mount St. Thomas |
| 10 | Fri | | Holy Mass at Spiritual Animation Center Engaged |
| 11 | Sat | Morning | Discussion on Synodality, diocesan level |
| | | Afternoon | Sangadana Ekopana samithi Engaged |
| 12 | Sun | | Engaged |
| 13 | Mon | | Engaged |
| 14 | Tue | | Syro Malabar Doctrinal Commission Theologians' Meet, Online |
| 15 | Wed | | JMMC Trust Meeting |
| 16 | Thu | | Engaged |
| 17 | Fri | | Engaged |
| 18 | Sat | | Engaged |
| 19 | Sun | | Engaged |
| 20 | Mon | | Engaged |
| 21 | Tue | | Engaged |
| 22 | Wed | | Engaged |
| 23 | Thu | | Engaged |
| 24 | Fri | | Engaged |

| | | | |
|---|---|---|---|
| 25 | Sat | | Engaged |
| 26 | Sun | | Engaged |
| 27 | Mon | | Engaged |
| 28 | Tue | | Engaged |
| 29 | Wed | | Engaged |
| 30 | Thu | | Engaged |

# ENGAGEMENTS

## 2022 JUNE Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Holy Mass @ Chelakkara - Fr. Antony Thachuparambil |
| 02 | Thu | Morning | Forane Vicars Meeting |
| | | Morning | St. Thomas Staff Meeting |
| 03 | Fri | Morning | Holy Mass @ Amballur Animation Centre |
| | | Morning | St. Thomas Staff Meeting |
| 04 | Sat | All day | Pastoral Council |
| 07-09 | | All days | KCBC Meeting |
| 10 | Fri | Evening | St. Thomas Trust Meeting |
| 11 | Sat | Morning | Holy Mass @ Minor Seminary |
| | | All Day | Discussion on Synodality, diocesan level |
| | | Afternoon | Sangadana Ekopana samithi Engaged |
| 12 | Sun | Morning | Holy Mass @ Ollur |
| 14 | Tue | Morning | Holy Mass @ Latin Church, TCR |
| 15 | Wed | Morning | Holy Mass @ MMMS |
| 16 | Thu | Morning | Holy Mass For Fr. Francis Manjaly @ Puthenpeedika |
| | | Afternoon | Presbyteral Council |
| 18 | Sat | Morning | Holy Mass For Fr. Shaju Chirayath @ Kodannur |
| 24 | Fri | Afternoon | SJB Convent Blessing |
| 25 | Sat | Morning | Fourth Child Baptism @ Thiroor |

# നാളാഗമം

**ഏപ്രിൽ 2022**

1. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിക്കുകയും ഡീക്കൻമാർക്ക് ഡീക്കൻമിനിസ്ട്രിയ്ക്കുള്ള സ്ഥലങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് ആൻഡ്രൂസ് പിതാവ് മൗണ്ട് സെന്റ്. തോമസിൽ ദീപികയുടെ ബോർഡ് യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് അഞ്ചേരി കപ്പേളയിൽ നടത്തിയ ഹോം മിഷന്റെ സമാപനത്തിലും ആരാധനയിലും പങ്കെടുത്ത്, അതിനു നേതൃത്വം നൽകിയിരുന്ന നാൽപ്പതോളം സിസ്റ്റേഴ്സിനെ അഭിനന്ദിച്ചു. അതിനു ശേഷം വ്യാകുലമാതാവിന്റെ ബസിലിക്കയിൽ നിന്നു പുറപ്പെടുന്ന പാലയൂർ ജാഗരണ പദയാത്ര ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
2. എരനെല്ലൂർ ഇടവകയിൽ ആൻഡ്രൂസ് പിതാവ് വിശുദ്ധ ബലി അർപ്പിക്കുകയും പുതുതായി നിർമ്മിച്ച സെമിത്തേരി ആശീർവദിക്കുകയും ചെയ്തു. തുടർന്ന് കാൽവരി ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ വച്ച് ഫ്രാൻസിസ്ക്കൻ കോൺഗ്രിഗേഷനുകളുടെ കെ. എഫ്. എഫ്. യു. യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെ

ടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം അരിമ്പൂർ മഠത്തിൽ വച്ച്, മരണമടഞ്ഞ ബഹു. സിസ്റ്റർ ആനി ജോസി എഫ്. സി. സി. യെ അനുസ്മരിച്ച് പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്തു. പിന്നീട് ആൻഡ്രൂസ് പിതാവ് സെന്റ്. മേരീസ് ഐ. ടി. ഐ. യുടെ പുതുതായി നിർമ്മിച്ച ഗ്രോട്ടോയും കെട്ടിടവും വെഞ്ചിരിക്കുകയും യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് സെന്റ്. തോമസ് കോളേജിൽ വച്ച് 'ബൈബിൾ അവാർഡ് ഡേ' ആചരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ താഴത്ത് പിതാവ് ലോഫിന്റെ കുടുംബോൽത്സവത്തെക്കുറിച്ചുള്ള യോഗത്തിൽ സംബന്ധിച്ചു. വൈകീട്ട് പാലയൂർ കൺവെൻഷന്റെ സമാപനത്തിൽ ആൻഡ്രൂസ് പിതാവ് സന്ദേശം നൽകി.

3. പാലയൂർ മഹാതീർത്ഥാടനം അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വി. ബലിയ്ക്കുശേഷം പതാക കൈമാറി ഉദ്ഘാടനം ചെയ്തു. പല സ്ഥലങ്ങളിലെ പദയാത്രകൾ ആൻഡ്രൂസ് പിതാവ് സന്ദർശിക്കുകയും അഭിവാദ്യമർപ്പിക്കുകയും ചെയ്തു. വൈകീട്ടു നടന്ന സമാപനസമ്മേളനത്തിലും ദിവ്യ ബലിയിലും അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് രാവിലെ മുതൽ പാലയൂർ പദയാത്രയിൽ പങ്കെടുത്തു.
4. രാവിലെ ഷെവലിയാർ സി. എൽ. ജോസിന് അദ്ദേഹത്തിന്റെ ഭവനത്തിലെത്തി അഭിവന്ദ്യ താഴത്ത് പിതാവ് നവതി ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് വൈദികവസ്ത്രം സ്വീകരിക്കാനുള്ള വൈദിക വിദ്യാർത്ഥികൾ പിതാവിനെ സന്ദർശിച്ചു. ഉച്ചതിരിഞ്ഞ് ശ്രീമതി ലില്ലി സെബാസ്റ്റ്യന്റെ മൃതദേഹസംസ്ക്കാരത്തിൽ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. അരമനയിൽ വച്ചുനടന്ന അതിരൂപതാ ദിനത്തിന്റെ യോഗത്തിലും പിതാവ് സംബന്ധിച്ചു.
5. അഭിവന്ദ്യ മാർ ടോണി പിതാവ് രാവിലെ കുറ്റൂരിലെ സെന്റ് ആൻസ് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. പത്തുമണിക്ക് മുളയം എസ്. ഒ. എസിൽ ക്ലാസ്സെടുത്തു.
7. പഴുവിൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.
8. തൃശ്ശൂർ അതിരൂപതയിലെ കൂരിയ അംഗങ്ങൾ പാലക്കാടു വച്ചു നടന്ന ഇന്റർ കൂരിയ യോഗത്തിൽ സംബന്ധിച്ചു.
9. അഭിവന്ദ്യ താഴത്ത് പിതാവ് കുമ്പളങ്ങാട് ഇടവകയിൽ ബലിപീഠം കൂദാശചെയ്യുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു. അതിനുശേഷം ആൻഡ്രൂസ് പിതാവ് അന്തരിച്ച ബഹുമാനപ്പെട്ട സെബാ

സ്റ്റ്യൻ വാഴപ്പിള്ളി അച്ചന്റെ മൃതദേഹസംസ്ക്കാരത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് തൃപ്പയാർ കപ്പേളയിലെ അൾത്താര വെഞ്ചിരിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു.

10. ഓശാന ഞായറാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ നേതൃത്വം നൽകി. അതിനുശേഷം പുതുക്കാട് യുവജന സംഗമത്തിൽ പിതാവ് പങ്കെടുത്തു. ഉച്ചതിരിഞ്ഞ്, കുടുംബ കൂട്ടായ്മ യുവജന നേതാക്കളുടെ യോഗം ഡി. ബി. സി. എൽ. സി. യിൽ വെച്ച് പിതാവ് ഉദ്ഘാടനം ചെയ്തു. വൈകീട്ട് കലാസദൻ സംഘടിപ്പിച്ച 'കുളിർ നിലാവ്' എന്ന പരിപാടിയിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് രാവിലെ ഓശാനത്തിരുന്നാളിനോടനുബന്ധിച്ച് തൃശ്ശൂർ പുത്തൻ പള്ളി ബസിലിക്കയിൽ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കുടുംബകൂട്ടായ്മ യുവജനസമ്മേളനത്തിൽ പങ്കെടുത്തു.
11. അഭിവന്ദ്യ താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് വൈദിക വിശുദ്ധീകരണ ദിനം ആചരിക്കുകയും വിശുദ്ധ സൈത്ത് ആശീർവദിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ആൻഡ്രൂസ് പിതാവ് തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ വച്ച് റവന്യൂ കലോത്സവത്തിൽ പങ്കെടുത്തു.
12. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയെയും മറ്റുമന്ത്രിമാരെയും സന്ദർശിച്ചു. മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ സെക്രട്ടറിയേറ്റ് ധർണ അഭിവന്ദ്യ താഴത്ത് പിതാവ് അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് കേരള കത്തോലിക്കാ മലങ്കര സഭയുടെ അധ്യക്ഷനായ മാർ ക്ലിമീസ് പിതാവിനെ സന്ദർശിച്ചു. അഭിവന്ദ്യ മാർ ടോണി പിതാവ് മുല്ലക്കരയിൽ റിന്യൂവൽ സെന്റർ അൾത്താര വെഞ്ചിരിച്ചു.
13. ഉച്ചതിരിഞ്ഞ് വെള്ളാനിക്കോട് നിശ്ചൽ ഷാജുവിന്റെ മൃതദേഹസംസ ്കാരത്തിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു പ്രാർത്ഥിച്ചു.
14. അഭിവന്ദ്യ താഴത്ത് പിതാവ് പെസഹാ വ്യാഴാഴ്ചയിലെ തിരുകർമ്മങ്ങൾക്ക് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നേതൃത്വം നൽകി. തുടർന്ന് 'ഗ്രേസ് ഹോം' സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളുടെ പാദങ്ങൾ കഴുകുകയും പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. അതിനുശേഷം, 'സ്നേഹാലയ'ത്തിലെത്തി അവിടെയുള്ള അന്തേവാസികളെ സന്ദർശിച്ചു. തുടർന്ന് ഇരുപതോളം പള്ളികളിൽ പിതാവ് സന്ദർശനം നടത്തുകയും അവിടുത്തെ ദിവ്യകാരുണ്യ ആരാധനയിൽ പങ്കുചേരുകയും ചെയ്തു. വൈകീട്ട് തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയിലെ

ആരാധനയിൽ സംബന്ധിക്കുകയും യുവജനങ്ങൾ ഒരുക്കിയിരുന്ന ദൃശ്യാവിഷ്കാരം ആസ്വദിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി പിതാവ് പെസഹാവ്യാഴം തിരുക്കർമ്മങ്ങൾ പുത്തൻ പള്ളി ബസിലിക്കയിൽ നടത്തി. പെസഹാ ആരാധനയിൽ ലൂർദ് കത്തീഡ്രലിൽ സമാപനഭാഗത്തിന് നേതൃത്വം നൽകി.

15. ദുഃഖവെള്ളിയാഴ്ചയിലെ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ വ്യാകുല മാതാവിന്റെ ബസിലിക്കയിൽ കാർമികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ബസിലിക്കയിൽ കുരിശിന്റെ വഴി പ്രദക്ഷിണത്തിൽ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് ദുഖവെള്ളി തിരുക്കർമ്മങ്ങൾ ലൂർദ് കത്തീഡ്രലിൽ നടത്തി. അത്താണി പീസ്ഹോമിലെ കുരിശിന്റെ വഴിയിലും മങ്ങാട് ഇടവകയിലെ പരിഹാരപ്രദക്ഷിണത്തിലും പങ്കെടുത്തു.
16. ദുഃഖ ശനിയാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ പിതാവ് കുരിയച്ചിറ ഇടവക ദൈവാലയത്തിൽ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് പ്രായമായ വൈദികർ താമസിക്കുന്ന വൈദിക മന്ദിരങ്ങളിൽ പിതാവ് സന്ദർശനം നടത്തുകയും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ നേരത്തെ ആശംസിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി പിതാവ് ദുഖശനി തുരുക്കർമ്മങ്ങൾ പുത്തുർ ഫൊറോന ദൈവാലയത്തിൽ നടത്തി.
17. അഭിവന്ദ്യ താഴത്ത് പിതാവ് ഉയിർപ്പ് തിരുനാൾ തിരുക്കർമ്മങ്ങൾക്ക് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ കാർമികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി പിതാവ് ഈസ്റ്റർ തിരുക്കർമ്മങ്ങൾ പുത്തൻ പള്ളി ബസിലിക്കയിൽ നടത്തി.
18. മങ്ങാട് പുതുതായി നിർമ്മിച്ച ദൈവാലയം ആൻഡ്രൂസ് പിതാവ് ആശീർവദിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് ഉച്ചക്കുശേഷം പിതാവ് മൗണ്ട് സെൻറ് തോമസ്സിൽ മെത്രാന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് ഒല്ലൂർ ക്വീൻ മേരി കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു. കോലഴി സി. എം. സി. പ്രോവിൻഷ്യൽ ഹൗസിൽ വെസ്റ്റിഷൻ നടത്തി.
19. അതിരൂപതയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഭാഗമായി യൂത്ത് ആനിമേറ്റേഴ്സിനു വേണ്ടിയുള്ള ട്രെയിനിങ്ങ് പ്രോഗ്രാം അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ആൻഡ്രൂസ് പിതാവിന്റെ സാനിധ്യത്തിൽ ബഹുമാനപ്പെട്ട ഗോവൻ ഗവർണർ ശ്രീ. ശ്രീധരൻ പിള്ള അരമനയിൽ സന്ദർശനം നടത്തുകയും തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ വച്ച് ലോക ഹീമോഫീലിയ ദിനം ആചരി

ക്കുകയും ചെയ്തു. അതിനുശേഷം ചുവന്ന മണ്ണിൽ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, സ്നേഹപുരം ഇടവകയിൽ വച്ച് മരണമടഞ്ഞ ബഹുമാനപ്പെട്ട ആന്റണി ഐനിക്കൽ അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അതിനുശേഷം ശാന്തിഭവൻ പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി പിതാവ് മങ്ങാട് ദൈവാലയിത്തിലെ ആദ്യ കുർബ്ബാന സ്വീകരണം നടത്തി.

20. തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാനായി സ്ഥാനമേറ്റ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണകർമ്മത്തിൽ പങ്കെടുത്തു.

21. ദീപികയുടെ 135–ാം വാർഷിക ദിനാഘോഷത്തിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി പിതാവ് രാവിലെ എസ്. എ. ബി. എസ്. നിർമ്മലമാതാ കോൺവെന്റിലും ഉച്ചക്കഴിഞ്ഞ് വില്ലടം പള്ളിയിലും വിശുദ്ധ ബലിയർപ്പിച്ചു.

22. അതിരൂപതയുടെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഭാഗമായി കുട്ടികൾക്കായി സംഘടിപ്പിച്ച 'ഹോളി ചൈൽഡ്ഹുഡ് ക്യാമ്പ്' ആൻഡ്രൂസ് പിതാവ് ഡി. ബി. സി. എൽ. സി. യിൽ വെച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഉപദേശകസമിതിയുടെ മീറ്റിങ്ങിൽ പിതാവ് പങ്കെടുത്തു.

23. പാലക്കാട് രൂപതയുടെ പുതിയ മെത്രാനായി നിയമിതനായ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. ഉച്ചതിരിഞ്ഞ്, കൊട്ടേക്കാട് മഠത്തിൽ വച്ച് ബഹുമാനപ്പെട്ട സിസ്റ്റർ ജസ്റ്റ സി. എം. സി. യുടെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവിന്റെ സ്ഥാനാരോഹണകർമ്മത്തിൽ പങ്കെടുത്തു.

24. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലന പരിപാടിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുക്കുകയും മേരിമാത മേജർ സെമി നാരിയിൽ അവർക്കായി വി. ബലി അർപ്പിക്കുകയും സംവദിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ആന്റണി കുരുതുകുളങ്ങര അച്ചന്റെ പിതാ വിന്റെ വിയോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് അനുശോചിക്കു

കയും പ്രാർത്ഥനാ ശുശ്രൂഷയിൽ സംബന്ധിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് മതബോധന അവാർഡ് ദിനത്തിൽ പങ്കെടുത്ത് അഭിവന്ദ്യ പിതാക്കൻമാർ അവാർഡുകൾ വിതരണം ചെയ്തു. പിന്നീട് ആൻഡ്രൂസ് പിതാവ് വ്യാകുലമാതാവിന്റെ ബസിലിക്കയിൽ വച്ച് സംഘടിപ്പിച്ച വലിയ കുടുംബങ്ങളുടെ സംഗമം 'ല്ഹയിം' ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് വലിയ കുടുംബങ്ങളുടെ സംഗമത്തിൽ വിശുദ്ധ ബലിയർപ്പിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വച്ച് മരണമടഞ്ഞ ബഹു. സിസ്റ്റർ മേരി എസ്. എൻ. ഡി. യ്ക്കുവേണ്ടി വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് ചിയ്യാരം വിജയമാത ഇടവകയിൽ എ. കെ. സി. സി. സംഘടിപ്പിച്ച വയോജനങ്ങളുടെ സംഗമത്തിൽ പിതാവ് സംബന്ധിച്ചു. അതിനുശേഷം ഡി. ബി. സി. എൽ. സി. യിൽ വെച്ച് കൊച്ചച്ചൻമാർക്കുള്ള മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു.

26. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് മറ്റം ഇടവകയിൽ ഡീക്കൻ റെൻസൻ പാണേങ്ങാടന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് പിതാവ് ഗ്രേസ് ഹോമിലെ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി പിതാവ് അത്താണി ഗ്രേസ് ഹോമിലും ലൂർദ് കത്തീഡ്രലിലും മാർ കുണ്ടുകുളം പിതാവിനെ അനുസ്മരിച്ച് വിശുദ്ധ ബലിയർപ്പിച്ചു. എസ്. എ. ബി. എസ്. തൃശ്ശൂർ പ്രോവിൻസിലെ വെസ്റ്റിഷന് നേതൃത്വം നൽകി.

27. ആൻഡ്രൂസ് പിതാവ് ഡി. ബി. സി. എൽ. സി. യിൽ അൾത്താരബാലൻമാരുടെ ക്യാമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അതിനുശേഷം കോലഴിയിൽ വച്ച് ചാരിറ്റി സിസ്റ്റേഴ്സിന്റെ നിത്യവ്രത തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി പിതാവ് പുതുക്കാട് ഫാ. ആന്റണി തെക്കിനിയത്തിന്റെ അനുസ്മരണ ബലിയർപ്പിച്ചു.

28. ഒളരിക്കര ഇടവകയിൽ പീറ്റർ ക്ലാവർ സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.

29. രാവിലെ ആൻഡ്രൂസ് പിതാവ് ജൂനിയർ സി. എൽ. സി. കുട്ടികൾക്കുള്ള ക്യാമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ജൂബിലി നേഴ്സിങ്ങ് കോളേജിൽ നേഴ്സ് ദിനാചരണത്തിലും 'ലാമ്പ് ലൈറ്റിങ്ങ്' ആഘോഷത്തിലും പിതാവ് സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയ്ക്ക് എൻ. എ. ബി. എച്ച്. ലഭിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ശ്രീ. ജോൺ


ബാർലയോടൊപ്പം അഭിവന്ദ്യ താഴത്ത് പിതാവും സംബന്ധിച്ചു. തുടർന്ന് അതിരൂപതയിലെ സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ യോഗത്തിലും ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. കേരള സാഹിത്യ അക്കാദമിയിൽ ഷെവലിയാർ സി. എൽ. ജോസിന് തൃശ്ശൂർ പൗരാവലി നൽകിയ സ്വീകരണത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ടോണി പിതാവ് ആമ്പല്ലൂർ ആനിമേഷൻ സെന്ററിലും മറ്റം വനമാതാവിന്റെ തീർത്ഥാടന കേന്ദ്രത്തിലും വിശുദ്ധ ബലിയർപ്പിച്ചു.

30. രാവിലെ തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. അതിനുശേഷം പൊങ്ങണംകാട് ഇടവകയിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പിതാവ് സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം വൈദികവസ്ത്രം സ്വീകരിക്കുന്ന വൈദികവിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമായി പിതാവ് സംവദിച്ചു. തുടർന്ന് കത്തോലിക്കാ കോൺഗ്രസിന്റെ 104–ാം വാർഷികാഘോഷം അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകീട്ട് പെരുവല്ലൂർ ഇടവയിലെ ജൂബിലി ആഘോഷത്തിൽ പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും, തുടർന്നുനടന്ന യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതിനുശേഷം പോന്നോർ ഇടവകയിൽ സംഘടിപ്പിച്ച യുവജന സംഗമത്തിൽ പിതാവ് പങ്കെടുത്ത് യുവജനങ്ങളുമായി സംവദിച്ചു. അഭിവന്ദ്യ മാർ ടോണി പിതാവ് ഫാ. ജെയ്ക്കബ് ചിറയത്തച്ചന്റെ അനുസ്മരണബലി മരത്താക്കരയിൽ അർപ്പിച്ചു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

### രണ്ടാം ശനിയാഴ്ചാചരണം

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം നടത്തിവരുന്ന രണ്ടാം ശനിയാചരണം മെയ് 14- ാം തിയതി ചൊവ്വന്നൂർ സെന്റ് തോമാസ് പള്ളിയിൽ വച്ച് ആചരിച്ചു. ജപമാല പ്രാർത്ഥനയ്ക്കും ദിവ്യകാരുണ്യാരാധനയ്ക്കും നേതൃത്വം നൽകിയത് വരടിയത്തുള്ള ചാരിറ്റി സന്ന്യാസിനികളായിരുന്നു. പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകിയത് സി എസ് ടി സന്ന്യാസ സമൂഹത്തിലെ റവ. ഫാ. മേലേപറമ്പിൽ കുര്യൻ സി എസ് ടി ആയിരുന്നു. എളിയവനാകുവാനുള്ള വിളിയും എളിയവരെപോലെയാകുവാനുള്ള നൻമയും സ്വന്തമാക്കിയവനാണ് ഊക്കനച്ചൻ എന്നു ഉദ്ഘോഷിച്ചു കൊണ്ടാണ് ബഹു. അച്ചൻ തന്റെ സന്ദേശം ആരം ിച്ചത്.




എളിമ വിനയം എന്നീ ഗുണങ്ങൾ തീരെ കുറവായതും, നാമെല്ലാവരും ആരൊക്കെയൊ ആണെന്ന് ാവിക്കുകയും ചെയ്യുന്ന സമൂഹമധ്യത്തി ലാണ് ഇന്ന് നാം ജീവിക്കുന്നത്. ഇവിടെയാണ് എളിയവനായി വളർന്നു വന്ന ഊക്കനച്ചൻ വേറിട്ടു നിൽക്കുന്നത്. താൻ നടന്നുപോയ വഴികളെ യെല്ലാം അദ്ദേഹം ലളിതങ്ങളാക്കിതീർത്തു. എളിയവരെ ഒന്നിച്ചുചേർത്ത് വലിയവരാക്കി. അതിനാൽ ദൈവം അദ്ദേഹത്തെ ധന്യാത്മാവാക്കിമാറ്റി. എളിമയില്ലാത്തതിന്റെ അഭാവം കുടുംബ ബന്ധങ്ങളേയും ശിഥിലമാ ക്കുമെന്ന് ഊക്കനച്ചൻ തിരിച്ചറിഞ്ഞു. കുടുംബ ജീവിത പ്രശ്നങ്ങളുടെ തുടക്കം നമ്മുടെയൊക്കെ Ego യിലാണ്. ഒന്നു വിട്ടുകൊടുക്കാൻ ഒന്നു ക്ഷമിക്കുവാൻ ആരും തയ്യാറാവുന്നില്ല. ഇതു മനസിലാക്കിയ ഊക്കന ച്ചൻ തന്റെ ജീവിത മാതൃകയിലൂടെ പ്രാർത്ഥനയിലൂടെ പരിശ്രമങ്ങളി ലൂടെ കുടുംബങ്ങളെ ഒന്നിപ്പിച്ചു. സ്ത്രികളെ സുരക്ഷിതരാക്കി, പുരു ഷൻമാരെ സമുദ്ധരിച്ചു. കൂടുമ്പോൾ ഇമ്പമുണ്ടാകേണ്ട സ്ഥലങ്ങളായ കുടുംബങ്ങളെ അദ്ദേഹം സഹായിച്ചു, ഏകീകരിച്ചു, ആശ്വസിപ്പിച്ചു, കഷ്ടതകളിൽ നിന്ന് കരകയറ്റി. അതിനാൽ ഈ ധന്യത്മാവിൽ നിന്ന് നേടിയ നൻമകൾ നമ്മുടെ ഓർമ്മയിൽ എന്നുമുണ്ടാകണം . നമ്മു ടേയും ജീവിതങ്ങളിലൂടെ നൻമകൾ അനേകരിലേക്ക് ഒഴുകണം. അതി നായി പ്രാർത്ഥനാപൂർവ്വം ജീവിതത്തെ നോക്കികാണണം. ഊക്കനച്ചന്റെ കബറിടം സ്ഥിതിചെയ്യുന്നത് തന്നെ ഈ നാടിന് ഒരനുഗ്രഹമാണ്. അതി നാൽ ഓരോ രണ്ടാം ശനിയാചരണവും നൻമയിൽ അ ിവൃദ്ധിപ്പെടുവാ നുള്ള അവസരങ്ങളായിത്തീരട്ടെ ! ഈ പുണ്യാത്മാവ് അതിന് നമ്മെ പ്രചോദിപ്പിക്കട്ടെ ! ബഹു. കുര്യനച്ചൻ പറഞ്ഞു നിർത്തി.

വിശുദ്ധ കർമ്മങ്ങളെത്തുടർന്ന് നേർച്ച ഊട്ട് ഉണ്ടായിരുന്നു. മെയ് മാസ ത്തിലെ ആചരണം ഏറ്റെടുത്ത് നടത്തിയത് വടക്കൻ ലൂവിസ് ജോജൻ ഫാമിലിയാണ്. വരടിയം ഇടവകയിൽ നിന്നുള്ള വിശ്വാസികളുടെ സാന്നി ധ്യവും പരിപാടികൾക്ക് ശോഭ നൽകി എല്ലാവർക്കും വികാരി റവ. ഫാ. ജോജോ എടത്തിരുത്തി നന്ദി പറയുകയും ചെയ്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

## 59–ാം ശ്രാദ്ധാചരണം



ദൈവദാസന്റെ 59 –ാം ശ്രാദ്ധാചരണം 2022 ജൂൺ 9ന് ആചരിക്കുന്നു. ജൂൺ 1 മുതൽ 9 വരെയുള്ള പരിപാടികൾ ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ വച്ച് നടക്കും. മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ പിതാക്കന്മാർ വിവിധ ദിനങ്ങളിലെ പരിപാടികളിൽ പങ്കെടുക്കും. ശ്രാദ്ധദിനത്തിൽ രാവിലെ 10 മണിക്കുള്ള റാസക്കുർബാനയ്ക്ക് അച്ചന്റെ ജന്മസ്ഥലമായ കോട്ടാറ്റിലെ വികാരി റവ.ഫാ. ആന്റണി തെക്കിനിയത്ത് നേതൃത്വം നൽകും. വൈസ് പോസ്റ്റുലേറ്റർ ഫാ.ഡോ. പോൾ പുളിക്കൻ സന്ദേശം നൽകും. തിരുക്കർമ്മ

ങ്ങൾക്കു ശേഷം നേർച്ച  ക്ഷണം ഉണ്ടായിരിക്കും. ചേലക്കര വികാരി വെ.റവ.ഫാ. ജോൺസൺ ഒലക്കേങ്കിൽ, അസി. വികാരി ഫാ. മേജോ മങ്ങാട്ടിളയൻ, ജനറൽ കൺവീനർ ശ്രീ ജോൺസൺ വടക്കൂട്ട് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ശ്രാദ്ധാചരണത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

അന്തോണിയച്ചൻ ചേലക്കരയിലും മുള്ളൂർക്കരയിലും വികാരിയായിരുന്നു. അച്ചന്റെ പുണ്യയാത്രകളെ അനുസ്മരിച്ച് വർഷം തോറും നടത്തുന്ന തീർത്ഥാടന പദയാത്ര 5.6.2022 ഞായർ 3 മണിക്ക് മുള്ളൂർക്കര നിന്ന് ആരംഭിച്ച് ചേലക്കരയിൽ സമാപിക്കും.

അച്ചന്റെ മാദ്ധ്യസ്ഥം തേടി നമ്മുടെ യാചനകൾ സമർപ്പിക്കാം

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

## പാസ്റ്ററൽ കൗൺസിൽ യോഗം

18–ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം യോഗം 2022 ജൂൺ 4 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.30 വരെ ഫാമിലി അപ്പസ്റ്റോലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പാസ്റ്ററൽ കൗൺസിലെ എല്ലാ അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുമല്ലോ.

ചർച്ചാവിഷയം :
“സമകാലികസഭ – ചില പ്രതികരണങ്ങൾ”

ഫാ. ഡൊമിനിക് തലക്കോടൻ
ജനറൽ സെക്രട്ടറി

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 01 |
| ഫാ. വർഗ്ഗീസ് തരകൻ | 01 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 03 |
| ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 06 |
| ഫാ. അജിത്ത് ചിറ്റിലപ്പിള്ളി | 07 |
| ഫാ. തോമസ് എടക്കളത്തൂർ | 07 |
| ഫാ. ജിബിൻ താഴേക്കാടൻ | 07 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 08 |
| ഫാ. അജീഷ് പെരിഞ്ചേരി | 08 |
| ഫാ. ജിക്സൺ മാളോക്കാരൻ | 09 |
| ഫാ. പ്രിൻസ് നായങ്കര | 09 |
| ഫാ. ആന്റോ പാണേങ്ങാടൻ | 10 |
| ഫാ. തോമസ് പൂപ്പാടി | 12 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 13 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി | 14 |
| ഫാ. ജോബി പുത്തൂർ | 16 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 17 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 17 |
| ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ | 18 |
| ഫാ. ഫെബിൻ കൂത്തൂർ | 18 |
| ഫാ. ടിന്റോ തലോണിക്കര | 18 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 19 |
| ഫാ. പോൾ ചാലിശ്ശേരി | 20 |
| ഫാ. നോബി അമ്പൂക്കൻ | 22 |
| ഫാ. പോൾ മാളിയമ്മാവ് | 23 |
| ഫാ. ഡേവിസ് തെക്കേക്കര | 24 |
| ഫാ. ദാവീദ് വിതയത്തിൽ | 24 |
| ഫാ. യേശുദാസ് നെടുമ്പക്കാരൻ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 29 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജസ്റ്റിൻ തടത്തിൽ | 01 |
| ഫാ. ഫിജോ ആലപ്പാടൻ | 13 |
| ഫാ. ആന്റണി ആലുക്ക | 13 |
| ഫാ. ആന്റണി അമ്മുത്തൻ | 13 |
| ഫാ. ബാബു അപ്പാടൻ | 13 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 13 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 13 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 13 |
| ഫാ. ലിബിൻ ചെമ്മണ്ണൂർ | 13 |
| ഫാ. ആന്റോ ചിറയത്ത് | 13 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. അജിത്ത് ചിറ്റിലപ്പിള്ളി | 13 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 13 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി Sr. | 13 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr. | 13 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Jr. | 13 |
| ഫാ. ആന്റോ എടക്കുളത്തൂർ | 13 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 13 |
| ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ | 13 |
| ഫാ. സിജോ കാട്ടൂക്കാരൻ | 13 |
| ഫാ. സോണി കിഴക്കൂടൻ | 13 |
| ഫാ. രാജു കൊക്കൻ | 13 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 13 |
| ഫാ. ജോയ് കൊള്ളന്നൂർ | 13 |
| ഫാ ആന്റണി കൊള്ളന്നൂർ | 13 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 13 |
| ഫാ. ഫെക്സിൻ കൂത്തൂർ | 13 |
| ഫാ. ഫെബിൻ കൂത്തൂർ | 13 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 13 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 13 |
| ഫാ. ജിക്സൺ മാളോക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |

ഫാ. ജോമോൻ മങ്ങാട്ടിലയൻ 13
ഫാ. ഷിജോ മാപ്രാണത്തുക്കാരൻ 13
ഫാ. ഡെന്നിസ് മാറോക്കി 13
ഫാ. സാജൻ മാറോക്കി 13
ഫാ. ആന്റണി മേച്ചേരിപ്പിടി 13
ഫാ. ആന്റണി മേച്ചേരി 13
ഫാ. ആന്റണി മേനാച്ചേരി 13
ഫാ. മേജോ മുത്തുപ്പീടിക 13
ഫാ. യേശുദാസ് നെടുമ്പക്കാരൻ 13
ഫാ. ആൻസൺ നീലങ്കാവിൽ 13
ഫാ. ആന്റോ ഒല്ലൂക്കാരൻ 13
ഫാ. ആന്റോ പാണേങ്ങാടൻ 13
ഫാ. ബിനു പറോക്കാരൻ 13
ഫാ. ജിന്റോ പെരേപ്പാടൻ 13
ഫാ. സിജു പുളിക്കൻ 13
ഫാ. ആന്റോ രായപ്പൻ 13
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. റോജർ തരകൻ 13
ഫാ. ആന്റണി തേക്കാനത്ത് 13
ഫാ. ഷാജു ഊക്കൻ 13
ഫാ. സാജൻ വടക്കൻ 13
ഫാ. ടോണി വാഴപ്പിള്ളി 13
ഫാ. ലൂവീസ് എടക്കളത്തൂർ 21
ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി 24
ഫാ. നവീൻ മുരിങ്ങാത്തേരി 24
ഫാ. ഹാഡ്‌ലി നീലങ്കാവിൽ 24
ഫാ. ജോൺസൻ ഒലക്കേങ്കിൽ 24
ഫാ. ഷിന്റോ പാറയിൽ 24
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. ജാക്സൺ പേരാമംഗലം 24
ഫാ. സാജൻ പിണ്ടിയാൻ 24
ഫാ. ഡെമിൻ തറയിൽ 24
ഫാ. പോൾ അറക്കൽ 29
ഫാ. പോൾ ചാലിശ്ശേരി 29
ഫാ. ഡഗ്ലസ് ചെറുവത്തൂർ 29
ഫാ. ജീൻ ചിറയത്ത് 29

| | |
|---|---|
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 29 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ജോമോൻ ഇമ്മട്ടി | 29 |
| ഫാ. പോൾ കള്ളിക്കാടൻ | 29 |
| ഫാ. പോൾ കാപ്പാനി | 29 |
| ഫാ. പോൾ കാട്ടൂക്കാരൻ | 29 |
| ഫാ. ജോയ്സൻ കോരെത് | 29 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 29 |
| ഫാ. പോൾ മാളിയമ്മാവ് | 29 |
| ഫാ. ബിനോയ് മഞ്ഞളി | 29 |
| ഫാ. ഷിന്റോ മാറോക്കി | 29 |
| ഫാ. പോൾ മുട്ടത്ത് | 29 |
| ഫാ. പോളി നീലങ്കാവിൽ | 29 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 29 |
| ഫാ. പോൾ പയ്യപ്പിള്ളി | 29 |
| ഫാ. പോൾ പേരാമംഗലത്ത് | 29 |
| ഫാ. വിൽസൺ പിടിയത്ത് | 29 |
| ഫാ. പോൾ പിണ്ടിയാൻ | 29 |
| ഫാ. പോൾ പുളിക്കൻ | 29 |
| ഫാ. സിജോ പുത്തൂർ | 29 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 29 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 29 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 29 |
| ഫാ. ജോമോൻ താണിക്കൽ | 29 |
| ഫാ. പോൾ താണിക്കൽ | 29 |
| ഫാ. ജെൻസ് തട്ടിൽ | 29 |
| ഫാ. പോൾസൺ തട്ടിൽ | 29 |
| ഫാ. പോൾ തേക്കാനത്ത് | 29 |
| ഫാ. സൈമൺ തേർമഠം | 29 |
| ഫാ. സിബിൻ ഊക്കൻ | 29 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 29 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. യോഹന്നാൻ വാഴപ്പിള്ളി | 06.06.1895 |
| ഫാ. വർഗ്ഗീസ് പാറേക്കാട്ടിൽ | 08.06.1914 |
| ഫാ. അലക്സാണ്ടർ കൈയ്യാലകം | 07.06.1934 |
| ഫാ. ജോർജ്ജ് ഊക്കൻ | 28.06.1945 |
| ഫാ. ജോസഫ് പുല്ലോക്കാരൻ | 24.06.1952 |
| ഫാ. ഫ്രാൻസിസ് എളങ്കുന്നപ്പുഴ | 26.06.1953 |
| ഫാ. തോമസ് പാനികുളം | 26.06.1953 |
| ഫാ. ആന്റണി തച്ചുപറമ്പിൽ | 09.06.1963 |
| ഫാ. ജോസഫ് വിതയത്തിൽ | 08.06.1964 |
| ഫാ. ജോസഫ് കല്ലിങ്കൽ | 18.06.1971 |
| ഫാ. തോമസ് മാളിയേക്കൽ | 28.06.1978 |
| ഫാ. പോൾ ചാലിശ്ശേരി | 26.06.1982 |
| ഫാ. ജോൺ കുറ്റിക്കാട്ട് | 25.06.1983 |
| ഫാ. പീറ്റർ ആളൂർ | 07.06.1990 |
| ഫാ. പോൾ ചാഴൂർ | 18.06.1993 |
| ഫാ. പോൾ മഞ്ഞളി | 20.06.1995 |
| മോൺ. എഫ്രേം പാലത്തിങ്കൽ | 14.06.1998 |
| ഫാ. അൽഫോൻസ് പുലിക്കോട്ടിൽ | 27.06.2011 |
| ഫാ. സിറിയക് മണ്ടുംപാല | 27.06.2014 |
| ഫാ. പോൾ വട്ടക്കുഴി | 30.06.2016 |
| ഫാ. പോൾ പുലിക്കോട്ടിൽ | 01.06.2021 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 09.06.2021 |

## ആദരാഞ്ജലികൾ



# റവ. ഫാ. ഷാജു ചിറയത്ത് (52)

അജപാലനരംഗത്തും വിദ്യാഭ്യാസരംഗത്തും തനിമയാർന്ന സംഭാവനനല്കി പൗരോഹിത്യശുശ്രൂഷാമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ വൈദികനായ റവ. ഫാ. ഷാജു ചിറയത്ത് 2022 മെയ് മാസം 8–ാം തീയതി ഉച്ചകഴിഞ്ഞ് 3.45ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപത കോടന്നൂർ ഇടവകയിലെ ചിറയത്ത് വർഗ്ഗീസ് + അന്നമ്മ ദമ്പതികളുടെ മകനായി 1969 ഡിസംബർ 10 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1999 ഡിസംബർ 29ന് മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ ശുശ്രൂഷപൗരോഹിത്യത്തിൽ “ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് മോചനദ്രവ്യമാകാനും'' എന്ന ആപ്തവാക്യവുമായി ദൈവജനത്തിനായി തൃശ്ശൂർ ബസിലിക്ക, എരുമപ്പെട്ടി, നെല്ലിക്കുന്ന് എന്നീ ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം ചെമ്മണ്ണൂർ, വെള്ളറക്കാട്, മുല്ലക്കര, ചാഴൂർ, ഗുരുവായൂർ എന്നിവിടങ്ങളിൽ വികാരിയായും ആർത്താറ്റ് ഹോളി

ക്രോസ് സ്കൂൾ, കുരിയച്ചിറ സെ. ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ സെ. ജോസഫ് മോഡൽ പബ്ലിക് സ്കൂൾ എന്നിവയുടെ പ്രിൻസിപ്പൽ, മഹാജൂബിലി ട്രെയിംനിംഗ് കോളേജിലെ ലക്ചറർ, വിവിധ സ്കൂ ളുകളിലെ അദ്ധ്യാപകൻ എന്നീ നിലകളിലും സേവനമനുഷ്ഠി ച്ചിട്ടുണ്ട്.

2020 ജനുവരി 31 മുതൽ ആരോഗ്യപരമായ കാരണങ്ങളാൽ ചികിത്സാർത്ഥം വൈദിക മന്ദിരമായ വിയാനി ഹോമിലും പിന്നീട് സെ. ജോസഫ് വൈദിക മന്ദിരത്തിലും വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം 2022 മെയ് 9–ാം തീയതി തിങ്കളാഴ്ച്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.30 വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ പൊതുദർശനത്തിന് വെച്ചു. തുടർന്ന് മൃതദേഹം കോടന്നൂർ ഇടവക യിലെ പിതൃവസതിയിൽ (കോടന്നൂർ ചിറയത്ത് അന്തോണി വർഗ്ഗീസ്) രാവിലെ 9.15 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ പൊതുദർശനത്തിന് വച്ചു. ശേഷം ഉച്ചകഴിഞ്ഞ് 1.30–ന് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാ വിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. 2:30ന് കോടന്നൂർ ഇടവക ദൈവാലയത്തിൽ നടന്ന മൃതസംസ്കാരശുശ്രൂഷ യുടെ രണ്ടാം ഭാഗത്തിന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികനായിരുന്നു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലി യർപ്പിച്ചു. ഫാ. ജോജു പനക്കൽ അനുസ്മരണസന്ദേശം നൽകി. മൃത സംസ്കാരശുശ്രൂഷയുടെ നാലാം ഭാഗത്തിന് മാർ ആൻഡ്രൂസ് താഴത്ത് പിതാവും സെമിത്തേരിയിലെ സമാപന ശുശ്രൂഷകൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവും കാർമികത്വം വഹിച്ചു.

**കർത്താവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേർന്ന് ദൈവജനത്തിനായി തന്റെ സമയവും ജീവിതവും വ്യയം ചെയ്ത് സ്വർഗ്ഗീയസമ്മാനത്തിനായി വിളിക്കപ്പെട്ട ചിറയത്ത് ബഹു. ഷാജു അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലി!!!**

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം പാലയൂർ

1. ദുക്റാന തർപ്പണ തിരുനാളിന് ഒരുങ്ങി പാലയൂർ തീർത്ഥകേന്ദ്രം. മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെയും പ്രധാന തിരുനാളായ തർപ്പണ തിരുനാളിന്റെയും പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 ജൂലായ് 3 ഞായറാഴ്ച ദുക്റാന തിരുനാളും ജൂലായ് 16, 17 ശനി, ഞായർ ദിവസങ്ങളിൽ തർപ്പണ തിരുനാളും ആഘോഷിക്കുന്നു.
2. പാലയൂർ തീർത്ഥകേന്ദ്രത്തിൽ വിശുദ്ധ വാര തിരുകർമ്മങ്ങൾ ഭക്തിസാന്ദ്രമായി. ഓശാന ഞായർ തിരുകർമ്മങ്ങൾ തളിയക്കുള കപ്പേളയിൽ ആരംഭിച്ച് പ്രദക്ഷിണമായി തീർത്ഥകേന്ദ്രത്തിലെത്തി ചേർന്നു. പെസഹാ തിരുകർമ്മങ്ങളും കാൽകഴുകൽശുശ്രൂഷയും ദിവ്യകാരുണ്യ പ്രദക്ഷിണവും ആരാധനയും പെസഹാ ഊട്ടും അപ്പം മുറിക്കൽ ശുശ്രൂഷയും തീർത്ഥകേന്ദ്രത്തിൽ നടന്നു. തിരുകർമ്മങ്ങൾക്ക് ആർച്ച് പ്രീസ്റ്റ് റവ ഡോ ഡേവിസ് കണ്ണമ്പുഴ മുഖ്യ കാർമ്മികത്വം വഹിച്ചു. റവ ഫാ. സജി കീഴക്കേകര TOR ദു:ഖവെള്ളി സന്ദേശം നൽകി. യേശുവിന്റെ പീഢാനുഭവത്തിന്റെയും കുരിശു മരണത്തിന്റെയും സ്മരണകൾ പുതുക്കി ദു:ഖവെള്ളി ആചരിച്ചു. ദേവാലയത്തിലെ തിരുകർമ്മങ്ങൾക്കു ശേഷം വൈകീട്ട് ദേവാലയത്തിന് പുറത്ത് കുരിശിന്റെ വഴി പരിഹാര പ്രദക്ഷിണവും ചാവക്കാട് നഗരത്തിലേക്ക് നഗരി കാണിക്കൽ പ്രദക്ഷിണവും നടന്നു. മരണത്തിൽ നിന്നും ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ ഉയിർപ്പു തിരുനാൾ പാലയൂർ തീർത്ഥകേന്ദ്രത്തിൽ മനോഹരമായി ആഘോഷിച്ചു. തിരുനാളുകളുടെ തിരുനാളായാണ് ഈസ്റ്ററിനെ കത്തോലിക്കാ സഭ കാണുന്നത്. തിരുകർമ്മങ്ങൾക്ക് ആർച്ച് പ്രീസ്റ്റ് റവ. ഡോ. ഡേവിസ് കണ്ണമ്പുഴ മുഖ്യ കാർമ്മികത്വം വഹിക്കുകയും ഈസ്റ്റർ ദിന സന്ദേശം നൽകുകയും ചെയ്തു. സഹ വികാരി റവ ഫാ. മിഥുൻ വാടക്കേത്തല, റവ ഫാ. ജോജോ ചക്കുംമൂട്ടിൽ TOR എന്നിവർ സഹകാർമ്മികരായി.
3. പുതുഞായർ തിരുനാൾ ആഘോഷിച്ചു. തളിയക്കുളക്കരയിലെ കപ്പേളയിൽ നടന്ന പുതുഞായർ തിരുനാൾ മുഖ്യ ദിവ്യബലിക്കും മറ്റു തിരുകർമ്മങ്ങൾക്കും തിരുനാൾ പ്രദക്ഷിണത്തിനും ആർച്ച് പ്രീസ്റ്റ് റവ ഡോ ഡേവിസ് കണ്ണമ്പുഴ മുഖ്യ കാർമ്മികത്വം വഹിച്ചു. അന്നേ ദിവസം തളിയക്കുളത്തിൽ കുഞ്ഞുങ്ങൾക്ക് സമൂഹ മമോദീസ നൽകി.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# സാമ്പത്തിക കാര്യാലയം

## 1. തെരട്ട് സമർപ്പിക്കൽ

2022 ആഗസ്റ്റ് 1 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടു വരേണ്ടത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 1. ലൂർദ്ദ് ഫൊറോന | | |
|---|---|---|
| 1. ലൂർദ്ദ് കത്തീഡ്രൽ | ആഗസ്റ്റ് 1 | 10.00 am |
| 2. മാടക്കത്തറ | ആഗസ്റ്റ് 1 | 10.00 am |
| 3. കുണ്ടുകാട് | ആഗസ്റ്റ് 1 | 11.00 am |
| 4. പുല്ലംകണ്ടം | ആഗസ്റ്റ് 1 | 11.00 am |
| 5 മഡോണ നഗർ | ആഗസ്റ്റ് 1 | 12.00 noon |
| 6. മണ്ണുത്തി | ആഗസ്റ്റ് 1 | 12.00 noon |
| 7. മരിയാപുരം | ആഗസ്റ്റ് 2 | 10.00 am |
| 8. മുക്കാട്ടുകര | ആഗസ്റ്റ് 2 | 10.00 am |
| 9. മുല്ലക്കര | ആഗസ്റ്റ് 2 | 11.00 am |
| 10.നടത്തറ | ആഗസ്റ്റ് 2 | 11.00 am |
| 11.നെല്ലങ്കര | ആഗസ്റ്റ് 2 | 12.00 noon |
| 12.നെല്ലിക്കുന്ന് | ആഗസ്റ്റ് 2 | 12.00 noon |

| | | |
|---|---|---|
| 13.ഒല്ലൂക്കര | ആഗസ്റ്റ് 3 | 10.00 am |
| 14.പറവട്ടാനി | ആഗസ്റ്റ് 3 | 10.00 am |
| 15.പൊങ്ങണംകാട് | ആഗസ്റ്റ് 3 | 11.00 am |
| 16.പൂങ്കുന്നം | ആഗസ്റ്റ് 3 | 11.00 am |
| 17.വിജയപുരം | ആഗസ്റ്റ് 3 | 12.00 noon |
| 18.വില്ലടം | ആഗസ്റ്റ് 3 | 12.00 noon |
| 19.ചെമ്പൂക്കാവ് | ആഗസ്റ്റ് 3 | 12.00 noon |

**02. ഡോളേഴ്സ് ഫൊറോന**

| | | |
|---|---|---|
| 1. ഡോളേഴ്സ് ബസിലിക്ക | ആഗസ്റ്റ് 4 | 10.00 am |
| 2. അരണാട്ടുകര | ആഗസ്റ്റ് 4 | 10.00 am |
| 3. അയ്യന്തോൾ | ആഗസ്റ്റ് 4 | 11.00 am |
| 4. ചേറ്റുപുഴ | ആഗസ്റ്റ് 4 | 11.00 am |
| 5. ചിയ്യാരം(സേവനാലയം) | ആഗസ്റ്റ് 4 | 12.00 noon |
| 6. എൽത്തുരുത്ത് | ആഗസ്റ്റ് 4 | 12.00 noon |
| 7. കണ്ണംകുളങ്ങര | ആഗസ്റ്റ് 5 | 10.00 am |
| 8. കുരിയച്ചിറ | ആഗസ്റ്റ് 5 | 10.00 am |
| 9. നെടുപുഴ | ആഗസ്റ്റ് 5 | 11.00 am |
| 10.നെഹ്റു നഗർ | ആഗസ്റ്റ് 5 | 11.00 am |
| 11.നിർമ്മലപുരം | ആഗസ്റ്റ് 5 | 12.00 noon |
| 12.ഒളരിക്കര | ആഗസ്റ്റ് 5 | 12.00 noon |
| 13.പനമുക്ക് | ആഗസ്റ്റ് 8 | 10.00 am |
| 14.പുല്ലഴി | ആഗസ്റ്റ് 8 | 10.00 am |
| 15.സെന്റ് ആൻസ് | ആഗസ്റ്റ് 8 | 11.00 am |
| 16.വടൂക്കര | ആഗസ്റ്റ് 8 | 11.00 am |
| 17.പൂത്തോൾ | ആഗസ്റ്റ് 8 | 12.00 noon |

**03. ചേലക്കര ഫൊറോന**

| | | |
|---|---|---|
| 1. ചേലക്കര | ആഗസ്റ്റ് 9 | 10.00 am |
| 2. ചെറുതുരുത്തി | ആഗസ്റ്റ് 9 | 10.00 am |
| 3. എളനാട് | ആഗസ്റ്റ് 9 | 11.00 am |
| 4.കിള്ളിമംഗലം | ആഗസ്റ്റ് 9 | 11.00 am |
| 5. മണലാടി | ആഗസ്റ്റ് 9 | 12.00 noon |
| 6. മായന്നൂർ | ആഗസ്റ്റ് 9 | 12.00 noon |
| 7. മുള്ളൂർക്കര | ആഗസ്റ്റ് 10 | 10.00 am |
| 8. പങ്ങാരപ്പിള്ളി | ആഗസ്റ്റ് 10 | 10.00 am |
| 9.പറക്കാട് | ആഗസ്റ്റ് 10 | 11.00 am |

| | | |
|---|---|---|
| 10.പഴയന്നൂർ | ആഗസ്റ്റ് 10 | 11.00 am |
| 11. തിരുവില്വാമല | ആഗസ്റ്റ് 10 | 11.00 am |

## 04. എരുമപ്പെട്ടി ഫൊറോന

| | | |
|---|---|---|
| 1. എരുമപ്പെട്ടി | ആഗസ്റ്റ് 10 | 12.00 noon |
| 2. കടങ്ങോട് | ആഗസ്റ്റ് 10 | 12.00 noon |
| 3. ആറ്റത്ര | ആഗസ്റ്റ് 11 | 10.00 am |
| 4. ചൊവ്വന്നൂർ | ആഗസ്റ്റ് 11 | 10.00 am |
| 5. ഇയ്യാൽ | ആഗസ്റ്റ് 11 | 11.00 am |
| 6. മങ്ങാട് | ആഗസ്റ്റ് 11 | 11.00 am |
| 7. പാറേമ്പാടം | ആഗസ്റ്റ് 11 | 11.00 am |
| 8. പതിയാരം | ആഗസ്റ്റ് 11 | 12.00 noon |
| 9. പാത്രമംഗലം | ആഗസ്റ്റ് 11 | 12.00 noon |
| 10.പുതുരുത്തി | ആഗസ്റ്റ് 12 | 10.00 am |
| 11.വെള്ളറക്കാട് | ആഗസ്റ്റ് 12 | 10.00 am |
| 12.ചേങ്ങോട് | ആഗസ്റ്റ് 12 | 11.00 am |
| 13.മരത്തംകോട് | ആഗസ്റ്റ് 12 | 11.00 am |

## 05. കണ്ടശ്ശാംകടവ് ഫൊറോന

| | | |
|---|---|---|
| 1 .കണ്ടശ്ശാംകടവ് | ആഗസ്റ്റ് 12 | 12.00 noon |
| 2. കാരമുക്ക് നോർത്ത് | ആഗസ്റ്റ് 12 | 12.00 noon |
| 3. അരിമ്പൂർ | ആഗസ്റ്റ് 16 | 10.00 am |
| 4. മനക്കൊടി | ആഗസ്റ്റ് 16 | 11.00 am |
| 5. ഏനാമ്മാവ് | ആഗസ്റ്റ് 16 | 11.00 am |
| 6. കോഞ്ചിറ | ആഗസ്റ്റ് 16 | 12.00 noon |
| 7. ഏങ്ങണ്ടിയൂർ | ആഗസ്റ്റ് 16 | 12.00 noon |
| 8. എറവ് | ആഗസ്റ്റ് 17 | 10.00 am |
| 9. കാഞ്ഞാണി | ആഗസ്റ്റ് 17 | 10.00 am |
| 10. കാരമുക്ക് | ആഗസ്റ്റ് 17 | 11.00 am |
| 11. മണലൂർ ഈസ്റ്റ് | ആഗസ്റ്റ് 17 | 11.00 am |
| 12. കെട്ടുങ്ങൽ | ആഗസ്റ്റ് 17 | 12.00 noon |
| 13. മണലൂർ വെസ്റ്റ് | ആഗസ്റ്റ് 17 | 12.00 noon |
| 14. മുല്ലശ്ശേരി | ആഗസ്റ്റ് 18 | 10.00 am |
| 15. നോർത്ത് പുതുക്കാട് | ആഗസ്റ്റ് 18 | 10.00 am |
| 16. തൊയക്കാവ് | ആഗസ്റ്റ് 18 | 11.00 am |
| 17. തളിക്കുളം | ആഗസ്റ്റ് 18 | 11.00 am |
| 18.വാടാനപ്പിള്ളി | ആഗസ്റ്റ് 18 | 12.00 noon |

| | | |
|---|---|---|
| 19. വെളുത്തൂർ | ആഗസ്റ്റ് 18 | 12.00 noon |

| 06 .കൊട്ടേക്കാട് ഫൊറോന | | |
|---|---|---|
| 1. കൊട്ടേക്കാട് | ആഗസ്റ്റ് 19 | 10.00 am |
| 2. പോട്ടോർ | ആഗസ്റ്റ് 19 | 10.00 am |
| 3 .കൊളങ്ങാട്ടുകര | ആഗസ്റ്റ് 19 | 10.00 am |
| 4. കുറ്റൂർ | ആഗസ്റ്റ് 19 | 11.00 am |
| 5. ചൂലിശ്ശേരി | ആഗസ്റ്റ് 19 | 11.00 am |
| 6. മുണ്ടൂർ | ആഗസ്റ്റ് 19 | 12.00 noon |
| 7 പാപ്പാനഗർ | ആഗസ്റ്റ് 19 | 12.00 noon |
| 8 പേരാമംഗലം | ആഗസ്റ്റ് 22 | 10.00 am |
| 9. വളപ്പായ | ആഗസ്റ്റ് 22 | 10.00 am |
| 10. വരടിയം | ആഗസ്റ്റ് 22 | 11.00 am |
| 11. അവണൂർ | ആഗസ്റ്റ് 22 | 11.00 am |
| 12. വിയ്യൂർ | ആഗസ്റ്റ് 22 | 12.00 noon |

| 07. മറ്റം ഫൊറോന | | |
|---|---|---|
| 1. മറ്റം | ആഗസ്റ്റ് 23 | 10.00 am |
| 2. മറ്റം പിൽഗ്രിം സെന്റർ | ആഗസ്റ്റ് 23 | 10.00 am |
| 3. കണ്ടാണശ്ശേരി | ആഗസ്റ്റ് 23 | 11.00 am |
| 4. വാക | ആഗസ്റ്റ് 23 | 11.00 am |
| 5. ആളൂർ | ആഗസ്റ്റ് 23 | 11.00 am |
| 6. നമ്പഴിക്കാട് | ആഗസ്റ്റ് 23 | 12.00 noon |
| 7. കുന്ദംകുളം | ആഗസ്റ്റ് 23 | 12.00 noon |
| 8. ചിറ്റാട്ടുകര | ആഗസ്റ്റ് 24 | 10.00 am |
| 9. ചൂണ്ടൽ | ആഗസ്റ്റ് 24 | 10.00 am |
| 10. എളവള്ളി | ആഗസ്റ്റ് 24 | 11.00 am |
| 11. കൂനംമൂച്ചി | ആഗസ്റ്റ് 24 | 11.00 am |
| 12. പുതുശ്ശേരി | ആഗസ്റ്റ് 24 | 11.00 am |
| 13. പഴുന്നാന | ആഗസ്റ്റ് 24 | 12.00 noon |
| 14. കിഴക്കേ ആളൂർ | ആഗസ്റ്റ് 24 | 12.00 noon |

| 08. ഒല്ലൂർ ഫൊറോന | | |
|---|---|---|
| 1. ഒല്ലൂർ | ആഗസ്റ്റ് 25 | 10.00 am |
| 2. അഞ്ചേരി | ആഗസ്റ്റ് 25 | 10.00 am |
| 3. അവിണിശ്ശേരി | ആഗസ്റ്റ് 25 | 11.00 am |
| 4. ഗലീലി, (ചിയ്യാരം) | ആഗസ്റ്റ് 25 | 11.00 am |
| 5. അമ്മാടം | ആഗസ്റ്റ് 25 | 12.00 noon |

| | | |
|---|---|---|
| 6. കോടന്നൂർ | ആഗസ്റ്റ് 25 | 12.00 noon |
| 7. മരത്താക്കര | ആഗസ്റ്റ് 26 | 10.00 am |
| 8. പടവരാട് | ആഗസ്റ്റ് 26 | 10.00 am |
| 9. പാലക്കൽ | ആഗസ്റ്റ് 26 | 11.00 am |
| 10. പല്ലിശ്ശേരി | ആഗസ്റ്റ് 26 | 11.00 am |
| 11.പനംകുളം | ആഗസ്റ്റ് 26 | 12.00 noon |
| 12. പെരിഞ്ചേരി | ആഗസ്റ്റ് 26 | 12.00 noon |
| 13.പുത്തറക്കൽ | ആഗസ്റ്റ് 29 | 10.00 am |
| 14. പുലക്കാട്ടുകര | ആഗസ്റ്റ് 29 | 10.00 am |
| 15 തൈക്കാട്ടുശ്ശേരി | ആഗസ്റ്റ് 29 | 11.00 am |
| 16. തലോർ | ആഗസ്റ്റ് 29 | 11.00 am |
| 17.വല്ലച്ചിറ | ആഗസ്റ്റ് 29 | 12.00 noon |
| 18. വെങ്ങിണിശ്ശേരി | ആഗസ്റ്റ് 29 | 12.00 noon |
| 19. ചിയ്യാരം(വിജയ മാതാ) | ആഗസ്റ്റ് 30 | 10.00 am |
| 20. കോനിക്കര | ആഗസ്റ്റ് 30 | 10.00 am |
| 21. ഒല്ലൂർ മേരിമാത | ആഗസ്റ്റ് 30 | 11.00 am |

**09. പാലയൂർ ഫൊറോന**

| | | |
|---|---|---|
| 1. പാലയൂർ | ആഗസ്റ്റ് 30 | 11.00 am |
| 2. അഞ്ഞൂർ | ആഗസ്റ്റ് 30 | 12.00 noon |
| 3. ആറ്റുപുറം | ആഗസ്റ്റ് 30 | 12.00 noon |
| 4. ബ്രഹ്മകുളം | ആഗസ്റ്റ് 31 | 10.00 am |
| 5. ചെമ്മണ്ണൂർ | ആഗസ്റ്റ് 31 | 10.00 am |
| 6. ഗുരുവായൂർ | ആഗസ്റ്റ് 31 | 11.00 am |
| 7. കാവീട് | ആഗസ്റ്റ് 31 | 11.00 am |
| 8. കോട്ടപ്പടി | ആഗസ്റ്റ് 31 | 12.00 noon |
| 9. ആർത്താറ്റ് | ആഗസ്റ്റ് 31 | 12.00 noon |
| 10. ഒരുമനയൂർ | സെപ്തംബർ 1 | 10.00 am |
| 11. പാവറട്ടി | സെപ്തംബർ 1 | 10.00 am |
| 12. പെരിങ്ങാട് | സെപ്തംബർ 1 | 11.00 am |
| 13. കാക്കശ്ശേരി | സെപ്തംബർ 1 | 11.00 am |
| 14. പേരകം | സെപ്തംബർ 1 | 11.00 am |
| 15. പൊന്നാനി | സെപ്തംബർ 1 | 12.00 noon |
| 16. വൈലത്തൂർ | സെപ്തംബർ 1 | 12.00 noon |

**10. പറപ്പൂർ ഫൊറോന**

| | | |
|---|---|---|
| 1. പറപ്പൂർ | സെപ്തംബർ 2 | 10.00 am |

| | | |
|---|---|---|
| 2. അന്നകര | സെപ്തംബർ 2 | 10.00 am |
| 3. തോളൂർ | സെപ്തംബർ 2 | 11.00 am |
| 4. ഊരകം | സെപ്തംബർ 2 | 11.00 am |
| 5. ആമ്പക്കാട് | സെപ്തംബർ 2 | 12.00 noon |
| 6. ചിറ്റിലപ്പിള്ളി | സെപ്തംബർ 2 | 12.00 noon |
| 7. എടക്കളത്തൂർ | സെപ്തംബർ 12 | 10.00 am |
| 8. പൂത്തൂർ(എടക്കളത്തൂർ) | സെപ്തംബർ 12 | 10.00 am |
| 9. പെരുവല്ലൂർ | സെപ്തംബർ 12 | 11.00 am |
| 10.പോന്നോർ | സെപ്തംബർ 12 | 11.00 am |
| 11. പുറനാട്ടുകര | സെപ്തംബർ 12 | 12.00 noon |
| 12. അടാട്ട് | സെപ്തംബർ 12 | 12.00 noon |
| 13. അമല നഗർ | സെപ്തംബർ 12 | 12.00 noon |

**11. പട്ടിക്കാട് ഫൊറോന**

| | | |
|---|---|---|
| 1. പട്ടിക്കാട് | സെപ്തംബർ 13 | 10.00 am |
| 2. ചേരുംകുഴി | സെപ്തംബർ 13 | 10.00 am |
| 3. ചിറക്കെക്കോട് | സെപ്തംബർ 13 | 11.00 am |
| 4. ചുവന്നമണ്ണ് | സെപ്തംബർ 13 | 11.00 am |
| 5. കണ്ണാറ | സെപ്തംബർ 13 | 12.00 noon |
| 6. കൂട്ടാല | സെപ്തംബർ 13 | 12.00 noon |
| 7. മഞ്ഞക്കുന്ന് | സെപ്തംബർ 14 | 10.00 am |
| 8. മുളയം | സെപ്തംബർ 14 | 10.00 am |
| 9. പീച്ചി | സെപ്തംബർ 14 | 11.00 am |
| 10.വാണിയംപാറ(കൊമ്പഴ) | സെപ്തംബർ 14 | 11.00 am |
| 11. പ്ലാക്കോട് | സെപ്തംബർ 14 | 11.00 am |
| 12. വീണ്ടശ്ശേരി | സെപ്തംബർ 14 | 12.00 noon |
| 13. വെള്ളക്കാരിത്തടം | സെപ്തംബർ 14 | 12.00 noon |

**12. പഴുവിൽ ഫൊറോന**

| | | |
|---|---|---|
| 1. പഴുവിൽ | സെപ്തംബർ 19 | 10.00 am |
| 2. ചാഴൂർ | സെപ്തംബർ 19 | 10.00 am |
| 3. കിഴുപ്പിള്ളിക്കര | സെപ്തംബർ 19 | 11.00 am |
| 4. അന്തിക്കാട് | സെപ്തംബർ 19 | 11.00 am |
| 5. ചേർപ്പ് | സെപ്തംബർ 19 | 12.00 noon |
| 6. ചൊവ്വൂർ | സെപ്തംബർ 19 | 12.00 noon |
| 7. ചിറയ്ക്കൽ | സെപ്തംബർ 20 | 10.00 am |
| 8. പെരിങ്ങോട്ടുകര | സെപ്തംബർ 20 | 10.00 am |

| | | |
|---|---|---|
| 9. പൂച്ചിന്നിപ്പാടം | സെപ്തംബർ 20 | 11.00 am |
| 10. പൊറത്തൂർ | സെപ്തംബർ 20 | 11.00 am |
| 11. പുള്ള് | സെപ്തംബർ 20 | 11.00 am |
| 12. പുത്തൻപീടിക | സെപ്തംബർ 20 | 12.00 noon |
| 13. മുറ്റിച്ചൂർ | സെപ്തംബർ 20 | 12.00 noon |
| 14. തൃപ്രയാർ | സെപ്തംബർ 21 | 10.00 am |
| 15. വലപ്പാട് | സെപ്തംബർ 21 | 10.00 am |
| 16. നാട്ടിക | സെപ്തംബർ 21 | 11.00 am |

### 13. പുതുക്കാട് ഫൊറോന

| | | |
|---|---|---|
| 1. പുതുക്കാട് | സെപ്തംബർ 21 | 11.00 am |
| 2. തൊറവ് | സെപ്തംബർ 21 | 11.00 am |
| 3. ചെങ്ങാലൂർ | സെപ്തംബർ 21 | 12.00 noon |
| 4. ക്രൈസ്റ്റ് നഗർ | സെപ്തംബർ 21 | 12.00 noon |
| 5. ചിറ്റിശ്ശേരി | സെപ്തംബർ 22 | 10.00 am |
| 6. കല്ലൂർ ഈസ്റ്റ് | സെപ്തംബർ 22 | 10.00 am |
| 7. കല്ലൂർ വെസ്റ്റ് | സെപ്തംബർ 22 | 11.00 am |
| 8. മണ്ണംപേട്ട | സെപ്തംബർ 22 | 11.00 am |
| 9. പൂക്കോട് | സെപ്തംബർ 22 | 12.00 noon |
| 10. നന്തിപുലം നോർത്ത് | സെപ്തംബർ 22 | 12.00 noon |
| 11. നന്തിപുലം | സെപ്തംബർ 23 | 10.00 am |
| 12. നെന്മണിക്കര | സെപ്തംബർ 23 | 10.00 am |
| 13. പാലാഴി | സെപ്തംബർ 23 | 11.00 am |
| 14. സ്നേഹപുരം | സെപ്തംബർ 23 | 11.00 am |
| 15. വരാക്കര | സെപ്തംബർ 23 | 12.00 noon |
| 16. വരാക്കര സൗത്ത് | സെപ്തംബർ 23 | 12.00 noon |
| 17. വരന്തരപ്പിള്ളി(പള്ളിക്കുന്ന്) | സെപ്തംബർ 26 | 10.00 am |
| 18. വരന്തരപ്പിള്ളി ഈസ്റ്റ് | സെപ്തംബർ 26 | 10.00 am |
| 19. വെള്ളാനിക്കോട് | സെപ്തംബർ 26 | 11.00 am |
| 20. വേലൂപ്പാടം | സെപ്തംബർ 26 | 11.00 am |
| 21. നടാംപാടം | സെപ്തംബർ 26 | 12.00 noon |
| 22. വെണ്ടോർ | സെപ്തംബർ 26 | 12.00 noon |

### 14. പുത്തൂർ ഫൊറോന

| | | |
|---|---|---|
| 1. പുത്തൂർ | സെപ്തംബർ 27 | 10.00 am |
| 2. ഭരത | സെപ്തംബർ 27 | 10.00 am |
| 3. എരവിമംഗലം | സെപ്തംബർ 27 | 11.00 am |

| | | |
|---|---|---|
| 4. കൊഴുക്കുള്ളി | സെപ്തംബർ 27 | 11.00 am |
| 5. മാന്ദാമംഗലം | സെപ്തംബർ 27 | 12.00 noon |
| 6. മരോട്ടിച്ചാൽ | സെപ്തംബർ 27 | 12.00 noon |
| 7. പൊന്നൂക്കര | സെപ്തംബർ 28 | 10.00 am |
| 8. തൃക്കൂർ | സെപ്തംബർ 28 | 10.00 am |
| 9. വലക്കാവ് | സെപ്തംബർ 28 | 11.00 am |
| 10. വെട്ടുക്കാട് | സെപ്തംബർ 28 | 11.00 am |
| **15. വേലൂർ ഫൊറോന** | | |
| 1. വേലൂർ | സെപ്തംബർ 28 | 12.00 noon |
| 2. കുട്ടംകുളം | സെപ്തംബർ 28 | 12.00 noon |
| 3. പഴയങ്ങാടി | സെപ്തംബർ 29 | 10.00 am |
| 4. ആറംമ്പിള്ളി | സെപ്തംബർ 29 | 10.00 am |
| 5. എരനെല്ലൂർ | സെപ്തംബർ 29 | 11.00 am |
| 6. കിരാലൂർ | സെപ്തംബർ 29 | 11.00 am |
| 7. കുറുമാൽ | സെപ്തംബർ 29 | 12.00 noon |
| 8. മുണ്ടത്തിക്കോട് | സെപ്തംബർ 29 | 12.00 noon |
| 9. പാറന്നൂർ | സെപ്തംബർ 30 | 10.00 am |
| 10. തലക്കോട്ടുകര | സെപ്തംബർ 30 | 10.00 am |
| 11. കണ്ണാംപാടം | സെപ്തംബർ 30 | 10.00 am |
| 12. തണ്ടിലം | സെപ്തംബർ 30 | 11.00 am |
| 13. കുറുവന്നൂർ | സെപ്തംബർ 30 | 11.00 am |
| 14. തങ്ങാലൂർ | സെപ്തംബർ 30 | 12.00 noon |
| 15. തങ്ങാലൂർ നോർത്ത് | സെപ്തംബർ 30 | 12.00 noon |
| 16. ചിറനെല്ലൂർ | ഒക്ടോബർ 3 | 10.00 am |
| 17. തയ്യൂർ | ഒക്ടോബർ 3 | 10.00 am |
| 18. വെള്ളാറ്റഞ്ഞൂർ | ഒക്ടോബർ 3 | 11.00 am |
| **16.വടക്കാഞ്ചേരി ഫൊറോന** | | |
| 1. വടക്കാഞ്ചേരി | ഒക്ടോബർ 3 | 11.00 am |
| 2. സരിതാപുരം | ഒക്ടോബർ 3 | 12.00 noon |
| 3. അത്താണി | ഒക്ടോബർ 3 | 12.00 noon |
| 4. ചോറ്റുപാറ | ഒക്ടോബർ 4 | 10.00 am |
| 5. പൂമല | ഒക്ടോബർ 4 | 10.00 am |
| 6. കരുമത്ര | ഒക്ടോബർ 4 | 11.00 am |
| 7. കുമ്പളങ്ങാട് | ഒക്ടോബർ 4 | 11.00 am |
| 8. കുണ്ടന്നൂർ | ഒക്ടോബർ 4 | 12.00 noon |

| | | |
|---|---|---|
| 9. കാഞ്ഞിരക്കോട് | ഒക്ടോബർ 4 | 12.00 noon |
| 10. മച്ചാട് | ഒക്ടോബർ 5 | 10.00 am |
| 11. തിരൂർ | ഒക്ടോബർ 5 | 10.00 am |
| 12. കോലഴി | ഒക്ടോബർ 5 | 11.00 am |
| 13. തിരുത്തിപറമ്പ് | ഒക്ടോബർ 5 | 11.00 am |
| 14. വരവൂർ | ഒക്ടോബർ 5 | 11.00 am |
| 15.ശങ്കരൻചിറ | ഒക്ടോബർ 5 | 12.00 noon |
| 16. ഊരാക്കാട് | ഒക്ടോബർ 5 | 12.00 noon |

**1. CA ഓഡിറ്റ്**

CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും CA ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനു ശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രതിനിധിയോഗത്തിൽ പാസാക്കേണ്ടതുമാണ്.ഇത് കൂടാതെ **Incom Tax Returen** സമർപ്പിക്കേണ്ടതും അതിന്റെ **Print Out** വാങ്ങിവെക്കേണ്ടതും അതിന്റെ **Copy** തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്

**2. തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം അതാത് ഫൊറോനകളിൽ ഏൽപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| **ഫാ. ലിൻസൺ തട്ടിൽ** | **ഫാ. വർഗീസ് കുത്തൂർ** |
| അസി. ഫിനാൻസ് ഓഫീസർ | ഫിനാൻസ് ഓഫീസർ |

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

## I. SUNDAY CATECHISM

**1. വിശ്വാസപരിശീലനവർഷ ഉദ്ഘാടനം**

ജൂൺ 4ന് വൈകിട്ട് 7 മുതൽ **വിശ്വാസവർഷാരംഭത്തോടനുബന്ധിച്ചുള്ള ആരാധന ഡിബീസി എൽസി യിൽ** തുടർന്ന് ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നർവ്വഹിക്കുന്നു. മീഡിയാ കത്തോലിക്കയിൽ ലൈവ് ഉണ്ടായിരിക്കും.

**2. പ്രവേശനോത്സവം:** ജൂൺ 5 ന് യൂണിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുന്നു. കുട്ടികളുടെ പ്രതിജ്ഞ, അധ്യാപകരുടെ പ്രതിജ്ഞ എന്നിവ ഉണ്ടായിരിക്കും.

**3. പ്രബോധനവിഷയവും പ്രവർത്തനമേഖലയും**

പുതിയ അധ്യയനവർഷത്തിലെ പ്രബോധനവിഷയവും പ്രവർത്തനമേഖലയും **'ദൈവവചന കേന്ദ്രീകൃത വിശ്വാസപരിശീലനം'** എന്നതായിരിക്കും.

**4. ആനിമേറ്റേഴ്സ് കോഴ്സ്**

ജൂൺ 12 – ടാലന്റ് മിനിസ്ട്രി
ജൂൺ 19 – സ്പിരിചൽ മിനിസ്ട്രി
ജൂൺ 26 – സോഷ്യൽ മിനിസ്ട്രി

ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ ഡിബിസിഎൽ സി യിൽ വച്ച് നടത്തുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാർ അതത് ദിവസം കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

**5. പുതിയ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ**

ഈ വർഷത്തെ വിശ്വാസപരിശീലനത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ലേഖനം കത്തോലിക്കാസഭ ദർശനം പേജിൽ നൽകിയിട്ടുണ്ട്. അത് പിൻതുടരാൻ ശ്രദ്ധിക്കുമല്ലോ.

**6. വിശ്വാസപരിശീലകർക്ക് വാർഷിക ധ്യാനം**

സെപ്റ്റംബർ 4–ാം തിയതി ഉച്ചതിരിഞ്ഞ് 2.00 മുതൽ 7–ാം തിയതി വൈകിട്ട് 4 മണി വരെ ആണ് ധ്യാനം. ഈ വർഷം വിശ്വാസപരിശീലകർക്കായി മറ്റ് സെമിനാറുകൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല. ധ്യാനം എല്ലാ വിശ്വാസപരിശീലകർക്കും നിർബന്ധമാണ്.

ധ്യാനം നയിക്കുന്നത് : **റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**

ധ്യാനത്തിൽ പങ്കെടുക്കുന്നതിന് ജൂൺ 26 നുള്ളിൽ എല്ലാ അധ്യാപകരും 100 രൂപ അടച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**7. അഭിനന്ദനങ്ങൾ**

കഴിഞ്ഞ അധ്യയനവർഷ ത്തിൽ വിശ്വാസപരിശീലനത്തിൽ ജേതാക്കളായവർക്കും കൂടുതൽ മികവോടെ സമ്മാനങ്ങളും റാങ്കുകളും നേടിയവർക്കും അവരെ പരിശീലിപ്പിച്ച

വർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

**8. പാഠപുസ്തകവിതരണം - 2022 മെയ് 16 മുതൽ**

**2022 മെയ് 16 മുതൽ** വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങി. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങേണ്ട പുസ്തകങ്ങളുടെ എക്സൽ ഫോർമാറ്റിൽ ഉള്ള ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻ വരുന്നതിന് ഒരാഴ്ച്ച മുമ്പ് ഇമെയിൽ catechismtrichur@gmail.com വഴി അയച്ചിരിക്കണം. ഓർഡർ ഫോം വാട്സാപ്പ് ഗ്രൂപ്പിൽ നിന്നും വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും, ഡൗൺലോഡ് ചെയ്യാവുന്നതാണ്. എക്സൽ ഫോർമാറ്റിൽ തന്നെ തിരിച്ച് മെയിൽ ചെയ്യേണ്ടതാണ്. ഓർഡർ ഫോം ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ബില്ലുപ്രകാരം ആദ്യം പണമടയക്കണം ഓൺലൈനായി പണമടക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ബാങ്ക് ഡീറ്റെയ്ൽസ് ഓർഡർ ഫോമിൽ തന്നെ കൊടുത്തിട്ടുണ്ട്. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

b) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

**9. 2022–2023 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ**

**വിലവിവരപട്ടിക**

| Std. | (Mala.) | (Eng.) |
|---|---|---|
| I | 25 | 35 |
| II | 25 | 35 |
| III | 25 | 35 |
| IV | 25 | 35 |
| V | 30 | 40 |
| VI | 30 | 40 |
| VII | 30 | 40 |
| VIII | 30 | 40 |
| IX | 30 | 40 |
| X | 30 | 40 |
| XI | 30 | 40 |
| XII | 30 | 40 |

1) Non-detailed, Bible Study, Nursery Book: Rs. 10/- each.
2) Non -detailed Eng., Std. VII-XII Rs. 15/-
3) ACC Basic Text Book YOUCAT (for 3 years): Mal. Rs. 150/-; Eng. Rs. 350/-; ACC Supplementary Reader : Rs. 30/-

**10. യൂണിറ്റ് സമിതികളുടെ രൂപീകരണം**

ജൂൺ 19–നുള്ളിൽ സ്റ്റാഫ് കൗൺസിൽ, സ്റ്റുഡന്റ് കൗൺസിൽ, അധ്യാപക രക്ഷാകർതൃ സമിതി എന്നിവയുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്.

**11. യൂണിറ്റ് കാറ്റകറ്റിക്കൽ കൗൺസിൽ രൂപീകരണം**

ജൂൺ 26 നുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. കൗൺസിലിന്റെ ഘടന സംബന്ധിച്ച ഫോം നൽകുന്നതാണ്.

**12. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും**

**1. ആപ്റ്റിറ്റ്യൂഡ് പഠനപുസ്തകം:** സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാനക്രമം, വിശ്വാസികൾക്കുള്ള പരിശീലനം, വിശ്വാസ പരിശീലനകേന്ദ്രത്തിൽ ലഭ്യമാണ്. 125 രൂപ വിലയുള്ള പുസ്തകം അധ്യാപകർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ സബ്സിഡി നിരക്കിൽ ഒരു പുസ്തകത്തിന് 40 രൂപയ്ക്ക് ലഭിക്കുന്നതായിരിക്കും. ഓരോ വിശ്വാസപരിശീലകനും സ്വന്തമായി പുസ്തകത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കേണ്ടതാണ്.

**2.** ഈ വർഷം കത്തോലിക്കാസഭയിലെ ദർശനം പേജിലെ വിശ്വാസ പരിശീലനകേന്ദ്രത്തിൽ നിന്നും കൊടുക്കുന്ന ലേഖനത്തിൽ നിന്നും ആപ്റ്റിറ്റ്യൂഡ് പരീക്ഷക്ക് ചേദ്യങ്ങൾ ഉണ്ടായിരിക്കും.

**3. ഈ വർഷത്തെ യൂണിറ്റ്തല പരീക്ഷ 2022 ഡിസംബർ 4; അതിരൂപതാതല പരീക്ഷ 2023 ജനുവരി 1**

**13. Catechism Software**

ജൂൺ 1 മുതൽ 4 വരെയുള്ള തിയതികളിൽ സ്റ്റാഫ് അംഗങ്ങളുടെ ഡാറ്റ കൃത്യമാക്കൽ, ജൂൺ 19 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ കുട്ടികളുടെ അഡ്മിഷൻ സംബന്ധമായ കാര്യങ്ങളുടെ പൂർത്തീകരണം, അധ്യാപകരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളുടെ പൂർത്തീകരണം എന്നിവ സോഫ്റ്റ് വെയറിൽ പൂർത്തിയാക്കേണ്ടതാണ്.

വിശ്വാസപരിശീലന യൂണിറ്റുകളിലെയും വിശ്വാസപരിശീലനകേന്ദ്രത്തിലെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള Catechism Software പൂർണ്ണതോതിൽ പ്രവർത്തനക്ഷമമമാണ്. ഇതിന്റെ പ്രയോജനം കൂടുതൽ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. പുതിയ വിവരങ്ങൾ ഉടനടി ചേർക്കുക: വിദ്യാർഥികളോ അധ്യാപകരോ പുതിയതായി ചേരുമ്പോൾ ത്തന്നെ ആവശ്യമായ മുഴുവൻ ഡാറ്റയും ശേഖരിക്കുകയും ഉടൻതന്നെ സോഫ്റ്റ് വെയറിൽ ചേർക്കുകയും ചെയ്യുക.

2. മുമ്പ് ചേർത്തിട്ടുള്ള വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉടനെതന്നെ സോഫ്റ്റ് വെയറിലെ ഡാറ്റയിലും വരുത്തുക (ഉദാ: അഡ്രസ്, ഫോൺ നമ്പർ, ക്ലാസ്സ്, ഡിവിഷൻ, അധ്യാപകരുടെ ഉത്തരവാദിത്വങ്ങൾ എന്നിവ)

3. ഹാജറുകൾ അതത് ദിവസം തന്നെ ചേർക്കുക.

4. പരീക്ഷാഫലങ്ങൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചിതതിയതിക്കകം ചേർക്കുക.

5. വിശ്വാസപരിശീലനയൂണിറ്റിലെ

എല്ലാക്കാര്യങ്ങളുടെയും ഏറ്റവും പുതുക്കിയതും പൂർണ്ണവുമായ ഡാറ്റ ലഭിക്കത്തക്കവിധം സോഫ്റ്റ് വെയർ Up-to-date ചെയ്തുകൊണ്ടിരിക്കുക.

**14. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

ഈ വർഷത്തെ സർവ്വീസ് അവാർഡ് & മെറിറ്റ് ദിനം ഏപ്രിൽ 24 ന് സമുചിതമായി ആഘോഷിച്ചു. ഉച്ചക്ക് 12 മണിക്ക് റവ.ഡോ. പോൾ പുളിക്കൻ ആഘോഷമായ ദിവ്യബലിയർപ്പിച്ചു.

ഉച്ചയ്ക്കുള്ള സ്നേഹവിരുന്നിനു ശേഷം അവാർഡ്ദാന പൊതുസമ്മേളനം ആരംഭിച്ചു. ബഹു. അസി. ഡയറക്ടർ റവ.ഡോ. ലിജോ ചാലിശ്ശേരി ഏവർക്കും സ്വാഗതം ആശംസിച്ചു. മോൺ. ജോസ് കോനിക്കര അധ്യക്ഷനായിരുന്നു. ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നടത്തി. കാറ്റകെറ്റിക്കൽ കൗൺസിൽ സെക്രട്ടറി ഡോ. ടോണി ജോസഫ് റിപ്പോർട്ട് വായിച്ചു. റിട്ടയർ ചെയ്ത അധ്യാപകർ, സർവ്വീസ് അവാർഡിനർഹരായ അധ്യാപകർ, മുടങ്ങാതെവന്ന അധ്യാപകർ, 15 വർഷം വിശ്വാസപരിശീലനത്തിന് മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ, പ്ലസ് ടു, എസിസി റാങ്ക് ജേതാക്കൾ, സ്പെഷൽ അവാർഡിന് അർഹരായവർ, സ്കൂൾ കാറ്റകിസം, മോറൽ സയൻസ് റാങ്ക് ജേതാക്കൾ, ഓൺലൈൻ ക്ലാസ്സ് ടീച്ചേഴ്സ്, വിശ്വാസപരിശീലകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ, ബി. എ. തിയോളജി കോഴ്സ് പൂർത്തിയാക്കിയവർ എന്നിവർ ആർച്ച്ബിഷപ്പിൽ നിന്ന് സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും ഏറ്റുവാങ്ങി. വിശ്വാസപരിശീലക പ്രതിനിധി ശ്രീ. ജോൺസൻ കാഞ്ഞിരത്തിങ്കൽ തിയോളജി പ്രതിനിധി നൈനെ പി. അഗസ്റ്റിൻ, വിദ്യാർത്ഥി പ്രതിനിധി നിയ ഡേവിസ് എന്നിവർ മറുപടിപ്രസംഗം നടത്തി. ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ ഏവർക്കും നന്ദി രേഖപ്പെടുത്തി. അസി. ഡയറക്ടർമാരായ ഫാ. ലിജോ ചാലിശ്ശേരി, ഫാ. ജിക്സൻ മാളോക്കാരൻ, ഫാ. സിജോ മുരിങ്ങാത്തേരി എന്നിവരും വിൽസൻ ടി ഒ., സി. എൽവീന മരിയ സി എച്ച് എഫ്., സി. ഫോൺസി ജോസഫ് സി എച്ച് എഫ്., ശ്രീമതി സാലി ജോബി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

## II. DAILY CATECHISM

**1. സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ**

സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ ജൂൺ ആദ്യവാരത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്. പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. ഡെയ്‌ലി കാറ്റകിസം സ്കൂളുക

ളുടെ കോർപ്പറേറ്റ് മാനേജർമാരുടേയും സ്കൂൾ പ്രിൻസിപ്പൽ മാരുടേയും രണ്ട് മീറ്റിംഗുകൾ കൂടുകയുണ്ടായി. മീറ്റിംഗിൽ എടുത്ത പ്രധാനതീരുമാനങ്ങൾ: കൗൺസിൽ രൂപീകരണം – ഡെയ്‌ലി കാറ്റകിസത്തിന്റെ സുഗമ്മായ നടത്തിപ്പിനായി കൗൺസിൽ രൂപീകരിച്ചു. കൗൺസിൽ അംഗങ്ങൾ താഴെപറയുന്നവരാണ്.

1. അതിരൂപതാതിർത്തിയിലുള്ള കാത്തലിക് സ്കൂളുകളുടെ കോർ പ്പറേറ്റ് മാനേജർമാർ
2. അതിരൂപതാതിർത്തിയിലുള്ള കാത്തലിക് സിങ്കിൾ മാനേജ്മെന്റ് സ്കൂളുകളുടെ കത്തോലിക്കാ മാനേജർമാർ
3. Shaji George - St. Francis Xavier's RCUPS, Vadanappilly - Archdiocese of Trichur Corporate
4. Joshy Paul V. - St. Sebastian's H. S., Mannamangalam - Archdiocese of Trichur Corporate
5. Rev. Sr. Mercy Paul CMC - St. Raphael's CLPS, Ollur - CMC Corporate Management
6. Rev. Sr. Sharon Therese FCC - St. Clare's CLPS, Thrissur - FCC Corporate Management
7. Rev. Sr. Josephine CHF - Holy Family CGHS, Chembukkavu - CHF Corporate Management

**2.** സ്കൂൾ കാറ്റകിസം/മോറൽ സയൻസ് വിഷയങ്ങളുടെ നടത്തിപ്പിനായി ഒരു ടീച്ചറെ പൊതുവായി ചാർജ് ഏല്പിക്കണം

1. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ ടീച്ചേഴ്സിന് ക്ലാസ്സ് ചാർജ് കൊടുക്കണം
2. ക്ലാസ്സ് ഷെഡ്യൂൾ വർഷാരംഭത്തി ൽ തന്നെ തയ്യാറാക്കണം
3. നിശ്ചിത സമയത്തിനു തന്നെ ക്ലാസ്സ് എടുക്കണം
4. സ്കൂൾ വിസിറ്റിനായി അച്ചന്മാരെ ക്ഷണിക്കണം
5. ഓരോ സ്കൂളും ജൂൺ മാസത്തിൽ അഫിലിയേഷൻ 100 രൂപ അടച്ച് രജിസ്റ്റർചെയ്യണം.
6. പാഠപുസ്തകങ്ങൾക്ക് കൊടുക്കാറുള്ള സബ്സിഡി ചോദ്യപേപ്പറുകളുടെ ചിലവിലേക്ക് എടുക്കുന്ന തുകൊണ്ട് ചോദ്യപേപ്പറുകൾക്ക് വില നൽകേണ്ടതില്ല.
7. ഡെയ്‌ലി കാറ്റകിസത്തിന്റെ സുഗമമായ ഓഫീസ് നടത്തിപ്പിന് സോഫ്റ്റ് വെയർ സംവിധാനം ഒരുക്കുന്നുണ്ട്.
8. സ്കൂളിൽ ആത്മീയാന്തരീക്ഷം ഉണ്ടാകുന്നതിന് പ്രയർ ഗ്രൂപ്പ്, വചനപരീക്ഷ, വിസിത്ത, വലിയ നോമ്പിൽ കുരിശിന്റെ വഴി, കർത്താവിന്റെ മാലാഖ, ഒക്ടോബർ മാസത്തിൽ ജപമാല എന്നിവ നടത്താവുന്നതാണ്.
9. എല്ലാ ക്ലാസ്സിലും സ്കൂൾ കാറ്റകിസം മോറൽസയൻസ് പരീക്ഷ നടത്തേണ്ടതാണ്.
10. ഏറ്റവും നല്ല സ്കൂളിന് സമ്മാ

നം നൽകുന്നതാണ്.

**3. 2022 –2023 അധ്യയനവർഷത്തെ ഡെയ്‌ലി കാറ്റകിസം പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക**

**Moral Science**

| Std. | School | (Mala.) | (Eng.) | Std. | School | (Mala.) | (Eng.) |
|---|---|---|---|---|---|---|---|
| I | 25 | 45 | 55 | VII | 25 | 50 | 55 |
| II | 25 | 45 | 55 | VIII | 25 | 50 | 55 |
| III | 25 | 45 | 55 | IX | 25 | 50 | 60 |
| IV | 25 | 45 | 55 | X | 25 | 50 | 60 |
| V | 25 | 50 | 55 | XI | - | 40 | 70 |
| VI | 25 | 50 | 55 | XII | - | 40 | 70 |

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**2022–2023 അദ്ധ്യായനവർഷം ആരംഭിച്ചു**

■ 2021–2022 അദ്ധ്യയന വർഷത്തിലെ വിവിധ ദൈവശാസ്ത്ര കോഴ്സുകളുടെ ഉദ്ഘാടനം ജൂൺ 5 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു.

**Institute of Theologyൽ നടന്നു കൊണ്ടിരിക്കുന്ന കോഴ്സുകൾ:**

**1. B.A. in Theology and Religious Studies (Three Years)** (affiliated to Katholicke Universiteit, Leuven, Belgium):

■ രണ്ടാമത്തെ സെമസ്റ്റർ പരീക്ഷകളെല്ലാം മെയ് മാസത്തിൽ വരെ ഭംഗിയായി പൂർത്തികരിച്ചു.

■ പുതിയ ബാച്ചിലേയ്ക്കുള്ള ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിച്ചു.

**2. Certificate Course in Theology (One Year)**

(affiliated to Chair for Christian Studies and Research, Calicut University)

■ സ്നേഹത്തിന്റെ കൂദാശ (Rev. Fr. Bastian Punnoliparanbil) എന്ന വിഷയത്തിന്റെ ക്ലാസ്സ് മെയ് മാസത്തിൽ നടന്നു.

■ മെയ് 22 ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി Comprehensive Written Exam നടന്നു.

**3. Course on Theology of Family (One and Half Years)**

■ Marriage in the World and Marriage in the Lord & Canonical Law Regarding Marriage and Divorce (Rev. Dr. Francis Aloor) എന്ന വിഷയത്തിന്റെ ക്ലാസ്സ് മെയ് മാസത്തിൽ നടന്നു.

**4. Advanced Certificate Course in Theology (Six Months)**

(affiliated to Chair for Christian Studies and Research, Calicut University):

■ സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിച്ചു.

**5. Certificate Course in Theology (Two Years)**

(affiliated to Chair for Christian Studies and Research, Calicut University)

■ ധാർമ്മിക ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Majo Marottikkal) എന്ന വിഷയത്തിന്റെ ക്ലാസ്സ് മെയ് മാസത്തിൽ നടന്നു.

**6. Catechumenate Course**

■ ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**7. Basic CTC & Advanced CTC**

■ നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടു ത്ത് സർട്ടിഫിക്കറ്റ് നേടണം. അടുത്ത Basic CTCയുടെ തിയ്യതികൾ വൈകാതെ അറിയിക്കുന്നതാണ്.

**8. Basic Bible Course (BBC)**

■ തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സ് ഞായറാഴ്കളിൽ 2 PM മുതൽ 5 PM വരെ DBCLC യിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

**പുതിയ അധ്യയന വർഷം**

2022 – 2023 അധ്യയന വർഷം സമാരംഭിക്കാൻ ഒന്നാം വർഷ തത്വശാസ്ത്ര–ദൈവശാസ്ത്ര വിദ്യാർത്ഥികൾ മെയ് 27 – ാം തിയ്യതിയും മറ്റ് ബാച്ചുകളിലുള്ളവർ മെയ് 30 – ാം തിയ്യതിയും സെമിനാരിയിൽ എത്തിച്ചേർന്നു. ജൂൺ 1 –ാം തിയ്യതി പുതിയ അധ്യയന വർഷം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെടും.

**Orientation Programme**

ഈ അധ്യയനവർഷത്തെ ഒന്നാം വർഷ തത്വശാസ്ത്ര–ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള Orientation Programme മെയ് 27 – 28 എന്നി തിയ്യതികളിൽ നടന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീമതി ഡെയ്സി ജോസ്, ണ/ീ ജോസ് സി. ആർ., ചെറുവാൾക്കാരൻ ഹൗസ്, കല്ലൂർ, തൃശ്ശൂർ.
2. ശ്രീ. ഡേവിസ് വാഴപ്പിള്ളി, വാഴപ്പിള്ളി ഹൗസ്, കൈപറമ്പ്, തൃശ്ശൂർ.

**Benefactor Membership**

1. ശ്രീ. ജോൺ ജോസ് കാഞ്ഞിരപ്പറമ്പിൽ, കാഞ്ഞിരപ്പറമ്പിൽ ഹൗസ്, കൊട്ടേക്കാട്, തൃശ്ശൂർ.
2. ശ്രീമതി റോസ്മണി സി. എം., ണ/ീ എ. സി. കുരിയാക്കു, അറയ്ക്കൽ ഹൗസ്, പാവറട്ടി, തൃശ്ശൂർ.

സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന് നമുക്ക് പര്യാലോചിക്കാം (ഹെബ്രാ. 10:24). എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ
# മെഡിക്കൽ കോളേജ്
# & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. ജൂബിലി നഴ്സിങ്ങ് കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന് തുടക്കമായി**

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന് (19–ാം ബാച്ച്) തുടക്കം കുറി

ച്ചു. തൃശ്ശൂർ വികാരി ജനറൽ മോൺ. ഫാ. ജോസ് കോനിക്കര പരിപാടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ എന്നിവർ നവാഗതർക്ക് സ്വാഗതം ആശംസിച്ചു.

**2. ഡോ. കെ. പത്മകുമാറിന് മിഡ് കരിയർ ഫാക്കൽറ്റി അവാർഡ്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം പ്രൊഫസറും, മേധവിയുമായ ഡോ. കെ. പത്മകുമാറിന് അസോസിയേഷൻ ഫോർ മെഡിക്കൽ അപ്ഡേറ്റ്സിന്റെ മിഡ് കരിയർ ഫാക്കൽറ്റി അവാർഡ്. ഉദയ്പൂരിൽ വെച്ച് നടന്ന അന്തർദേശീയ സമ്മേളനത്തിൽ മെഡിക്കൽ അസസ്മെന്റ് ആന്റ് റേറ്റിങ്ങ് ബോർഡ് ഓഫ് നാഷണൽ മെഡിക്കൽ കമ്മീഷൻ പ്രസിഡണ്ട് ഡോ. ബി. എൻ. ഗംഗാധരൻ സമ്മാനിച്ചു. വൈദ്യപഠനരംഗത്ത് നൽകിയ സംഭാവനകൾക്കും ഗവേഷണനേട്ടങ്ങൾക്കുമാണ് അവാർഡ്. എയിംസ് ഡയറക്ടർ ഡോ. ശർമൻ സിങ്ങ്, ഗീതാഞ്ജലി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. എഫ്. എസ്. മെഹ്ത്ത, ഓർഗനൈസിങ്ങ് ഡോ. ആഷിഷ് ശർമ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഡോ. പത്മകുമാറിനെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ അനുമോദിച്ചു.

**3. ലോക ഗ്ലോക്കോമ വാരാചരണം ജൂബിലിയിൽ**

ലോക ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ബോധവൽക്കരണ സെമിനാറും സൗജന്യ നേത്രപരിശോധനയും സംഘടിപ്പിച്ചു. ഒഫ്താൽമോളജി വിഭാഗം പ്രൊഫസറും HoD യുമായ ഡോ. സി. വി ആൻഡ്രൂസ് സ്വാഗതപ്രസംഗം നടത്തി. കേരള നേത്ര വിദഗ്ദ്ധരുടെ സംഘടനയായ KSOS മുൻ പ്രസിഡന്റ് ഡോ. ബാബു കൃഷ്ണകുമാർ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അധ്യക്ഷത വഹിച്ചു. തൃശൂർ ലയൻസ് ക്ലബിലെ മുതിർന്ന നേതാക്കൾ ആശംസ പ്രസംഗം നടത്തി. ഒഫ്താൽമോളജി വിഭാഗം സീനിയർ കൺസർട്ടന്റ് ചടങ്ങിൽ പങ്കെടുത്തു.

**4. അത്യാധുനിക സ്റ്റെറിലൈസർ മെഷീൻ ജൂബിലിയിൽ**

ജുബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ CSSD ഡിപ്പാർട്ടുമെന്റിലെ പുതിയ fully

automatic steam sterilizer ബഹുമാനപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ ആശിർവദിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെമിൻ തറയിൽ, ബഹുമാനപ്പെട്ട സിസ്റ്റർമാർ, ഇൻചാർജ് എൽജോ ആന്റണി, CSSD സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

1951–ൽ ഡിസ്പെൻസറിയായി തുടങ്ങി 52–ൽ ആശുപത്രിയായി സ്ഥാപിതമായ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി ആതുരസേവന രംഗത്ത് 70 സുവർണ്ണവർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 20 കിടക്കകൾ മാത്രമുള്ള ഒരു ചെറിയ ഡിസ്പെൻസറിയായി തൃശ്ശൂർ അതിരൂപത തുടക്കം കുറിച്ച ആശുപത്രി ഇന്ന് 48 ഡിപ്പാർട്ടുമെന്റുകളും 13 സ്പെഷാലിറ്റി വിഭാഗങ്ങളും, 27 സൂപ്പർ സ്പെഷാലിറ്റി വിഭാഗങ്ങളും ഉള്ള ആയിരത്തിഅറുനൂറ് കിടക്കകൾ ഉള്ള ദക്ഷിണേന്ത്യയിലെത്തന്നെ മുൻനിര മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികളിൽ ഒന്നായി മാറിയിരിക്കുന്നു. 70 വർഷം തികയുന്ന ഈ അവസരത്തിൽ ജൂബിലിയുടെ സാമൂഹിക പ്രതിബദ്ധത നിലനിർത്തി 7 ദശാബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ബൃഹത്പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു.

**5. സൗജന്യ ഒ.പി.**

ജൂബിലി മിഷൻ ആശുപത്രിയുടെ നടത്തറ പൊതു ആരോഗ്യകേന്ദ്രത്തിൽ ഏപ്രിൽ 13 മുതൽ ഒ.പി. ചാർജ്ജ് സൗജന്യം. ഏപ്രിൽ 13 –ന് രാവിലെ 11 മണിക്ക് ബഹു. റവന്യൂമന്ത്രി കെ രാജൻ പദ്ധതി ഉദ്ഘാടനം ചെയ്യുന്ന പദ്ധതിയിൽ വിവിധ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്നു. തിങ്കൾ മുതൽ ശനി വരെ ഉച്ചക്ക് 12.30 വരെ ഒ.പി. പ്രവർത്തിക്കുന്നതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പരിശോധനയ്ക്ക് ശേഷം കിടത്തി ചികിത്സ ആവശ്യമുണ്ടെങ്കിൽ ജൂബിലിയിലെ വാർഡിൽ ചികിത്സാചിലവ് ഇളവ് ലഭിക്കുന്നതാണ്.

**6. സെന്റ് ജൈൽസ് ക്ലിനിക്ക്**

സമൂഹത്തിലെ ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ക്ലിനിക്ക് ജൂബിലിയിൽ പ്രവർത്തനം ആരംഭിക്കുന്നു. ഇ.എൻ.ടി., മന:ശാസ്ത്രം, മനോരോഗം, ശിശുരോഗവിഭാഗം തുടങ്ങിയ വിവിധ വിഭാഗങ്ങളുടെ സേവനം സൗജന്യമായി രോഗീസൗഹൃദമാതൃകയിൽ ജൂബിലിയിൽ ഒരുക്കുന്നു. വിവിധ തെറാപ്പികളും, മാതാപിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികളും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കിടത്തിചികിത്സ ആവശ്യമുള്ളവർക്ക് ചികിത്സാചിലവിൽ പ്രത്യേക ഇളവുകളും നൽകുന്നു. ഭിന്നശേഷിക്കാരുടെ മധ്യസ്ഥനായ വി. ജൈൽ സിന്റെ നാമമാണ് പുതിയ ക്ലിനിക്കിന് നൽകിയിരി

ക്കുന്നത്.

**7. തീപൊള്ളൽ ചികിത്സാവിഭാഗത്തിന്റെ വിപുലീകരണം**

എഴുപതാം വർഷത്തോടനുബന്ധിച്ച് സമ്പൂർണ്ണമായി നവീകരിക്കപ്പെട്ട തീപൊള്ളൽ വിഭാഗത്തിന്റെ തീവ്രപരിചരണ വിഭാഗം പൊതുജനങ്ങൾക്ക് സമർപ്പിക്കുന്നു. ചികിത്സയ്ക്കാവശ്യമായ അതി നൂതന ഓക്സിജൻ സംവിധാനമായ HBOT സൗകര്യം ലഭ്യമാണ്.

**8. മോൺ. മാത്യു മുരിങ്ങാത്തേരി മെമ്മോറിയൽ ഹെൽത്ത് കെയർ മിഷനറി അവാർഡും, ഡോ. ഏഡൻവാല മെമ്മോറിയൽ ഒറേഷനും.**

ദേശീയതലത്തിൽ ആരോഗ്യരംഗത്തുള്ള മിഷൻ പ്രവർത്തനത്തിന് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവർഷവും ജൂബിലി ഹെൽത്ത് കെയർ മിഷനറി അവാർഡ് നൽകുവാൻ നിശ്ചയിച്ചിരിക്കുന്നു.

ജൂബിലിയുടെ സ്ഥാപക ഡയറക്ടറും, നാൽപത്തഞ്ച് വർഷത്തോളം ജൂബിലിയെ മുന്നോട്ട് നയിച്ച മോൺ. മാത്യു മുരിങ്ങാത്തേരിയുടെ പേരിലുള്ളതാണ് അവാർഡ്. ആരംഭകാലം മുതൽ തുടർച്ചയായി അറുപത്തിയൊന്ന് വർഷത്തോളം ശസ്ത്രക്രിയ വിദഗ്ദനായി സേവനം അനുഷ്ഠിച്ച് നമ്മെവിട്ടുപിരിഞ്ഞ ചിരിയുടെ പിതാവ് ഡോ. എച്ച്.എസ്. ഏഡൻവാലയുടെ സ്മരണാർത്ഥം ജൂൺ 20-ാം തിയ്യതി ഡോ. എച്ച്.എസ് ഏഡൻവാല മെമ്മോറിയൽ ഒറേഷൻ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് അന്നേദിവസം പേഷ്യന്റ് എൻഗേജ്മെന്റ് പ്രോഗ്രാം, എൻഡോവ്മെന്റ് പ്രോഗ്രാം, ഫെലോഷിപ്പ് എന്നിവ സംഘടിപ്പിക്കുന്നു.

**9. കേരളത്തിലെ ആദ്യ റഫറൻസ് ടെസ്റ്റിങ്ങ് സെന്റർ അംഗീകാരം**

ബ്ലഡ് ഗ്രൂപ്പ് നിർണ്ണയത്തിൽ വരുന്ന പൊരുത്തക്കേടുകൾ പരിഹരിച്ച് രക്തദാനപ്രക്രിയ എളുപ്പമാക്കുന്ന കേരളത്തിലെ ആദ്യത്തേതും, ഇന്ത്യയിൽ എട്ടാമത്തെയുമായ റഫറൻസ് ടെസ്റ്റിങ്ങ് സെന്റർ ഓർത്തോ ക്ലിനിക്കൽ ഡയഗ്നോസിസിന്റെ സഹകരണത്തോടെ ജൂബിലിയിൽ പ്രവർത്തനം തുടങ്ങി. അതിസങ്കീർണ്ണവും ചിലവേറിയതുമായ ഈ പരിശോധനകൾ ജൂബിലി റഫറൻസ് ടെസ്റ്റിങ്ങ് സെന്ററിൽ സൗജന്യമായി ചെയ്തുകൊടുക്കുന്നു. ഒന്നിലധികം രക്തയൂണിറ്റുകൾ സ്വീകരിക്കേണ്ടിവരുന്ന തലാസീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗാവസ്ഥയിൽ ഉള്ളവർക്ക് സാധാരണരീതിയിൽ രക്തപരിശോധന ചെയ്യുമ്പോൾ വരുന്ന ന്യൂനതകൾ പരിഹരിക്കാനും ഓട്ടോഇമ്മ്യൂൺ ഹീമോളിറ്റിക്ക് അനീമിയ വർക്കപ്പുകൾ ചെയ്യാനും ജൂബിലിയിലെ റഫറൻസ് സെന്ററിൽ സൗകര്യമുണ്ടെന്ന് ബ്ലഡ്

ബാങ്ക് ഇൻചാർജ് ഡോ. സുശീല ജേക്കബ്ബ് ഇന്ന അറിയിച്ചു. ഇത്തരം സങ്കീർണ്ണ പരിശോധനകൾ ചെയ്യുന്നതിന് ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാർക്ക് വേണ്ട പരിശീലനം നൽകാനുള്ള സൗകര്യവും ഇവിടെയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487 2464361 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**10. ആഫ്റ്റർനൂൺ ഒ.പി.**

എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ഉൾപ്പെടുത്തി ജൂബിലിയിൽ ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ ആഫ്റ്റർനൂൺ ഒ.പി. ആരംഭിച്ചിരിക്കുന്നു. എഴുപതാം വർഷത്തോടനുബന്ധിച്ച് 2022 ഡിസംബർ വരെ ഒ.പി. ചാർജിൽ 50 ശതമാനം ഇളവുണ്ടായിരിക്കുന്നതാണ്. തുടർന്ന് കിടത്തി ചികിത്സ ആവശ്യമുള്ളവർക്ക് വാർഡിൽ ചികിത്സാചിലവിൽ ഇളവ് ലഭിക്കുന്നതാണ്.

**11. സൗജന്യ ആന്റിവെനം, 70 സൗജന്യ ഡയാലിസിസ്, സൗജന്യ മുറിച്ചുണ്ട് ശസ്ത്രക്രിയ**

പാമ്പുകടിയേറ്റവർക്കുള്ള മികച്ച ചികിത്സ നൽകിവരുന്ന ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയ്ക്കായുള്ള ആന്റിവെനം സൗജന്യമായി നൽകിവരുന്നത് തുടരുവാൻ നിശ്ചയിച്ചിരിക്കുന്നു.

എഴുപതാം വർഷത്തോടനുബന്ധിച്ച് 2022 ഡിസംബർ വരെ എല്ലാ മാസവും 70 ഡയാലിസിസ് സൗജന്യമായിരിക്കും. സൗജന്യമായി നടന്നുവന്നിരുന്ന മുറിച്ചുണ്ട്, മുറിയണ്ണാക്ക് ശസ്ത്രക്രിയകൾ തുടർന്നും സൗജന്യമായിരിക്കും. എഴുപതാം വർഷത്തോടനുബന്ധിച്ച് ജൂബിലിയിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് വേണ്ട വികസനപ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**12. ലോകാരോഗ്യദിനത്തിൽ ഫ്ളാഷ്മോബ്**

ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും കോളേജ് യൂണിയനും ഒന്നിച്ച് വിവിധയിനം മത്സരങ്ങൾ സംഘടിപ്പിച്ചു. കൂടാതെ ജില്ലാ ആരോഗ്യകാര്യാലയത്തോടൊപ്പം ചേർന്ന് തേക്കിൻകാട് മൈതാനത്തിൽ ഫ്ളാഷ്മോബ് അവതരിപ്പിച്ചു.

**13. അഭിനന്ദനങ്ങൾ.. ആശംസകൾ..**

ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോ ഹെമറ്റോളജിയുടെ 46 ാമത് വാർഷിക സമ്മേളനത്തിൽ (TRANSCON 2021) ഇപോസ്റ്റർ പ്രസന്റേഷനിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി ഡോ. മാഗ്ലിൻ എം. എൽ. ജെ. ടോമി ഒന്നാം സ്ഥാനം നേടി.

ഇന്ത്യൻ അസോസിയേഷൻ ഓഫ് ഗൈനക് എൻഡോ സ്കോപ്പി (IAGE) കൊൽക്കത്തയിൽ വച്ച്

നടത്തിയ ദേശീയ കോൺഫറൻസിൽ 2020-2021 കാലയളവിൽ എൻഡോ സ്കോപ്പിക് സർജറി മേഖലയിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് അവാർഡ് നൽകി ആദരിക്കുകയും IAGEന്റെ മാനേജിംഗ് കമ്മിറ്റിയിലേക്ക് തുടർച്ച യായി രണ്ടാം വർഷവും തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആൻഡ് റിസർച് ഇസ്റ്റിറ്റ്യൂട്ടിലെ ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത് കുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. കേരളത്തിൽ നിന്ന് ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ വ്യക്തിയാണ് അദ്ദേഹം.

**14. ഡയാലിസിസിന് സംഭാവന നൽകിയവർ**

- സിസ്റ്റർ ഫ്രാൻസി, ഫാർമസി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- പിതൃവേദി, സെന്റ് ഫ്രാൻസിസ് ഫൊറോന ചർച്ച്, വേലൂർ
- ജെയ്സൺ ബേബി, തരകൻ ഹൗസ്, പറവട്ടാനി, ഒല്ലൂക്കര, തൃശ്ശൂർ
- ഫാ. ജെയ്സൺ കൂനംപ്ലാക്കൽ, മേരി മാത സെമിനാരി, തൃശ്ശൂർ

**15. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- റെല്ലി ടി. ആർ, മഞ്ഞളി ഹൗസ്, പാലിശ്ശേരി, തൃശ്ശൂർ
- രവീന്ദ്രൻ, കുരിയിച്ചിറ, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്
- സി. വി. ജേക്കബ്, ചാലിശ്ശേരി ഹൗസ്, വലപ്പാട്, തൃശ്ശൂർ
- ഡിപ്പാർട്ടുമെന്റ് ഓഫ് കോമേഴ്സ് മാനേജ്മെന്റ്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
- നീതു വി വി, മൂർക്കനിക്കര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പി.എച്ച്.ഡി നേടി**

1. ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന നീനു എ. സന്തോഷ് ഡോ. ആന്റോ. പി.വി യുടെ ഗവേഷണ മേൽനോട്ടത്തിൽ 'ബെനിഷിഷ്യൽ ആസ്പെക്റ്റ് ഓഫ് എൽന്റോഫൈറ്റിക് ബാക്ടീരിയ എന്ന വിഷയത്തിൽ പി.എച്ച്.ഡി ബിരുദം നേടി. ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ആദ്യത്തെ പി.എച്ച്.ഡി ആണ് ഈ ബിരുദം. പ്രൊഫ. രാധാമണി പി.എം (കേരള യൂണിവേഴ്സിറ്റി), ചെയർ പേഴ്സൺ ആയിരുന്നു.

2. ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ ഐശ്വര്യ കെ.എസ് ഡോ. വിമല ജോസിന്റെ ഗവേഷണ മേൽനോട്ടത്തിൽ 'ഗ്രിൻ സിൻന്തസിസ് ഓഫ് സിൽവർ നാനൊ പാർട്ടിക്കിൾ എന്ന വിഷയത്തിൽ പി.എച്ച്.ഡി ബിരുദം നേടി. പ്രൊഫ. എൻ. ഗീത (ഭാരതിയാർ യൂണിവേസിറ്റി) ചെയർപേഴ്സൺ ആയിരുന്നു.

**2. പ്ലെയ്സ്മെന്റ്**

കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്ലെയ്സ്മെന്റ് ലഭിച്ചവർ. ഗൈഡ് ഹൗസ് – 47, ഇന്നൊവേചർ – 1, എം.ആർ.എഫ്–7, കുഫ–2, സ്ട്രെയിവ്–2, ഇൻഫോസിസ്–4, കേപ്പ്ജിമിനി–2, ബൈജൂസ്–1, വിപ്രോ–1, എക്സ്പിരിയോൺ–2, ടി.സി.എസ്–15. ഒരു മാസത്തിനുള്ളിൽ 84 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് ലഭിക്കാൻ സാധിക്കുന്ന വിധത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന പ്ലെയ്സ്മെന്റ് സെല്ലിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

**3. കായികം**

സന്തോഷ് ട്രോഫി കിരീടം ചൂടിയ കേരള ടീമിന്റെ മുഖ്യ പരിശീലകനും ഈ കോളേജിന്റെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ ബിനോ ജോർജ്ജിന് അഭിനന്ദനങ്ങൾ.

സന്തോഷ് ട്രോഫി കേരള ടീമിന്റെ അംഗമായ മുഹമ്മദ് സഹീഫിന് കോളേജിന്റെ അഭിനന്ദനങ്ങൾ.

ദേശീയ ഇന്റർ യൂണിവേഴ്സിറ്റി 2022, മത്സരങ്ങളിൽ സമ്മാനം നേടിയവർ

സലീഹ കെ.എൻ – ഹൈജമ്പ് – നാലാം സ്ഥാനം

റഷിബ് ജബീൽ – റിലെ (4X400) – നാലാം സ്ഥാനം

വിഷ്ണു കെ.എസ് & ഷംനാഡ് കെ.പി – ഫുഡ്ബോൾ – മൂന്നാം സ്ഥാനം

ആൻസി സോജൻ – ലോഗ്ജംമ്പ്

– ഒന്നാം സ്ഥാനം

ആൻ റോസ് ടോമി – ഹഡിൽസ് (100 മീറ്റർ) – മൂന്നാം സ്ഥാനം

മുഹമ്മദ് ബയ്സിൽ എം – കിക്ക് ബോക്സിംഗ് – രണ്ടാം സ്ഥാനം

കേരള ഗെയിംസ്

അമൽ ബി ഉദയ് – ബോക്സിംഗ് – ഒന്നാം സ്ഥാനം

കാലിക്കറ്റ് യൂണിവേഴ്സിറ്റി

ഇന്റർ കോളേജിയറ്റ് – ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് – ഒന്നാം സ്ഥാനം

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻർസോൺ– മെൻസ് സൈക്കിളിംഗ് – ഒന്നാം സ്ഥാനം

ബെസ്റ്റ് മെൻ കോളേജ്

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കായിക മത്സര ഇനത്തിൽ ബെസ്റ്റ് മെൻ കോളേജായും അഗ്രിഗെറ്റ് വിഭാഗത്തിൽ സെക്കന്റും നേടിയ കോളേജിന് യൂണിവേഴ്സിറ്റിയിൽ നിന്നും 50,000 രൂപ ക്യാഷ് പ്രൈസും, ട്രോഫിയും നേടി. പ്രിൻസിപ്പാളും കായിക അദ്ധ്യാപകരും ബഹുമതി ഏറ്റുവാങ്ങി.

**4. അഭിനന്ദനങ്ങൾ**

പൂർവ്വ വിദ്യാർത്ഥിയായിരുന്ന പ്രൊഫ. ഐ ഷൺമുഖദാസിന് ഈ വർഷത്തെ 'സത്യജിത്ത് റെ മെമ്മോറിയൽ അവാർഡ് 2022 ലഭിച്ചു. ഷൺമുഖദാസ് സാറിന് അഭിനന്ദനങ്ങൾ.

**5. ഐ.സി.സി ക്വിസ്സ്**

ലോക ബൗതിക സ്വത്ത് ദിനത്തോടനുബന്ധിച്ച് ഐ.സി.സി യുടേയും ഐ.ഇ.ഡി.സി യുടേയും സംയുക്ത ആഭിമുഖ്യത്തിൽ ക്വിസ്സ് മത്സരം നടത്തി വിജയികളെ സർട്ടിഫിക്കറ്റുകൾ നൽകി ആദരിച്ചു.

**6. എൻഡോവ്മെന്റ് ഏർപ്പെടുത്തി**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ 10 പൂർവ്വവിദ്യാർത്ഥികൾ ചേർന്ന് അവരുടെ റിസർച്ച് ഗൈഡിന്റെ ബഹുമാനാർത്ഥം ഡോ. ജോബി തോമസിന്റെ പേരിൽ എൻഡോവ്മെന്റ് ഏർപ്പെടുത്തി.

**7. നേട്ടം**

ഫിസിക്സ് അദ്ധ്യാപകനായ ഡോ. വിമൽകുമാർ എന്റെ കേരളം പദ്ധതിയുടെ ഭാഗമായി തൃശൂരിൽ സംഘടിപ്പിച്ച പ്രോഗ്രാമിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് പ്രഭാഷണം നടത്തി.

**8. ഒ.എസ്.എ**

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റും ഒ.എസ്.എ യും സംയുക്തമായി ഒരു ആഴ്ചത്തെ ട്രെയിനിംഗ് പ്രോഗ്രാം 'ആൽജിബ്ര ആന്റ് അനാലിസിസ് എന്ന വിഷയത്തിൽ സംഘടിപ്പിച്ചു.

ബോട്ടണി ഡിപ്പാർട്ട്മെന്റും ഒ.എസ്.എ യും സംയുക്തമായി ബോട്ടണിയിൽ എൻഡോവ്മെന്റ് ലഭിച്ചവരേയും പുതുതായി പി.എച്ച്.ഡി നേടിയവരേയും കാഷ്പ്രൈസും, പ്രശസ്തി പത്രവും നൽകി അനുമോദിച്ചു.

**9. പൂർവ്വ വിദ്യാർത്ഥി സംഗമം 'ഓർമ്മച്ചെപ്പ്**

കോളേജിലെ പൂർവ്വ വിദ്യാർത്ഥികളുടെ 103–ാം മത് സംഗമം ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ഒ.എസ്.എ പ്ര

സിഡന്റ് സി.എ. ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മാനേജർ മാർ ടോണി നീലങ്കാവിൽ, പ്രിൻസിപ്പാൾ ഡോ. ഫാ. മാർട്ടിൻ കെ.എ, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ, ജോ. സെക്രട്ടറി ശ്രീ ജെയിംസ് മുട്ടിക്കൽ എന്നിവർ പ്രസംഗിച്ചു.

പൂർവ്വ വിദ്യാർത്ഥികളായ മുൻ മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ്, ശ്രീ സനീഷ് കുമാർ ജോസഫ് എം.എൽ.എ, മാധ്യമ പ്രവർത്തകൻ ശ്രീ. വി.എം രാധാകൃഷ്ണൻ, സിനിമാ നിർമ്മാതാവ് ശ്രീ. സുധീഷ് പിള്ള, മികച്ച വില്ലേജ് ഓഫീസർ ശ്രീ. സി.എ ഷൈജു, പോലീസ് അവാർഡ് നേടിയ ഇടുക്കി എ.എസ്.പി ശ്രീ. എം. കെ ഗോപാലകൃഷ്ണൻ, സന്തോഷ് ട്രോഫി കേരള ടീം ഹെഡ് കോച്ച് ബിനോ ജോർജ്ജ് എന്നിവരെ ആദരിച്ചു. പൂർവ്വ വിദ്യാർത്ഥികൾ ഏർപ്പെടുത്തിയ 32 എൻഡോവ്മെന്റുകൾ വിതരണം ചെയ്തു.

**10. എൻ.എസ്.എസ്**

ചേറൂർ കാമ്പസിൽ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ പച്ചക്കറി കൃഷി വിളവെടുപ്പ് നടത്തി.

ലോക തൊഴിലാളി ദിനം, മാതൃദിനം, മലേറിയ ദിനം, സിവിൽ സർവ്വീസ് ഡെ, ലോക ഹെറിറ്റേജ് ഡേ എന്നിവ ആചരിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**അനുമോദനചടങ്ങ് സംഘടിപ്പിച്ചു**

എം.എസ്.സി കെമിസ്ട്രിയിൽ ഉയർന്ന മാർക്ക് നേടിയ ടി.അഷിതയെ, എം.എ മലയാളത്തിൽ ഉയർന്ന മാർക്ക് നേടിയ മീര കെ.ആർ എന്നിവരെ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ മെമെന്റോ നൽകി അനുമോദിച്ചു. വിദ്യാർത്ഥികൾ ഇരുവരും ബി.എഡ് ഫസ്റ്റ് സെമസ്റ്റർ വിദ്യാർത്ഥികളാണ്.

**ഇൻഡക്ടീവ് പ്രോഗ്രാം സംഘടിപ്പിച്ചു**

ഏപ്രിൽ 11–ാം തിയ്യതി ബെൻക്കെ കമ്പനിയുടെ നേതൃത്വത്തിൽ

ഇൻഡകറ്റീവ് സെഷനും ഏപ്രിൽ 12–ാംതിയ്യതി ഡോ.കെ.എസ്. സാജൻ സാറിന്റെ നേതൃത്വത്തിൽ ഐ.സി.റ്റി ക്ലാസും അദ്ധ്യാപകർക്കായി സംഘടിപ്പിച്ചു. അധ്യാപനം മികവുറ്റതാക്കാൻ സാധിക്കും വിധത്തിലായിരുന്നു ഈ രണ്ട് ദിനത്തിലെ പരിപാടികൾ സംഘടിപ്പിച്ചിരുന്നതെന്ന് അധ്യാപകർ അഭിപ്രായപ്പെട്ടു.

**NAAC നു വേണ്ടിയുള്ള പ്രവർത്തനം കാഴ്ചവെച്ചു**

NAAC നു വേണ്ടിയുള്ള പ്രവർത്തനം ദ്രുതഗതിയിലാക്കാൻ പ്രയത്നിച്ചു കൊണ്ടിരിക്കുകയായിരുന്നു കോളേജിലെ അദ്ധ്യാപക സംഘം. NAAC ന് ആവശ്യമായ ഡോക്യുമെന്റേഷൻവർക്കും റിപ്പോർട്ടും തയ്യാറാക്കുകയായിരുന്നു ഈ ദിവസങ്ങളിൽ അധ്യാപകസംഘം.

**റാങ്ക് ജേതാവിനെ അനുമോദിച്ചു**

കാലിക്കറ്റ് സർവ്വകലാശാല എം.എസ്.സി കെമിസ്ട്രി പരീക്ഷയിൽ ഒമ്പതാം റാങ്ക് നേടിയ ടി. അഷിതയെ ഏപ്രിൽ 23–ാം തിയ്യതി വെള്ളിയാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ചാക്കോ ചിറമ്മൽ അനുമോദന സൂചകമായി മെമെന്റോ സമ്മാനിച്ചു. ടി. അഷിത ഒന്നാം സെമസ്റ്റർ ബി.എഡ് വിദ്യാർത്ഥിയാണ്.

**യൂണിവേഴ്സിറ്റി പരീക്ഷ നടന്നു**

ബി.എഡ് ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഏപ്രിൽ 20–ാം തിയ്യതി ബുധനാഴ്ച മുതൽ 26–ാം തിയ്യതി ചൊവാഴ്ച്ച വരെയായിരുന്നു. വിദ്യാർത്ഥികളെല്ലാവരും തന്നെ പഠിച്ച് ഒരുങ്ങി നന്നായി പരീക്ഷയിൽ സംബന്ധിച്ചു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# എക്സൽ അക്കാദമി

**K- TET- course (Kerala Teachers Eligibility Test)**

എക്സൽ അക്കാദമിയിലെ K-TET- course ന്റെ പന്ത്രണ്ടാമത്തെ ബാച്ചിന്റെ അഡ്മിഷൻ 2022 മെയ് 20–ാം തിയ്യതി ആരംഭിച്ചു. കാറ്റഗറി 1, 2, 3, 4, വിഭാഗങ്ങളിൽ ഉൾപ്പെടുന്ന **TTC, B.ED**, വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്.

contact no: 9847276657 / 9744941585

**Foundation course**

2022 ജൂലായ് മാസത്തിൽ ആരംഭിക്കുന്ന Excel Foundation Course ന്റെ (Civil Service/Science Group) പുതിയ ബാച്ചിന്റെ അഡ്മിഷൻ മെയ് 20–ാം തിയതി ആരംഭിച്ചു. 8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും Foundation Course ന്റെ ക്ലാസ്സുകൾ തൃശ്ശൂർ ബിഷപ്സ് ഹൗസ് DBCLCയിലെ എക് സൽ അക്കാദമി ക്യാമ്പസിൽ നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9847276657 / 9744941585

**KER - KSR - Course**

സ്കൂൾ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ടെസ്റ്റിന്റെ ട്രെയ്നിങ് കോഴ്സിലേക്കുള്ള അഡ്മിഷൻ മെയ് 20–ാം തിയതി ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9847276657 / 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ............**

**ആചരിക്കാൻ 2022 ജൂൺ**

1 (ബുധൻ) – അധ്യയനവർഷം ആരംഭം

3 (വെള്ളി) – ആദ്യവെള്ളി, വി. കുർബാന

5 (ഞായർ) – ലോക പരിസ്ഥിതി ദിനം

13 (തിങ്കൾ) – വി. അന്തോണീസ്

21 (ചൊവ്വ) – വി. അലോഷ്യസ് ഗോൺസാഗോ– വിദ്യാർത്ഥികളടെ മദ്ധ്യസ്ഥൻ

24 (വെള്ളി) – തിരുഹൃദയ തിരുനാൾ

26 (ഞായർ)– ലോക ലഹരി വിരുദ്ധ ദിനം

29 (ബുധൻ) – വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ

**2. സ്വാഗതം**

2022–2023 അധ്യയനവർഷത്തിലേയ്ക്ക് എല്ലാ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനധ്യാപകർക്കും ഹാർദ്ദമായ സ്വാഗതം. ഈ അധ്യയനവർഷത്തിൽ ധാരാളം ദൈവാനുഗ്രഹങ്ങൾ നമുക്കുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

3.**തിരുഹൃദയ പ്രതിഷ്ഠ** ഈശോയുടെ തിരുഹൃദയ തിരുനാൾ ദിവസമായ ജൂൺ 24 വെള്ളി യാഴ്ച സ്കൂളുകളിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തുമല്ലോ.

**4. സ്കൂൾ കണക്ക്/റിപ്പോർട്ട്**

സ്കൂളിന്റെ 2021–2022 വർഷത്തിലെ കണക്കും റിപ്പോർട്ടും ഏജൻസി ഓഫീസിൽനിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി കച്ചേരിയിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

**ജൂൺ 6 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**വലിയ കുടുംബങ്ങൾ അനുഗ്രഹമാണെന്നു തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ്: മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ രൂപതയിൽ വലിയ കുടുംബങ്ങളുടെ സംഗമം ല്ഹയിം മീറ്റ് വ്യാകുലമാതാവിൻ ബസിലിക്കയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാലും അതിൽ കൂടുതലും മക്കളുള്ളവരും രണ്ടായിരാമാണ്ടിനു ശേഷം വിവാഹം കഴിഞ്ഞവരുമായ കുടുംബങ്ങളാണ് സംഗമത്തിൽ പങ്കെടുത്തത്. തൃശൂർ അതിരൂപതയിൽ ഇത്തരത്തിൽ 200 കുടുംബങ്ങളാണ് ഉള്ളത്. ഏപ്രിൽ 24 ഞായറാഴ്ച തൃശൂർ പരിശുദ്ധ വ്യാകുല മാതാവിൻ ബസിലിക്കയിൽ 2 മണിക്ക് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമികനായി ദിവ്യബലിയർപ്പണം നടന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സ്വാഗതവും പ്രസിഡണ്ട് രാജൻ ആന്റണി നന്ദിയും പ്രകാശിപ്പിച്ചു.

കെ.സി.ബി.സി പ്രോലൈഫ് സംസ്ഥാന സമിതി ജന:സെക്രട്ടറി ജെയിംസ് ആഴ്ച്ചങ്ങാടൻ ആമുഖ പ്രഭാഷണം നടത്തി. കുടുംബകൂട്ടായ്മ കൺവീനർ പോൾ പാറക്കൽ, മാതൃവേദി പ്രസിഡണ്ട് എൽസി വിൻസെന്റ്, വിവിധ ആശുപത്രി ഡയറക്ടർമാർ, സ്കൂൾ പ്രിൻസിപ്പൽമാർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കൂടാതെ വലിയ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളുടെ കലാപരിപാടികളും എറണാകുളം ജോയ്സ് മുക്കുടം അവതരിപ്പിക്കുന്ന പ്രോലൈഫ് മാജിക്

ഷോയും പരിപാടികൾക്ക് മിഴിവേകി. പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും സ്നേഹവിരുന്നും ഗിഫ്റ്റുകളും നൽകി. അതിരൂപത പ്രോലൈഫ് സമിതി സെക്രട്ടറി നയോമി ബാബു, ട്രഷറർ ഷീബ ബാബു, എം.എ വർഗ്ഗീസ്, ഇ.സി. ജോർജ്ജ് മാസ്റ്റർ, ജീസൻ വർഗ്ഗീസ്, റോസിലി മാത്യു, ബാബു ഇഗ്നേഷ്യസ്, ജോസ് പടവൻ, സണ്ണി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

### പരിസ്ഥിതി ദിനാചരണം
### ജൂൺ 5 ഞായർ

ജൂൺ 5–ാം തിയ്യതി പരിസ്ഥിതി ദിനം കുടുംബകൂട്ടായ്മ ഭാരവാഹികൾ ഇടവക വികാരിയച്ചനുമായി ആലോചിച്ച് ഇടവകയിൽ ആചരിക്കേണ്ടതാണ്. കുടുംബകൂട്ടായ്മ ഭാരവാഹികൾ ഇടവക അതിർത്തിയിലോ പള്ളി പരിസരങ്ങളിലോ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആഘോഷിക്കേണ്ടതാണ്. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ജൂൺ 4–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് പരിസ്ഥിതി ദിനാചരണം ആചരിക്കുന്നതാണ്.

### കുടുംബകൂട്ടായ്മ ഇലക്ഷൻ
### 2022–2025

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ ആഗസ്റ്റ് മാസത്തിലുമായി പൂർത്തിയാക്കേണ്ടതാണ്. അച്ചന്റെ ഇടവകയിൽ സൗകര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി ഇലക്ഷൻ പൂർത്തിയാക്കുമല്ലോ. യൂണിറ്റ് – ഇടവകതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. ഓരോ കുടുംബകൂട്ടായ്മകളിലും താഴെ പറയുന്ന സ്ഥാനങ്ങളി

ലേക്കാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് (1 പുരുഷൻ), വൈസ് പ്രസിഡണ്ട് ( 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷന്), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.

2. കുടുംബകൂട്ടായ്മ 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.

3. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

4. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരാവാഹിയായി തുടരാൻ അനുവാദമില്ല.

5. ഇടവക കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് 2022 ആഗസ്റ്റ് മാസത്തിൽ നടത്തപ്പെടേണ്ടതാണ്. ഇടവക കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് 2 പേരെ പ്രവർത്തകസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.

6. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മകളിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.

7. 2022സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്രസമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്.

8. 2022 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

NB : ഇടവക പ്രതിനിധി യോഗത്തിലേക്ക് കുടുംബകൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പ്രവർത്തിക്കുന്നവരായിരിക്കണം. സാധാരണ നിലയിൽ അവർ കുടുംബകൂട്ടായ്മകളിലെ പ്രധാന ഭാരവാഹികളിൽ (പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ) ആരെങ്കിലും ആയിരിക്കണം.– തൃശ്ശൂർ അതിരൂപത നിയമാവലി ഭാഗം 1, പൊതുനിയമങ്ങൾ, 2015, പേജ് 89, §2.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിക്കുകയാണ്. ഈ സദുദ്യമത്തിൽ പങ്കുചേരാൻ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. ജൂൺ മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ യൂദിത്ത്, എസ്തേർ, 1,2 മക്കബായർ, ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം എന്നീ പുസ്തകങ്ങളാണ്.

**കൂദാശ ഒരു പഠനം**

മാതൃവേദി അംഗങ്ങൾക്കായുള്ള കൂദാശയെക്കുറിച്ചുള്ള പഠനശിബിരം ജൂൺ 14–ാം തിയ്യതി ചൊവ്വാഴ്ച **11.00** am **– 12.00** pm വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**വൃക്ഷതൈ വിതരണം**

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും വൃക്ഷത്തൈ നൽകുന്നതാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന വൃക്ഷതൈ വിതരണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചിട്ടുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ജൂൺ 14 ചൊവ്വ 9.30 am – 1.00 pm വരെ ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്ക് കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും വസ്തുക്കൾ കൊണ്ടുവരാവുന്നതാണ്.

**റമ്പാൻ പാട്ട് മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള റമ്പാൻ പാട്ട് മത്സരം ജൂലായ് 4 തിങ്കൾ തൃശ്ശൂർ ഫാമിലി അപ്പൊ

സ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. താഴെ പറയുന്ന നിയമാവലിക്കനുസൃതമായി പങ്കെടുക്കുന്നവർ ഒരുങ്ങാൻ ശ്രമിക്കുമല്ലോ.

1. റമ്പാൻ പാട്ട് മത്സരം ജൂലായ് 4 ന് തിങ്കളാഴ്ച്ച രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. 9.30 ന് എല്ലാ മത്സരാർത്ഥികളും ചെസ്റ്റ് നമ്പർ സ്വീകരിക്കേണ്ടതാണ്.

2. ഒരു ടീമിൽ 5 ൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല.

3. ഇടവക, ഫൊറോന അടിസ്ഥാനത്തിൽ മത്സരം കഴിഞ്ഞ് ഫൊറോനയിൽ നിന്ന് ഒന്നാം സമ്മാനത്തിന് അർഹരായ ടീമിന്റെ പേരുകളാണ് ജൂൺ 27 ന് മുൻപായി അതിരൂപത ഭാരവാഹികളെ അറിയിക്കേണ്ടത്. ഒരു ഫൊറോനയിൽ നിന്ന് ഒരു ടീമാണ് അതിരൂപത തലത്തിൽ മത്സരത്തിന് വരേണ്ടത്. ജൂൺ 27 ന് ശേഷം വരുന്ന ടീമുകളെ പരിഗണിക്കുന്നതല്ല.

4. മത്സര സമയം 7 മിനിറ്റ്. 6 മിനിറ്റിൽ വാണിങ്ങ് ബെൽ അടിക്കും. 7 മിനിറ്റിൽ സമാപനം.

5. ഫൊറോന ഭാരവാഹികളും അതിരൂപത ഭാരവാഹികളും മത്സരത്തിൽ പങ്കെടുക്കാൻ പാടില്ല.

6. റമ്പാൻ പാട്ടിന് വാദ്യോപകരണങ്ങൾ അനുവദിച്ചിട്ടില്ല. പാട്ട് പാടുന്നതിന്റെ അടിസ്ഥാനത്തിലാണ് വിധികർത്താക്കൾ മാർക്കിടുന്നത്. അലങ്കാരത്തിനോ, യൂണിഫോമിനോ പ്രത്യേക മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

7. മൈക്ക് ഉണ്ടായിരിക്കുന്നതല്ല, റെക്കോർഡിങ്ങ് അനുവദിച്ചിട്ടില്ല.

8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

9. മാതൃവേദി ഗ്രൂപ്പുകളിൽ 16 മിനിറ്റിന്റെ റമ്പാൻ പാട്ട് ഇട്ടിട്ടുണ്ട്. അതിൽ നിന്ന് ഏഴ് മിനിറ്റിന് ആവശ്യമായ ഭാഗമെടുത്ത് പാടാവുന്നതാണ്. അതിൽ കൊടുത്തിരിക്കുന്ന ട്യൂണിലാണ് പാടേണ്ടത്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**ഇഡബ്ല്യുഎസ് സെമിനാറുകൾ**
അധ്യയന വർഷത്തിലേക്ക് പ്ലസ് വൺ മുതലുള്ള ക്ളാസ്സുകളിലേക്കു അഡ്മിഷൻ ലഭിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുള്ള സംവരണ സർട്ടിഫിക്കറ്റായ ഇഡബ്ല്യുഎസ് റിസേർവഷനെ (ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റിന്റെ കാലാവധി ഓരോ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ) കുറിച്ചുള്ള സെമിനാറുകൾ തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകളുടെ ആവശ്യാനുസരണം സംഘടിപ്പിക്കുന്നു. ഇനിയും ഇഡബ്ല്യുഎസ് റിസേർവഷൻ എന്താണെന്നു മനസിലാക്കാത്ത ഒരുപാട് പേര് ഇടവകകളിൽ ഉണ്ട്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ. കൂടുതൽ വിവരങ്ങൾക്ക്: 9605043327, 9447769815, 9946221499

**തപാൽ വകുപ്പിൽ 38,926 ഒഴിവുകൾ**
തപാൽ വകുപ്പിന് കീഴിലെ വിവിധ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 38,926 ഒഴിവുകളാണുള്ളത്. അംഗീകൃത ബോർഡിൽ നിന്ന് പത്താം ക്ലാസോ അല്ലെങ്കിൽ തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം. ഇഡബ്ല്യുഎസ് സർട്ടിഫിക്കററുള്ളവർക്ക് അർഹമായ സംവരണം ഉണ്ടായിരിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി – 2022 ജൂൺ 5

**കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ**
കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 64 തസ്തികയിലേക്ക് കേരള പബ്ലിക് സർവീസ് കമ്മിഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. തസ്തികകളും യോഗ്യത മാനണ്ഡങ്ങളും അപേക്ഷ സമർപ്പണത്തിനുള്ള നിർദേശങ്ങളും സെലക്ഷൻ നടപടികളും അടങ്ങിയ ഔദ്യോഗിക വിജ്ഞാപനം 04/05/2022 –ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 40800 – 85000 ആണ് ശമ്പള നിരക്ക്. ഇഡബ്ല്യുഎസ് സർട്ടിഫിക്കററുള്ളവർക്ക് അർഹമായ സംവരണം ഉണ്ടായിരിക്കും.
അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി:2022 ജൂൺ 8
കൂടുതൽ വിവരങ്ങൾക്ക്
9605043327, 9447769815, 9946221499

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്,

കിഴക്കുംപാട്ടുകര, തൃശൂർ 680005  ഇമെയിൽ : info@afctcr.com
ഫോൺ : 7902713325, 7909293325  വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

Santhwanam
ARCHDIOCESE OF TRICHUR

**അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു.**

തൃശൂർ അതിരൂപത സാന്ത്വനം, പുതിയ സ്നേഹനിധി സ്വയം സഹായ സംഘങ്ങളുടെ രൂപീകരണത്തിന് പുലക്കാട്ടുകര ഇടവകയിൽ അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു.സ്വയം സഹായ സംഘങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും, അത് കൊണ്ടുള്ള ഗുണങ്ങൾ ഇടവക ജനങ്ങൾക്ക് എങ്ങനെ ലഭിക്കുന്നുവെന്നും സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി വിശദീകരിച്ചു.വികാരി ഫാ. സിജു പുളിക്കൻ,ഇടവക പ്രതിനിധികൾ എന്നിവരും സെമിനാറിൽ സംബന്ധിച്ചു.തുടർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു.

തൃശൂർ അതിരൂപത സാന്ത്വനം, സ്നേഹനിധി സ്വയം സഹായ സംഘങ്ങളുടെ രൂപീകരണത്തിന്റെ ഭാഗമായി നടത്തറ ഇടവകയിൽ നടത്തിയ യോഗത്തിൽ സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, വികാരി ഫാ.ജോജു പൊറുത്തൂർ, അസി.വികാരി ഫാ.കനേഡിയൻ,കോർഡിനേറ്റർ ബീന വർഗീസ്, സ്വിഫ്റ്റ് മാർട്ട് ഫ്രാഞ്ചൈസി മാനേജർ തോമസ് എലുവത്തിങ്കൽ എന്നിവർ പങ്കെടുത്തു.സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനരീതികളും അവർക്ക് ലഭ്യമാകുന്ന സാധ്യതകളെയും കുറിച്ച് ഫാ. ജോസ് വട്ടക്കുഴി വിശദീകരിച്ചു. 10,000/- രൂപയുടെ ചെക്ക് സാന്ത്വനം കാൻ കെയർ പദ്ധതിയിലേക്ക് നടത്തറ സ്നേഹനിധി സംഭാവന നൽകി.

**സ്വയം സഹായ സംഘങ്ങൾക്ക് പരിശീലനം**

ലോൺ വായ്പയുടെ ഭാഗമായി ചേലക്കര,മുക്കാട്ടുകര,അരണാട്ടുകര എന്നീ സംഘാംഗങ്ങൾക്ക് വൈവിധ്യമാർന്ന ചക്ക വിഭവങ്ങളുടെ പരിശീലനം നൽകുകയുണ്ടായി. തുടർന്ന് അവർക്ക് 5% പലിശ നിരക്കിൽ 6,60,000/- രൂപ വായ്പ നൽകി.

**നബാർഡ് മീറ്റിംഗ്**

തിരഞ്ഞെടുത്ത 9 NGO കൾക്ക് നബാർഡിന്റെ അർദ്ധദിന സെമിനാർ നടത്തി.കിഡ്സ് കോട്ടപ്പുറം, സോഷ്യൽ ഫോറം ഇരിഞ്ഞാലക്കുട,അവാർഡ് ചാലക്കുടി,ന്യൂസ് ഓഫ് ഇന്ത്യ ഗുരുവായൂർ,സെന്റർ ഫോർ സോഷ്യൽ റിസർച്ച് പുതുക്കാട്, വുമൺ വെൽഫെയർ കൗൺസിൽ തൃശൂർ, സാന്ത്വനം അപ്പോസ്തോലേറ്റ് സെന്റർ തൃശൂർ തുടങ്ങിയ NGOകളാണ് പങ്കെടുത്തത്. നബാർഡിന്റെ DDM ശ്രീ.സിബിൻ ആന്റണി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളും NGO കൾക്ക് നബാർഡിൽ നിന്ന് ലഭിക്കുന്ന സഹായങ്ങളെകുറിച്ചും വിശദീകരിച്ചു.സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർമാരായ ശ്രീമതി.ബീന വർഗീസ്,ശ്രീ.നെൽസൺ സി.ടി.,ആനിമേറ്റർ ശ്രീമതി.അനിത ജോസഫ് എന്നിവർ പങ്കെടുത്തു.

**സാന്ത്വനതീരത്ത് പരിശുദ്ധ ആരോഗ്യമാതാവിന്റെ തിരുനാൾ**

തൃശൂർ അതിരൂപത സാന്ത്വനത്തിന്റെ കീഴിലുള്ള അതിഥി മത്സ്യതൊഴിലാളി കേന്ദ്രമായ ചാവക്കാട് പരി.ആരോഗ്യമാതാവിന്റെ തിരുനാൾ പ്രൗഢ ഗംഭീരമായി ആഘോഷിച്ചു. ഏപ്രിൽ 30–ാം തിയതി ശനിയാഴ്ച്ച വൈകിട്ട് 7 മണിക്ക് പാലയൂർ ഫൊറൊന വികാരി ഫാ.കണ്ണംമ്പുഴ ഡേവിസ് കൊടി ഉയർത്തി. തുടർന്ന് ആഘോഷമായ ദിവ്യബലിക്ക് അസി.ഡയറക്ടർ ഫാ.സിജു പുളിക്കൻ കാർമികത്വം വഹിച്ചു. തിരുനാൾ ദിനമായ മെയ് 1 ഞായറാഴ്ച്ച ആഘോഷമായ ദിവ്യബലിക്ക് ഡയറക്ടർ ഫാ.ജോയ് മൂക്കൻ മുഖ്യ കാർമികനായി.സാന്ത്വനം അസോ. ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി തിരുനാൾ സന്ദേശം നൽകി.തുടർന്ന് കടൽതീരത്തുകൂടി ആഘോഷമായ പ്രദക്ഷിണം നടന്നു. മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ സിസ്റ്റേഴ്സ്, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ, ശ്രീ.മാത്യൂസ് ഒലക്കേങ്കിൽ, ശ്രീ.ടോണി ആന്റോ, ശ്രീ.ജോസ് പനക്കൽ എന്നിവർ തിരുനാളിന് നേതൃത്വം നൽകി.

**സാന്ത്വനം എക്സ്പോയും വിപണനമേളയും**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, സാന്ത്വനം കാൻ കെയർ പദ്ധതിയുടെ ഭാഗമായി സാന്ത്വനം എക്സ്പോയും വിപണനമേളയും പാവറട്ടി വി.യൗസേപ്പിതാവിന്റെ തീർത്ഥകേന്ദ്രത്തിൽ നടത്തി. സാന്ത്വനത്തിന്റെയും സ്വയം സഹായ സംഘങ്ങളുടെയും സ്വയം

സംരംഭകരുടെയും വിവിധ രൂപത കളിലെ സോഷ്യൽ സർവീസ് സൊസൈറ്റികളുടെയും ഉൽപന്ന ങ്ങളുടെ പ്രദർശനവും വിപണ നവും നടന്നു.

**സംരംഭകത്വ പരിശീലന സെമി നാർ**

കത്തോലിക്ക കോൺഗ്രസ് ചുവന്ന മണ്ണ് യൂണിറ്റും തൃശൂർ അതിരൂപ ത സാന്ത്വനവും സംയുക്തമായി സംഘടിപ്പിച്ച സംരംഭകത്വ പരിശീ ലന സെമിനാർ ചുവന്നമണ്ണ് സെന്റ് ജോസഫ് നിർമ്മലഗിരി പാരിഷ് ഹാളിൽ വെച്ച് സാന്ത്വനം അസോ. ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി ഉദ്ഘാടനം ചെയ്തു. സ്വയം സഹാ യസംഘങ്ങളുടെ രൂപീകരണം കോർഡിനേറ്റർ ശ്രീമതി. ബീന വർഗീസ് നിർവഹിച്ചു. ഏകദേശം 80 ഓളം യുവതികൾക്കാണ് പരി ശീലനം നൽകിയത്. തൃശൂർ കോർപ്പറേഷൻ കൗൺസിലർ അഡ്വ.വില്ലി സംരംഭകത്വ ക്ലാസ് നയിച്ചു. സ്വിഫ്റ്റ് മാർട്ട് ഫ്രാഞ്ചൈ സി മാനേജർ ശ്രീ.തോമസ് എലു വത്തിങ്കൽ സ്വിഫ്റ്റ് മാർട്ട് ഫ്രാഞ്ചൈസിയുടെ പ്രവർത്തനങ്ങ ളെപ്പറ്റി വിശദീകരിച്ചു.ചുവന്നമണ്ണ് വികാരി ഫാ.ആന്റോസ് എലുവത്തി ങ്കൽ, കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് റോയ് സി.ഡി, സെക്ര ട്ടറി ഡെയ്സി പായപ്പൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**പ്രവർത്തന കാലഘട്ട ഉദ്ഘാ ടനം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2022 –23 പ്രവർത്തന കാലഘട്ടത്തിന്റെ ഉദ്ഘാടനവും അതിരുപത ഭാരവാ ഹികളെ ആദരിക്കലും ഡി.ബി.സി. എൽ.സി –യിൽ വെച്ച് ജൂൺ 18 –ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.00 മുതൽ 4.00 മണി വരെ നടത്തപ്പെ ടുന്നു. തിരുബാലസഖ്യം, ജൂനിയർ

സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ പ്രമോട്ടേഴ്സും ആനിമേറ്റേഴ്സും, ലീഡേഴ്സും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. സംഗമത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്ത ഫൊറോന ഭാരവാഹികൾ നിർബന്ധമായും തക്കതായ കാരണം ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്. വാർഷിക പ്രോഗ്രാം അന്ന് തന്നെ പ്രകാശനം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 15 ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. (ഫോൺ 0487 2325336, 9947582522)

**നേതൃത്വപരിശീലന ക്യാമ്പുകൾ**

ആനിമേറ്റേഴ്സിനും കുട്ടികൾക്കുമായി ഫോർമേഷൻ ക്യാമ്പുകൾ ഡി.ബി.സി.എൽ.സി.യിൽ വച്ച് സംഘടിപ്പിച്ചു. ആനിമേറ്റേഴ്സിന്റെ ഏകദിന ക്യാമ്പിൽ 105 പേർ പങ്കെടുത്തു. എപ്രിൽ 20, 21, 22 തിയതികളിലായി നടത്തപ്പെട്ട തിരുബാലസഖ്യം *സ്പർശ് ക്യാമ്പിൽ* 97 കുട്ടികളും, ഏപ്രിൽ 25, 26, 27 തിയ്യതികളിൽ നടത്തപ്പെട്ട അൾത്താര സംഘം *ബർക്കുമെൻസ് ക്യാമ്പിൽ* 111 കുട്ടികളും, ഏപ്രിൽ 28, 29, 30 തിയ്യതികളിലായി നടത്തപ്പെട്ട ജൂനിയർ സി.എൽ.സി. *ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പിൽ* 87 കുട്ടികളും പങ്കെടുത്തു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും വിശുദ്ധ ബലിയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി. ബഹുമാനപ്പെട്ട വൈദികർ കുട്ടികൾക്ക് ക്ലാസുകൾ എടുക്കുകയും ബഹു. ബ്രദേഴ്സ് കളികൾക്ക് നേതൃത്വം നൽകുകയും, ജീസസ്സ് യൂത്ത് പ്രവർത്തകർ ആക്ഷൻ സോങ്ങ് പഠിപ്പിക്കുകയും ചെയ്തു. കുട്ടികളെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. ഈ നേതൃത്വ പരിശീലന ക്യാമ്പിൽ വെച്ച് ആനിമേറ്റേഴ്സിന്റെയും കുട്ടികളുടേയും അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികളുടെ പേരുവിവരം താഴെ നൽകുന്നു.

**ആനിമേറ്റേഴ്സിൽ നിന്നുള്ള അതിരൂപത ഭാരവാഹികൾ**

**തിരുബാലസഖ്യം**

പ്രസിഡണ്ട് – അജിൻ ജോർജ്ജ് (അരണാട്ടുകര)

സെക്രട്ടറി – സി. മരിയ പ്രിറ്റി എഫ്.എം.ഡി.എ (കുണ്ടന്നൂർ)

**അൾത്താരസംഘം**

പ്രസിഡണ്ട് – ബ്ര. ജാസൻ ആട്ടോകാരൻ (പൊങ്ങണംകാട്)

സെക്രട്ടറി – ബ്ര. ജെയ്സൺ എടക്കളത്തൂർ (പോന്നോർ)

**ജൂനിയർ സി.എൽ.സി.**

പ്രസിഡണ്ട് – സിനോഷ പ്രിൻസ് (അമല നഗർ)

സെക്രട്ടറി – അനു കെ. ആർ. (പുതുരുത്തി)

**കുട്ടികളിൽ നിന്നുള്ള അതിരൂപത ഭാരവാഹികൾ**

**തിരുബാലസഖ്യം**

പ്രസിഡണ്ട് – സെബാസ്റ്റ്യൻ ഷാജു (പള്ളിക്കുന്ന്)

വൈസ് പ്രസിഡണ്ട് – ജൂഡിത്ത് സി. ജിജോ (പാവറട്ടി)

സെക്രട്ടറി – ആൻ മരിയ എ. എസ്. (പതിയാരം)

ജോയിന്റ് സെക്രട്ടറി – എവിൻ സിജു (ചിറ്റാട്ടുകര)

ട്രഷറർ – ജോയൽ എം. ജെ (ചെമ്പൂക്കാവ്)

**അൾത്താരസംഘം**

പ്രസിഡണ്ട് – എയ്ബൽ ജോബി (പൊങ്ങണംകാട്)

വൈസ് പ്രസിഡണ്ട് – അലൻ ജോബി (കണ്ടശ്ശാംകടവ്)

സെക്രട്ടറി – ആവൺ സൈമൺ (വരടിയം)

ജോയിന്റ് സെക്രട്ടറി – ഷാൽവിൻ സി. പി. (വടക്കാഞ്ചേരി)

ട്രഷറർ – ജോസ് ആഞ്ചലോ (അരിമ്പൂർ)

**ജൂനിയർ സി.എൽ.സി.**

പ്രസിഡണ്ട് – ആൻലിയ ജോസ് (മുണ്ടത്തിക്കോട്)

വൈസ് പ്രസിഡണ്ട് – ഷാലോം ഷാജൻ (പുതുക്കാട്)

സെക്രട്ടറി – ലിയോ എ.ടി. (പൊറുത്തൂർ)

ജോയിന്റ് സെക്രട്ടറി – ജോസ്ന പി. സുർജിത്ത് (മറ്റം)

ട്രഷറർ – ഐഡൻ ആന്റണി (പൊറുത്തൂർ)

**മരിയൻ കാരംസ് ലീഗ് 2022**

ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി മെയ് 3–ാം തിയ്യതി മരിയൻ കാരംസ് ലീഗ് 2022 സംഘടിപ്പിച്ചു. 24 ടീമുകൾ മൽസരത്തിൽ പങ്കെടുത്തു. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 1500/– രൂപ, റണ്ണേഴ്സ് 1000/– രൂപ) നൽകി അനുമോദിച്ചു.

ആൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ:

വിന്നേഴ്സ് അപ്പ് – സെന്റ് മേരീസ് ചർച്ച്, പൊങ്ങണംകാട്

റണ്ണേഴ്സ് അപ്പ് – സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ

പെൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ:

വിന്നേഴ്സ് അപ്പ് – ലിറ്റിൽ ഫ്ളവർ ചർച്ച്, വടൂക്കര

റണ്ണേഴ്സ് അപ്പ് – ലിറ്റിൽ ഫ്ളവർ ചർച്ച്, വടൂക്കര

**ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫൂട്ബോൾ ലീഗ് 2022**

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതതലത്തിൽ ഫാ. സിൻസൺ എടക്കളത്തൂരിന്റെ അനുസ്മരണാർഹം ആദ്യമായി ഫൈവ്സ് ഫൂട്ബോൾ ലീഗ് സംഘടിപ്പിച്ചു. ചെമ്പൂക്കാവ് സേക്രഡ് ഹാർട്ട് ചർച്ചിൽ വെച്ച് മെയ് 4, 5 തിയതികളിലാണ് മത്സരം നടത്തപ്പെട്ടത്. 32 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു. വിജയികൾക്ക്

എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 5000/– രൂപ, റണ്ണേഴ്സ് 3000/– രൂപ) നൽകി അനുമോദിച്ചു.

വിന്നേഴ്സ് അപ്പ് – സെന്റ് ആന്റണീസ് ചർച്ച്, അരിമ്പൂർ

റണ്ണേഴ്സ് അപ്പ് – സെന്റ് ജോസഫ്സ് ചർച്ച്, പാവറട്ടി

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് 2022**

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതതലത്തിൽ ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് സംഘടിപ്പിച്ചു. മെയ് 12–ാം തിയ്യതി തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടത്തിയ ഈ മത്സരത്തിൽ 8 ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 3000/– രൂപ, റണ്ണേഴ്സ് 2000/– രൂപ) നൽകി അനുമോദിച്ചു. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

വിന്നേഴ്സ് അപ്പ് – സെന്റ് ആന്റണീസ് ചർച്ച്, ഒല്ലൂർ

റണ്ണേഴ്സ് അപ്പ് – സെന്റ് തെരേസാസ് ചർച്ച്, എറവ്

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും." (മത്തായി 11: 29)

**സുകൃതജപം:** ഹൃദയ ശാന്തതയും എളിമയുമുള്ള ഈശോയെ എന്റെ ഹൃദയം അങ്ങേ ഹൃദയംപോലെ ആക്കണമേ.

**പ്രാർത്ഥനാ നിയോഗം:** പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയോടൊപ്പം ലോകമെമ്പാടുമുള്ള ക്രിസ്ത്യൻ കുടുംബങ്ങൾക്കായി പ്രാർത്ഥിക്കാം. ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കപ്പെട്ട കുടുംബങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിൽ സ്നേഹത്തിലും വിശുദ്ധിയിലും മുന്നേറട്ടെ.

**പരിചയപ്പെടുന്ന വിശുദ്ധൻ:** പൗരസ്ത്യസഭയുടെ അലങ്കാരമെന്ന് വിശേഷിപ്പിച്ച അലെക്സാൻട്രിയായിലെ വി. സിറിൽ ആണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. ജൂൺ 27–ാം തിയ്യതിയാണ് വിശുദ്ധന്റെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നത്.

**പ്രവർത്തനം**: ഈശോയുടെ തിരുഹൃദയത്തിന്റെയും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിന്റെയും സ്തുതിക്കായി ഏതെങ്കിലും ഒരു നന്മപ്രവൃത്തി ചെയ്ത് കാഴ്ച്ചവെയ്ക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുന്നിലെ ധർണ്ണ**

മദ്യനയത്തിൽ ഇളവുകൾ വരുത്തുന്ന സർക്കാർ നയത്തിനെതിരെ മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ 12.04.22 സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണ നടത്തി. ജോഷ്വ മാർ ഇഗ്നോത്തിയസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് മുൻ കേരള സ്പീക്കർ വി.എം. സുധീരനാണ്. മാർ ബസേലിയോസ് ക്ലീമിസ് ബാവ തിരുമേനി, മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഫാ. ജോൺ അരീക്കൽ, പി.ജെ. കുരിയൻ, ഇയ്യാച്ചേരി കുഞ്ഞിക്കൃഷ്ണൻ, സ്വാമി അശ്വതി തിരുനാൾ എന്നിവർ ധർണ്ണയെ അഭിസംബോധന ചെയ്തു. തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് ഡയരക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ 20–ഓളം പേർ ധർണ്ണയിൽ പങ്കെടുക്കുകയുണ്ടായി.

**2. ദു:ഖശനിയാഴ്ചയിലെ ഉപവാസം**

'ഈസ്റ്റർ മദ്യവിമുക്തമാക്കുക' എന്ന സന്ദേശം നൽകുന്നതിന് തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതി ഡയരക്ടറച്ചൻ ഉൾപ്പെടെ മദ്യവിരുദ്ധസമിതി പ്രവർത്തകർ 16.04.22 ന് ഏകദിന ഉപവാസമനുഷ്ഠിച്ചു. വടക്കാഞ്ചേരി ഫൊറോന ദൈവാലയ പരിസരത്ത് സംസ്ഥാന ഹൈവേയിൽ നടത്തിയ ഉപവാസം വടക്കാഞ്ചേരി ഫൊറോന പ്രൊമോട്ടർ ബഹു. ജോബി കടപ്പൂരാന്റെ അദ്ധ്യക്ഷതയിൽ അരങ്ങേറി. ഫൊറോന വികാരി ബഹു. വെരി റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ച ഉപവാസ യജ്ഞത്തിൽ ആനിമേറ്റർ റവ. സി. റോസ്‌ലിൻ, ടി.എസ്. അബ്രാഹം, ക്ലാര ടീച്ചർ, ടി.ജെ. ജോയി, ഫ്രാൻസീസ് ആലപ്പാട്ട്, ശ്രീമതി കൊച്ചന്നം എന്നീ പ്രവർത്തകരും പങ്കുചേർന്നത് അഭിനന്ദനാർഹം തന്നെ.

സമൂഹത്തിലെ വിവിധ മേഖലകളിലുള്ള പ്രമുഖർ ഉപവാസ പന്തലിലെത്തി ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഫാ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിയിൽ, ഫാ. ഡോ. ചാക്കോ ചിറമ്മൽ, ഫാ. സെബി കവലക്കാട്ട്, ഉസ്താദ് സുധീർ സഖാഫി, അഡ്വ. മായാദാസ്, അജിത് മല്ലയ്യ,

ശ്രീമതി ഷാഹിത റഹ്മാൻ, അനിരുദ്ധൻ, പുന്നയ്ക്കൽ നാരായണൻ, ടി.എച്ച്. മുഹമ്മദ്, ടി.പി. ജോയ്സൺ എന്നിവർ അവരിൽ ചിലർ മാത്രം. പരിപാടിയിലെ മുഖ്യാതിഥിയായിരുന്ന ബഹു. ഫാ. ഡേവീസ് ചിറമ്മലാണ് ഏകദിന ഉപവാസമനുഷ്ഠിച്ചവർക്ക് നാരങ്ങാനീരു നൽകി പരിപാടി അവസാനിപ്പിച്ചത്.

**3. കോർ കമ്മിറ്റി / എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങ്**

21.04.2022 ൽ കോർ കമ്മിറ്റിയും 24.04.22 ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നു. മുൻ പ്രവർത്തനങ്ങളുടെ അവലോകനവും ഈ മാസം പ്രത്യേക ശ്രദ്ധ വേണ്ടതായ സംസ്ഥാന സമ്മേളനം, നേതൃത്വ പരിശീലന സഹവാസ ക്യാമ്പ് എന്നിവയുടെ നടത്തിപ്പിനെപ്പറ്റി ആലോചനയും നടത്തി. അതിരൂപത സെക്രട്ടറിയും പരിപാടികളുടെ കൺവീനറുമായ ടി.എസ്. അബ്രാഹം ഇതുവരെ ചെയ്ത തയ്യാറെടുപ്പുകളെപ്പറ്റി വിവരിച്ചു. കൂടുതൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തുന്നതിനും ധാരണയായി.

**4. സംസ്ഥാന സമ്മേളനം തലശ്ശേരിയിൽ**

28.04.22 ൽ തലശ്ശേരി അതിരൂപതയിലെ ഇരിട്ടിക്കടുത്തുള്ള ഉളിക്കലിൽ വേദി തീർത്ത സംസ്ഥാന സമ്മേളനത്തിൽ മികച്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം തൃശൂർ അതിരൂപതയ്ക്കാണ് ലഭിച്ചത്. അഭിമാനകരമായ അംഗീകാരത്തിനുള്ള ട്രോഫി സമ്മേളന വേദിയിൽ വച്ച് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിൽ നിന്ന് ഡയരക്ടറച്ചനും പ്രസിഡന്റ് സി.പി. ഡേവീസ്, സെക്രട്ടറി ടി.എസ്. അബ്രാഹം, ടി.ടി. കൊച്ചുവർക്കി, ഐ.ജെ. സിജോ എന്നിവരും ചേർന്ന് ഏറ്റുവാങ്ങി.

**5. ഷെവ. സി.എൽ. ജോസിന് സ്നേഹാദരം**

29.04.22 ന് ഷെവലിയാർ സി.എൽ. ജോസിന്റെ നവതിയിൽ ആദരവ് അർപ്പിക്കുന്നതിന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ സംഘടിപ്പിക്കപ്പെട്ട ചടങ്ങിൽ അതിരൂപത ഡയറക്ടറച്ചനും ഭാരവാഹികളും പങ്കെടുത്തു. സി.എൽ. ജോസ് സഭയ്ക്കും സാഹിത്യത്തിനും നൽകിയ സേവനങ്ങളും മദ്യവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് നൽകിയ സംഭാവനകളും അനുസ്മരിച്ചുകൊണ്ട് ഉപഹാരം സമർപ്പിക്കുകയും ചെയ്തത് മാതൃകാപരമായി.

**6. നേതൃത്വ പരിശീലന സഹവാസ ക്യാമ്പ്**

മെയ് 1, 2 തീയതികളിൽ ചിയ്യാരം ഗലീലിയിൽ വച്ച് പ്രവർത്തകർക്കായി നേതൃത്വ പരിശീലന

സഹവാസക്യാമ്പ് സംഘടിപ്പിച്ചു. മെയ് 1–ാം തീയതി നാലു മണിക്ക് ഗലീലി ആശ്രമത്തിൽ നടത്തപ്പെട്ട ക്യാമ്പ് ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവാണ് ഉദ്ഘാടനം ചെയ്തത്. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിന് അതിരൂപത ഡയറക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖ പ്രഭാഷണവും നടത്തി. ബഹു. ഫാ. ഡോ. പോൾ പൂവ്വത്തിങ്കൽ CMI അനുഗ്രഹാശിസ്സുകൾ നൽകി.

2–ാം തീയതിയിലെ പരിപാടികൾ 7 മണിക്ക് ഡയരക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയോടെ തുടങ്ങി. ബഹു. ഫാ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിയിൽ 'മദ്യപാനികളുടെ ചികിത്സ' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യപ്രഭാഷണം നിർവ്വഹിച്ച് സദസ്സിനെ ധന്യമാക്കി. കെ.പി. വർഗ്ഗീസ്, സി.പി. ഡേവീസ്, ജസ്സി ജോസഫ് പാടൂക്കാട്, ഇ. എ. ജോസഫ് തുടങ്ങിയവർ ക്യാമ്പിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ക്ലാസ്സിൽ പങ്കെടുത്തവർ ഗ്രൂപ്പ് ചർച്ചകൾ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. രണ്ട് ദിവസങ്ങളിലായി 60–ഓളം പേരാണ് ക്യാമ്പിൽ പങ്കെടുത്തത്.

4.15 ന് ചേർന്ന സമാപന സമ്മേളനത്തിൽ ദേവമാത പ്രൊവിൻഷ്യാൾ വെരി. റവ. ഫാ. ഡേവീസ് പനയ്ക്കൽ CMI മുഖ്യാതിഥിയായിരുന്നു. ഗലീലി ആശ്രമം ഇൻചാർജ് ബഹു. ഫാ. ബേബി ഷെപ്പേർഡ് CMI, മുൻ ദൂരദർശൻ ഡയരക്ടർ സി.കെ. തോമസ് എന്നിവരാണ് ആശംസകൾ അർപ്പിച്ചത്. സഹവാസ ക്യാമ്പിന്റെ കൺവീനറും അതിരൂപത സെക്രട്ടറിയുമായ ടി. എസ്. അബ്രാഹമിന്റെ കൃതജ്ഞതാപ്രകാശനത്തോടെ പരിപാടികൾക്ക് പരിസമാപ്തിയായി.

**7. കുര്യാക്കോസ് മാസ്റ്റർ അനുസ്മരണം 07.05.2022**

അതിരൂപത മദ്യവിരുദ്ധസമിതിയിൽ ദീർഘകാലം എക്സിക്യൂട്ടീവ് അംഗവും ട്രഷററുമായിരുന്ന കുര്യാക്കോസ് മാസ്റ്ററുടെ ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അനുസ്മരണത്തിൽ കൂനംമൂച്ചി ദൈവാലയത്തിൽ ഡയരക്ടറച്ചൻ ദിവ്യബലിയർപ്പിച്ചു. മുൻ സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി, മുൻ പ്രസിഡന്റ് എം. കെ. ബാബു, ജോസ് വി.ഐ. എന്നിവരും തദവസരത്തിൽ സന്നിഹിതരായി.

**8. തൃശൂർ പൂരം : മദ്യനിരോധന ഉത്തരവ് അട്ടിമറിച്ചതിൽ പ്രതിഷേധം**

പ്രശസ്തമായ തൃശൂർ പൂരത്തിന് പതിവായി പ്രഖ്യാപിക്കാറുള്ള കളക്ടറുടെ മദ്യനിരോധന ഉത്ത

രവിനെ മദ്യലോബി കോടതി ഇടപെടൽ മൂലം അട്ടിമറിച്ചു. ഇതിൽ പ്രതിഷേധിച്ച് തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതി ഡയരക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ 12.05.22 ന് എക്സ്പ്രസ് പത്രത്തിൽ പ്രതിഷേധ ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ഇടവക പ്രാർത്ഥന കൂട്ടായ്മ**

കേരള കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശാനുസരണം ഇടവക പ്രാർത്ഥന കൂട്ടായ്മയുടെ പുനഃസംഘടന ഏപ്രിൽ, മെയ് മാസങ്ങളിലായി ഓരോ ഇടവക വികാരി അച്ചന്റേയും നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു. പുതിയ മാർഗ്ഗ രേഖ അനുസരിച്ച് ഇടവക പ്രാർത്ഥന കൂട്ടായ്മയ്ക്ക് ഒരു കോർഡിനേറ്ററും, ആറ് കോർടീം അംഗങ്ങളും അടങ്ങുന്ന ഒരു സർവ്വീസ് ടീം ആണ് നിലവിൽ വരുന്നത്.

ജൂൺ 5-ാം തിയ്യതി പന്തകുസ്ത തിരുനാൾ കരിസ്മാറ്റിക് ദിനമായി ഓരോ ഇടവകയിലും ആഘോഷിക്കുവാൻ വേണ്ട ഒരുക്കങ്ങൾ ഇടവക പ്രാർത്ഥന കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

**സബ്-സോൺ കൂട്ടായ്മ**

മാസത്തിലെ അവസാനത്തെ ശനിയാഴ്ച്ചകളിൽ 16 സബ്-സോൺ കോർഡിനേറ്റർമാരും, 5 മിനിസ്ട്രി കോർഡിനേറ്റർമാരും അതിരൂപതാ ഡയറക്ടർ ബഹു. ഷാജൻ തേർമഠം അച്ചന്റെ നേതൃത്വത്തിൽ ആബാധ്യാന കേന്ദ്രത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും, സബ്-സോണിനെ കുറിച്ച് വിലയിരുത്തലുകൾ നടത്തുകയും ചെയ്യുന്നു. ജൂൺ, ജൂലായ് മാസങ്ങളിലായി സബ്-സോൺ പുനഃസംഘനടകൾ നടത്തുവാൻ വേണ്ട ഒരുക്കങ്ങൾ

നടന്നുകൊണ്ടിരിക്കുന്നു. ജൂൺ 3, 4 തിയ്യതികളിൽ സബ്–സോൺ തലങ്ങളിൽ പന്തകുസ്ത ദിസം ആചരിക്കുവാൻ ബഹു. ആനിമേറ്റർ അച്ചന്മാരുടേയും, സബ്–സോൺ കോർഡിനേറ്റർമാരുടേയും സർവ്വീസ് ടീം അംഗങ്ങളുടേയും നേതൃത്വത്തിൽ ഒരുക്കങ്ങൾ നടന്നുകൊണ്ടി രിക്കുന്നു.

**പാരിഷ് മിനിസ്ട്രി (വചന പ്രഘോഷകരുടേയും, സ്പിരിച്ച്വൽ ഷെയറിംഗ്)**

എല്ലാ മാസത്തിലും ആദ്യ തിങ്കളാഴ്ച്ചകളിൽ പാരിഷ് മിനിസ്ട്രി അംഗങ്ങൾ ആബാ ധ്യാനകേന്ദ്രത്തിൽ ഒരുമിച്ച് കൂടുകയും, ക്ലാസ്സും വിശുദ്ധ ബലിയും, ആരാധനയും നടത്ത പ്പെടുന്നു. ഏപ്രിൽ മാസത്തിലെ കൂട്ടായ്മയ്ക്ക് ഫാദർ സ്റ്റാഴ്സൺ കള്ളിക്കാടൻ നേതൃത്വം നൽകി. മെയ് മാസത്തിലെ കൂട്ടായ്മയ്ക്ക് ഫാദർ റിജോ പയ്യപ്പിള്ളി സി. എം. ഐ. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി**

എല്ലാ വെള്ളിയാഴ്ച്ചകളിലും സോണൽ മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആബാ ധ്യാനകേന്ദ്രത്തിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ ദിവ്യകാരുണ്യ ആരാധനയും, മദ്ധ്യസ്ഥ പ്രാർത്ഥനയും, വിശുദ്ധ കുർബ്ബാനയും നടത്തപ്പെടുന്നു. ബഹു. ഷാജൻ തേർമഠം ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**സോണൽ സർവ്വീസ് ടീം**

സോണൽ സർവ്വീസ് ടീം എല്ലാ മാസത്തിലെ രണ്ടാം ശനിയാഴ്ച്ചകളിൽ ആബാ ധ്യാനകേന്ദ്രത്തിൽ ഒരുമിച്ച് കൂടുകയും, ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ കുർബാനയും നടത്തുന്നു. ഉച്ചയ്ക്കുശേഷം ചർച്ചയും വിലയിരുത്തലുകളും നടത്തപ്പെടുന്നു. 25/04/2022 ൽ ഒരുമിച്ച് കൂടിയ സോണൽ സർവ്വീസ് ടീം മീറ്റിങ്ങിൽ പുതിയതായി തെരെഞ്ഞെടുക്ക പ്പെട്ട ഇടവക പ്രാർത്ഥന കൂട്ടായ്മ കോർടീമിന് (1400 ഓളം പേരെ) മെയ് 28–ാം തിയ്യതി ആബാ ധ്യാന കേന്ദ്രത്തിൽ രാവിലെ 9.30 മുതൽ 4.30 വരെ ഒരുമിച്ച് കൂട്ടുകയും അഭിഷേക പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. ജൂൺ 5 പന്തകുസ്ത തിരുനാളിന്റെ ഒരുക്കങ്ങൾ ഓരോ ഇടവക തലത്തിലും സബ്–സോൺ തലത്തിലും നടത്തുവാൻ വേണ്ട ഒരുക്കങ്ങൾ ക്രമീകരിക്കുന്നു. മെയ് 25 മുതൽ പന്തകുസ്തയ്ക്ക് ഒരുക്കമായ 9 ദിവസത്തെ നൊവേന ആരംഭിക്കുന്നു.

**കോഴ്സ്**

വചനപ്രഘോഷണത്തിനും സ്പിരിച്ച്വൽ ഷെയറിങ്ങിനും വേണ്ടിയുള്ള ഈ വർഷത്തെ കോഴ്സ് ജൂൺ 20, 21, 22 തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലായി ആബാ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെടുന്നു.

**ദിവ്യകാരുണ്യ കൺവെൻഷൻ**
ജൂൺ 14, 15, 16 ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ വിശുദ്ധ കുർബാനയുടെ തിരുനാളിനോട നുബന്ധിച്ച് ആബാ ധ്യാനകേന്ദ്ര ത്തിൽ ദിവ്യ കാരുണ്യ കൺവെൻ ഷനും, ഏകദിന ദിവ്യകാരുണ്യ ആരാധനയും.

**ഫാ. ഷാജൻ തേർമഠം**
ഡയറക്ടർ

**വിൻസെന്റ് ചിറയത്ത്**
സെക്രട്ടറി

**റോയ് തൈക്കാട്ടിൽ**
കോ-ഓർഡിനേറ്റർ

# കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)



കേരള കത്തോലിക്ക സഭയുടെ ഔദ്യോഗിക തൊഴിലാളി സംഘടന യാണ് കേരള ലേബർ മൂവ്മെന്റ്. തൃശൂരിൽ നിന്നും കാത്തലിക് ലേബർ അസോസിയേഷൻ എന്ന പേരിൽ 1959 ൽ ആരംഭിച്ച സംഘട നയാണ് പിന്നീട് കേരള ലേബർ മൂവ്മെന്റ് എന്ന പേരിൽ അറിയപ്പെ ടുവാൻ തുടങ്ങിയത്. തൃശൂർ അതി രൂപതയിലെ ഈ തൊഴിലാളി സംഘടനയുടെ കഴിഞ്ഞ 6 മാസ ത്തെ അതിരൂപതതല പ്രവർത്തന ങ്ങളാണ് താഴെ കൊടുത്തിരി ക്കുന്നത്.

**1. ജനറൽ ബോഡിയോഗം**

'സുരക്ഷിത തൊഴിലാളി സുശക്ത ഭാരതം' എന്ന ആപ്തവാക്യം ഹൃത്തിലേറ്റി തൊഴിലാളി സമൂഹ ത്തിന്റെ ഉന്നമനത്തിനായി യത്നി ക്കുന്ന കേരള ലേബർ മൂവ്മെന്റി ന്റെ 62-ാം വാർഷിക ജനറൽ ബോഡിയോഗം 19.12.2021 ന് ഒളരിക്കര ലിറ്റിൽ ഫ്ളവർ പള്ളി ഹാളിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ശ്രീ. ബിജു ചിറയത്ത് ആദ്ധ്യക്ഷ്യം വഹിച്ച യോഗം തൃശൂർ കോർപ്പ റേഷൻ മേയർ ശ്രീ. എം.കെ. വർഗീസ് യോഗം ഉദ്ഘാടനം ചെയ്തു. തൊഴിലാളികളുടെ സൗഹാർദ്ദ സമ്മേളനങ്ങളും അവർ ക്കിടയിലെ പരസ്പര സഹായ പദ്ധതികളും കാലഘട്ടത്തിന്റെ അനിവാര്യതകളാണ് എന്ന് മേയർ ഉദ്ഘാടന സന്ദേശത്തിൽ ഊന്നി

പ്പറഞ്ഞു.

**2. അതിരൂപത കേന്ദ്രനിർവ്വഹക സമിതി യോഗങ്ങൾ**

കെ.എൽ.എം. അതിരൂപത ജനറൽ ബോഡി അംഗീകരിച്ച വാർഷിക കർമ്മപരിപാടികൾ സമയബന്ധിത മാംവിധം ചെയ്തു തീർക്കുവാനുചിതമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുനതിനായ് അതിരൂപത സമിതിയോഗങ്ങൾ എല്ലാമാസവും ആദ്യ ഞായറാഴ്ചകളിൽ ഉച്ചതിരിഞ്ഞ് 2 മണിക്ക് കെ.എൽ. എം. ഓഫീസിൽ വച്ച് നടത്തിവരുന്നു.

**3. വി. യൗസേപ്പ് പിതാവർഷാചരണ സമാപനവും 2022 ലെ വാർഷിക കർമ്മപരിപാടികളുടെ പ്രകാശനവും**

വിശുദ്ധ യൗസേപ്പ് വർഷചരണത്തിന് ആഹ്വാനം ചെയ്ത ഫ്രാൻസിസ് പാപ്പയുടെ ചൈതന്യവും പ്രചോദനവും ഉൾകൊണ്ട് കെ.എൽ.എം. 2021 ലെ ആപ്ത വാക്യമായി എടുത്തിരുന്നത് തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃകയിൽ എന്നാണ്. ഈ വർഷാചരണത്തിന്റെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും പുതിയ പ്രവർത്തന വർഷത്തിന്റെ (2022) പ്രവർത്തന രേഖയുടെ പ്രകാശനവും 2022 ജനുവരി 12ന് തൃശൂർ പാസ്റ്ററൽ സെന്ററിൽ മോൺ. ജോസ് വള്ളൂരാൻ നിർവഹിച്ചു. കോവിഡിന്റെ നിയന്ത്രണങ്ങൾ നിലനിന്ന സാഹചര്യത്തിൽ 2021 ൽ പദ്ധതിയിട്ടിരുന്ന പ്രവർത്തനങ്ങളിൽ ചിലതൊന്നും പൂർത്തീകരിക്കുവാൻ സാധിച്ചില്ല. എങ്കിലും യൗസേപ്പ് വർഷാചരണത്തിന്റെ ഭാഗമായി സ്വീകരിച്ച ആപ്ത വാക്യം അന്വർത്ഥമാക്കുവാനുതകുന്ന രീതിയിലാണ് കെ.എൽ. എം. 2022 ലെ കർമ്മപദ്ധതിയും ക്രമീകരിച്ചിരിക്കുന്നത്.

1, വി. യൗസേപ്പിതാവിന്റെ മാതൃകയിൽ നല്ല തൊഴിലാളികളാക്കി മാറ്റുന്നതിന് 'തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിനെ' കേന്ദ്ര വിഷയമാക്കിയുള്ള ധ്യാനം, പ്രാർത്ഥന കൂട്ടായ്മകൾ എന്നിവ യൂണിറ്റുകളിൽ സംഘടിപ്പിക്കുക.

2, തൊഴിലാളികളുടെ സാമൂഹ്യ, സാമ്പത്തിക സുരക്ഷ ലക്ഷ്യമാക്കി കെ.എൽ.എം. ന്റെ നേതൃത്വത്തിൽ വിവിധ തൊഴിലാളി ഫോറങ്ങളിലുള്ള അംഗങ്ങളേയും ഉൾപെടുത്തി വിവിധോദ്ദ്യേശ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3, തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുവാൻ തൊഴിൽ ദാതാക്കൾക്കും തൊഴിലന്വേഷകർക്കും ഉപകാരയോഗ്യമായ ഓൺലൈൻ സർവീസുകൾ ആരംഭിക്കുക.

4, തൊഴിലിൽ നൈപുണ്യവും തൊഴിലാളികളുടെ കഴിവുകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടി പരിശീലനങ്ങൾ സംഘടിപ്പിക്കുക. തൊഴിലാളികൾക്കായി പുതിയ സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കുകയും കൂടാതെ, അധികവരുമാന സ്രോതസ്സുകൾ ഉള്ള തൊഴി

ലുകൾ പഠിപ്പിക്കുകയും ചെയ്യുക.

5, തൊഴിലാളികളുടെ ആരോഗ്യ കുടുംബ സുരക്ഷ ഉറപ്പാക്കുവാൻ ഉതകുന്ന മൈക്രോ കോംബോ പദ്ധതികൾ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് നടപ്പിലാക്കുക.

6, യൂണിറ്റുള്ള ഓരോ ഇടവകയിലും മികച്ച തൊഴിലാളികളെ കണ്ടെത്തി ആദരിക്കുക

7, വി. യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ നടത്താനാകാതെ പോയ മെയ്ദിനാചരണം സമുചിതമായി ആഘോഷിക്കുക.

8, ഓരോരോ യൂണിറ്റുകളിലും തൊഴിലാളികളുടെ കുടുംബ സംഗമങ്ങൾ നടത്തുകയും കെ.എൽ.എം. പദ്ധതികളിൽ കൂടുതൽ ഉപകാരമായി അനുഭവിച്ചവരുടെ അനുഭവവിവരണം നടത്തുകയും ചെയ്യുക.

9, തൊഴിലിടങ്ങളിലെ അപകടങ്ങൾ മൂലം അവയവങ്ങൾക്ക് ഗൗരവമായി ക്ഷതം സംഭവിച്ചിട്ടുള്ളവർക്ക് സഹായങ്ങൾ എത്തിക്കുക.

10, ഇവ കൂടാതെ കെ.എൽ.എം. നേതൃത്വത്തിൽ നടന്നു വരുന്ന മറ്റു പദ്ധതികളുടെ വ്യാപനം വർദ്ധിപ്പിക്കുക

**4. മോൺ. തോമസ് തലച്ചിറ അനുസ്മരണം**

അന്ത്യം വരെ അക്ഷീണം അദ്ധ്വാനം ചെയ്യുവാൻ കർമ്മശേഷിയുണ്ടായിരുന്ന വ്യക്തിയായിരുന്നു മോൺ. തോമസ് തലച്ചിറയച്ചൻ എന്ന് വിലയിരുത്തിക്കൊണ്ട് കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചു. സഭക്കു വേണ്ടിയും സഭയോടൊത്തും വിശ്രമമില്ലാതെ തന്റെ ആയുസ്സിന്റെ അവസാനം വരെ കഠിനമായി അദ്ധ്വാനിച്ച വ്യക്തിയായിരുന്നു അദ്ദേഹം എന്ന് ഉദ്ഘാടനം ചെയ്ത് മോൺ. ജോസ് വള്ളൂരാൻ അനുസ്മരണ സന്ദേശത്തിൽ വ്യക്തമാക്കി. തൃശൂർ അവഭക്തരൂപതയുടെ തൊഴിലാളി പ്രസ്ഥാനമായ കാത്തലിക് ലേബർ അസോസിയേഷനെ 1972 മുതൽ സംസ്ഥാനതലത്തിലേക്ക് ഉയർത്തിയ വ്യക്തിയാണ് മോൺ. തോമസ് തലച്ചിറ.

**5. വനിത ദിനത്തിൽ വനിത തൊഴിലാളി സംഗമം നടത്തി കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)**

കോവിഡാനന്തര സാമൂഹ്യ മാനസിക പ്രതിസന്ധികൾക്കിടയിൽ നഷ്ടപ്പെട്ട കൂടിവരവുകൾ പരസ്പരം ശക്തിപകരുന്നതും സന്തോഷദായകവും അണെന്ന് വിളിച്ചോതിക്കൊണ്ട് ലോക വനിത ദിനത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ വനിത തൊഴിലാളി സംഗമം സംഘടിപ്പിച്ചു. സേവനാലയം (ചിയ്യാരം) ഹോളി ഫാമിലി ചർച്ച് സ്ക്വയറിൽ സംഘടിപ്പിച്ച സെമിനാറിലും പൊതുസമ്മേളനത്തിലും മറ്റു പരിപാടികളിലും വിവിധ തൊഴിലുകൾ ചെയ്ത് ഉപജീവനം നടത്തുന്ന വനിതകൾ പങ്കെടുത്തു. സെമി

നാറിൽ കോവിഡാനന്തര ജീവിതത്തിലെ മാനസികവും സാമൂഹികവും വൈകാരികവുമായ വെല്ലുവിളികളും അതിജീവനത്തിനുള്ള മാർഗങ്ങളും എന്ന വിഷയം ശ്രീ ജെയിൻ ഐ. മേച്ചേരി അവതരിപ്പിച്ചു.

കെ എൽ.എം. മുൻ ഡയറക്ടറും തൃശൂർ അതിരൂപതയുടെ വികാരി ജനറാളുമായ മോൺ. ജോസ് കോനിക്കര പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. വൈസ് പ്രസിഡന്റ് മോളി ജോബി അധ്യക്ഷത വഹിച്ചു. ഇളവരശി ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപന ഉടമയും ചെറുകിട സംരംഭകയുമായ ഇളവരശി പി.ജയകാന്തിനെയും, സീനിയർ തൊഴിലാളി സംഘാടകയായ റോസമ്മ വെട്ടുകാടിനേയും, കളഞ്ഞു കിട്ടിയ സ്വർണ മോതിരങ്ങൾ ഉടമക്ക് തിരികെ ലഭ്യമാക്കിയ വിശ്വസ്തതക്ക് ബീന പോളിനേയും സമ്മേളനത്തിൽ വച്ച് ആദരിച്ചു. ഫാ.ജോർജ് തോമസ് നിരപ്പുകാലായിൽ, ഫാ.സോബിൻ പായിക്കാട്ട്, ബിജു ചിറയത്ത്, ലിസ്സി ബാബു, ലിംന മനോജ്, ഉജ്വല ബിജു, ബിന പോൾ, ഇളവരശി, ആലീസ് പോൾ, മോളി വർഗീസ്, സീമ ഷാജു, ആന്റോ പോൾ, ജോയ് മാളിയേക്കൽ, സാബു മഞ്ഞളി. ലിംസി ജോയി എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. സേവനാലയം (ചിച്ചാരം) ഹോളി ഫാമിലി കെ.എൽ.എം. യൂണിറ്റ് നേതൃത്വം നല്കി.

**6. മാർച്ച് 19, കേരള ലേബർ മൂവ്മെന്റ് പതാകദിനവും മെമ്പർഷിപ്പ് വിതരണോദ്ഘാടനവും**

കേരള ലേബർ മൂവ്മെന്റ് തൃശൂർ അതിരൂപതയിലെ യൂണിറ്റുകളിൽ തൊഴിലാളി മധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആയി ആചരിക്കുന്ന മാർച്ച് 19 ന് പതാക ഉയർത്തുകയും കെഎൽ എം അംഗത്വം വിതരണ ഉദ്ഘാടനം നടത്തുകയും ചെയ്തു. തൃശൂർ അതിരൂപതതല പതാകദിന ആചരണം പുല്ലഴി സെന്റ്. ജോസഫ് യൂണിറ്റിൽ സമുചിതമായി ആചരിച്ചു. പ്രസിഡന്റ് ബിജു ചിറയത്ത് പതാക ഉയർത്തി. ജനറൽ സെക്രട്ടറി അന്റോപോൾ പ്രതിജ്ഞ ചൊല്ലി കൊടുത്തു, തുടർന്ന് നടന്ന യോഗത്തിൽ പ്രസിഡന്റ് ബിജു ചിറയത്ത് അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ സംഘടനയുടെ പ്രവർത്തനങ്ങൾ വിശദമാക്കി മുഖ്യ സന്ദേശം നല്കി. പുല്ലഴി യുണിറ്റ് ഡയറക്ടർ ഫാ. റാഫേൽ പുല്ലോകാരൻ അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് അതിരൂപത ട്രഷറർ ജോയ് മാളിയേക്കൽ അംഗത്വ വിതരണോദ്ഘാടനം നിർവഹിച്ചു. വിവിധ തൊഴിലാളി ഫോറങ്ങളുടേയും, പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയുടേയും, കനിവ് അപകട ഇൻഷുറൻസ് പദ്ധതിയുടേയും അംഗത്വ വിതര

ണോദ്ഘാടനം തദവസരത്തിൽ നടത്തി. ആന്റോ പോൾ, ജെറാർദ് പോൾ, ജോജോ, ഷാജൻ പോൾ, ഷാജു, നവീൻ എന്നിവർ സംസാരിച്ചു.

**7. ലേബർ സണ്ടെ ആചരണം**

തൃശൂർ അതിരൂപതയിൽ കാലങ്ങളായി ആചരിച്ചു വന്നിരുന്ന തൊഴിലാളി ഞായർ ആചരണം സമുചിതമായി സംഘടിപ്പിച്ചു. മെയ്ദിനത്തിന് തൊട്ട് മുമ്പുള്ള ഞായറാഴ്ചയാണ് തൊഴിലാളി ഞായറായി ആചരിച്ചു വന്നിരുന്നത്. കേരള ലേബർ മൂവ്മെന്റ് അതിരൂപത ഓഫീസിനു മുമ്പിൽ പതാക ഉയർത്തിയും, ഇടവക ദൈവാലയങ്ങളിൽ കെ.സി.ബി.സി. യുടെ മെയ്ദിന സന്ദേശം വായിച്ചും, ഇടവക യൂണിറ്റുകളിൽ മെയ്ദിന പോസ്റ്ററുകൾ പ്രദർശിപ്പിച്ചും ഈ ദിനം ആചരിക്കുകയുണ്ടായി.

**8. ഫാ. ലോറൻസ് ഒലക്കേങ്കിൽ ഭവന പുനരുദ്ധാരണ ധനസഹായ വിതരണം**

കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റ് അംഗങ്ങളുടെ വീടുകൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി ഫാ. ലോറൻസ് ഒലക്കേങ്കിൽ സാമ്പത്തിക സഹായം ചെയ്തതിന്റെ ഫലമായി 45 വീടുകൾ കെ.എൽ.എം. യൂണിറ്റുകളുടെ നേതൃത്വത്തിൽ പുനരുദ്ധരിക്കുകയും വാസയോഗ്യമാക്കുകയും ചെയ്തു. ഫാ. ലോറൻസ് ഒലക്കേങ്കിലിന് കേരള ലേബർ മൂവ്മെന്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**9. മെയ്ദിനാചരണം**

വിവിധ തൊഴിലാളി ക്ഷേമനിധി ഫണ്ടുകളിൽ തൊഴിലാളികളുടെ പെൻഷൻ ഉൾപെടെയുള്ള അവകാശങ്ങൾ നിഷേധിക്കുകയും തടഞ്ഞുവെക്കുകയും വർഷാവർഷങ്ങളിൽ നടത്തുമെന്ന് പ്രഖ്യാപിച്ച പെൻഷന്റെ നാമമാത്രമായ വർദ്ധനവ് നടത്താതിരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സർക്കാർ നടപടികൾ തീർത്തും ഖേദകരമാണ് എന്ന് അറിയിച്ചുകൊണ്ട് കേരള ലേബർ മൂവ്മെന്റിന്റേയും അസംഘടിത തൊഴിലാളി യൂണിയനുകളുടെ കൂട്ടായ്മയുടേയും നേതൃത്വത്തിൽ മെയ്ദിനത്തിന്റെ ഭാഗമായി തൊഴിലാളി റാലിയും തൊഴിലാളി സംഗമവും സംഘടിപ്പിച്ചു. കോവിഡിന്റേയും മറ്റ് അനുബന്ധ പ്രതിസന്ധികളുടേയും സാഹചര്യങ്ങൾ സൃഷ്ടിച്ച ഏകാന്തതയിൽ നിന്നും തൊഴിലാളികൾക്ക് പ്രത്യേകമായി അസംഘടിത വിഭാഗങ്ങൾക്ക് ഒന്നിച്ചിരിക്കുവാനും ആനന്ദിക്കുവാനും ഒരിടമാണ് ഇന്നിന്റെ ആവശ്യമെന്നും കെ.എൽ.എം. അതിന്റെ പാരമ്പര്യത്തിൽ തന്നെ അതിനുള്ള അവസരമാണ് ഒരുക്കുന്നതെന്നും പറഞ്ഞുകൊണ്ട് റവന്യു വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ എം.എൽ.എ. കെ.എൽ.എം. മെയ്ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ ബിജു ചിറയത്ത് അദ്ധ്യക്ഷനായിരുന്നു. തൊഴിലാളി സംഗമത്തോട്

അനുബന്ധിച്ച് ഒല്ലൂക്കര ശ്രീ. വിൻസന്റ് കളപ്പുരയുടെ ഉടമസ്ഥത യിലുള്ള വിൻസ് പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ അർപ്പിച്ച വി.കുർബാനക്ക് മാർ ടോണി നീലങ്കാവിൽ കാർമ്മികനാകു കയും മെയ്ദിന സന്ദേശം നല്കുക യും ചെയ്തു. പൊതു സമ്മേള നത്തിൽ തൃശൂരിന്റെ നഗരാദ്ധ്യ ക്ഷൻ ശ്രീ. എം.കെ. വർഗീസ് മുഖ്യാഥിതിയായിരുന്നു. ഫാ. ജോർജ് തോമസ് നിരപ്പുകാലാ യിൽ, ആന്റോ പോൾ, ഫാ. പോൾ തേക്കാനത്ത്, ശ്രീമതി ശ്യാമള മുരളീധരൻ, ഫാ. സോബിൻ പായിക്കാട്ട്, ശ്രീമതി മോളി ജോ ബി, ശ്രീ വിൻസന്റ് കളപ്പുര, ഫാ. ഷിജോ മാപ്രാണത്തുകാരൻ, ജോയ് മാളിയേക്കൽ, ഈജു ആന്റണി, ജോസ് കുന്നപ്പിള്ളി, ജോൺസൺ എലുവത്തിങ്കൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**10. കെ.എൽ.എം. കനിവ് അപകട ഇൻഷുറൻസ് പദ്ധതി**

ഒരാൾ എവിടെയെങ്കിലും തെന്നി വീഴുന്നത് ഉൾപ്പെടെ ഉണ്ടാകുന്ന അപകടങ്ങൾ മൂലം മരണമോ ഒരു ജോലി ചെയ്യുവാൻ കഴിയാത്ത വിധത്തിൽ അംഗവൈകല്യമോ സംഭവിച്ചാൽ 4 ലക്ഷം രൂപയും കൂടാതെ അപകടം കാരണം ചികി ത്സ ആവശ്യമായി വരുന്ന സാഹച ര്യത്തിൽ 1 ലക്ഷം രൂപയും കവറേ ജ് ഉള്ള പദ്ധതിയാണ് കെഎൽഎം കനിവ് അപകട ഇൻഷുറൻസ് പദ്ധതി. തൊഴിലാളികളുടെ സാമ്പ ത്തീക സുരക്ഷി തത്വം അപകടങ്ങ ളിലൂടെ താറുമാ റാകുന്ന അവസര ങ്ങളിൽ അവരുടെ സാമൂഹ്യസുര ക്ഷക്ക് ഒരു കൈതാങ്ങാണ് ഈ പദ്ധതി. ഒരു വ്യക്തിക്ക് ഇതിൽ അംഗത്വം എടുക്കുന്നതിന് കെ. എൽ.എം. ഓഫീസിലൂടെ സാധി ക്കുന്നതാണ്. 400 രൂപയാണ് ഒരു വ്യക്തിയാണെങ്കിൽ പ്രീമിയം തുക. പരമാവധി 4 അംഗങ്ങൾ ഉള്ള കുടുംബമാണെങ്കിൽ 950 രൂപയാ ണ് പ്രീമിയം. കൂടുതൽ വിശദാംശ ങ്ങൾക്ക് കെ.എൽ.എം. ഓഫീസു മായി ബന്ധപ്പെടുക.

**11. കെ.എൽ.എം. പരസ്പര സഹായ സമിതിയുടെ പ്രവർത്ത നങ്ങൾ**

തൊഴിലാളിയായ ഒരു വ്യക്തിയുടേ യും അയാളുടെ ജീവിത പങ്കാളി യും പ്രായപൂർത്തിയാകാത്ത മക്ക ളുടേയും രോഗാവസ്ഥയിൽ ചികി ത്സക്ക് സഹായം നല്കുന്നതിന് ഈ സമിതിയുടെ നേതൃത്വത്തിൽ പരസ്പര സഹായ സാമൂഹ്യ സുര ക്ഷ പദ്ധതി എന്ന പേരിൽ ഒരു പ്രവർത്തനം നടന്നുവരുന്നു. ഇപ്പോ ൾ ഒരു കുടുംബത്തിന് 35000 രൂപ യാണ് പരമാവധി ചികിത്സ സഹാ യം ചെയ്തുവരുന്നത്. കൂടാതെ, ഉന്നതവിജയം കരസ്ഥമാക്കി തുടർ പഠനത്തിന് അഡ് മിഷൻ ലഭിക്കു ന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുകയും ചെയ്യുന്നു. പ്രസവം, മരണം എന്നീ അവസരങ്ങളിലും ഈ പദ്ധതിയിൽ നിന്ന് സാമ്പ

ത്തിക സഹായം കുടുംബങ്ങൾക്ക് നല്കിവരുന്നുണ്ട്.

**12. കെ.എൽ.എം. ഡയമണ്ട് ജൂബിലി (2019) മരണാനന്തര സഹായ പദ്ധതി**

കെ.എൽ.എം. അംഗത്വം തുടർച്ചയായി എടുക്കുകയും കെ.എൽ.എം പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുകയും ചെയ്യുന്ന തൊഴിലാളികൾക്ക് അംഗമാകാവുന്ന ഒരു പദ്ധതിയാണ് ഇത്. അംഗമായ ഒരാൾ മരണമടയുന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ അംഗങ്ങൾ എല്ലാവരും 50 രൂപ വീതം മരണപ്പെട്ടയാളുടെ നോമിനിക്ക് സഹായമായി നല്കുകയാണ് ഈ പദ്ധതി വഴി ചെയ്യുന്നത്. യൂണിറ്റുകളും അതിരൂപത സമിതിയും വളരെയേറെ ശ്രദ്ധയോടെയും കാര്യക്ഷമമായും ഈ പദ്ധതി തുടർന്നു വരുന്നു. 2019 ഡിസംബർ മുതൽ ഇന്നുവരെ 45 അംഗങ്ങൾ മരണപ്പെടുകയും അവരുടെ നോമിനികൾക്ക് 120,000 (ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപ വച്ച് നല്കുകയും ചെയ്തു.

**13. തൊഴിലാളി ഫോറങ്ങളും ക്ഷേമനിധി ഫണ്ടുകളും**

അസംഘടിതരായ തൊഴിലാളികളുടെ ശക്തീകരണത്തിന് ഏറ്റവും അനുയോജ്യമായ രീതി യാണ് ചെറിയ സംഘങ്ങളായി അവരെ സംഘടിപ്പിക്കുകയെന്നത്. ഒരേ വിഭാഗം തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ മേഖലകളിലെ പുത്തൻ സാങ്കേതികത്വങ്ങളും സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും നേതൃത്വ ശൈലികളും പരിശീലിപ്പി ക്കുന്നതിലൂടെ അവരെ കൂടുതൽ ശക്തീകരിക്കുവാൻ സാധിക്കും. ഈ പരിശീലനം എളുപ്പമാക്കുന്നതിനും പദ്ധതികളിൽ അംഗത്വം എടുപ്പിക്കുന്നതിനും കെ.എൽ.എം. മുന്നോട്ടു വച്ചിരിക്കുന്ന സംവിധാനമാണ് തൊഴിലാളി ഫോറങ്ങൾ. എല്ലാ തൊഴിലാളികളും ഈ തൊഴിലാളി ഫോറങ്ങളിൽ അംഗത്വം എടുക്കുകയാണെങ്കിൽ വലിയ ശക്തിയായിരിക്കും ഉണ്ടാകുക. ഈ തൊഴിലാളി ഫോറങ്ങൾ ഇന്ത്യൻ ട്രെയ്ഡ് യൂണിയൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തവയുമാണ്.

**ആന്റോ പോൾ**
ജനറൽ സെക്രട്ടറി

**ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

**കത്തോലിക്ക കോൺഗ്രസ്സ് 104–ാം ജന്മദിനാഘോഷം**

കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 30 ന് 104–ാം ജന്മദിനാഘോഷം തൃശ്ശൂർ ഫാമിലി അപ്പസ്തോലിക് സെന്ററിൽവെച്ച് സംഘടിപ്പിച്ചു. മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, മാർ പോളി കണ്ണൂക്കാടൻ, ഫാ. ജിയോ കടവി, അഡ്വ ബിജു പറയനിലം, രാജീവ് കൊച്ചുപറമ്പിൽ തുടങ്ങി ഗ്ലോബൽ നേതാക്കളും രൂപതകളിൽ നിന്നെത്തിയ പ്രതിനിധികളും പങ്കെടുത്തു സംസാരിച്ചു. കത്തോലിക്ക കോൺഗ്രസ്സ് രാഷ്ട്രീയ സമ്മർദ്ദ ശക്തിയാക്കേണ്ടതിനെ കുറിച്ച് പ്രതിനിധി യോഗത്തിൽ ശക്തമായ ആവശ്യമുയർന്നു. തൃശ്ശൂർ അതിരൂപത നേതൃത്വം പരിപാടികൾക്ക് നേതൃത്വം നൽകി.

**ഹെൽപ്പ്ഡെസ്ക് ട്രെയിനിംഗ് പ്രോഗാം**

ഇടവകകളിൽ എഎഫ്സി അഥവാ ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള യൂണിറ്റ് കോർഡിനേറ്റേഴ്സിനുള്ള ട്രെയിനിംഗ് പ്രോഗ്രാം ഫാമിലി അപ്പസ്തോലിക് സെന്ററിൽവെച്ച് സംഘടിപ്പിച്ചു. അതിരൂപത എ എഫ് സിയുടെ സഹകരണത്തോടെ അതിരൂപത നേതൃത്വം പരിശീലനപരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. വർഗ്ഗീസ് കൂത്തൂര്**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

### തേൻതുള്ളികൾ സംഗീതവിരുന്ന്

കോവിഡ് മഹാമാരി മൂലം നിർത്തി വച്ചിരുന്ന കലാസദൻ തേൻതുള്ളികൾ എന്ന സംഗീത വിരുന്ന് 2022 ഏപ്രിൽ പത്താം തീയതി തൃശ്ശൂർ ഡി. ബി. സി. എൽ. സി ഹാളിൽ വൈകിട്ട് ആറുമണിക്ക് അരങ്ങേറി. തേൻതുള്ളികൾ സീസൺ മൂന്നിലെ കുളിർ നിലാവ് എന്ന പ്രോഗ്രാമാണ് അരങ്ങേറിയത്. പ്രശസ്ത സംഗീത സംവിധായകരായ ശ്രീ ദേവരാജൻ മാഷിന്റേയും ശ്രീ ബാബുരാജ് മാഷിന്റേയും ഗാനങ്ങളാണ് കുളിർ നിലാവിൽ ഉൾപ്പെടുത്തിയിരുന്നത്. കലാസദൻ ആർട്ടിസ്റ്റുകൾക്കൊപ്പം കലാഭവൻ സാബു ഗാനങ്ങൾ ആലപിച്ചു. എല്ലാ തേൻതുള്ളികൾ പ്രോഗ്രാമിലൂടെയും കലാകാരന്മാരെ സഹായിക്കുവാൻ പരിശ്രമിക്കുന്ന തൃശ്ശൂർ കലാസദൻ കുളിർ നിലാവ് എന്ന പ്രോഗ്രാമിലൂടെ കലാസദൻ മുൻ ഓഫീസ് സെക്രട്ടറിയായിരുന്നു ശ്രീ ഔസേഫിന് സ്നേഹ കൈത്താങ്ങ് നൽകി. സംഗീത വിഭാഗം കൺവീനർ ശ്രീ ജേക്കബ് ചെങ്ങലായി ജോയിന്റ് കൺവീനർ ശ്രീ സി. ജെ ജോൺ എന്നിവർ സംഗീത വിരുന്നിന് നേതൃത്വം നൽകി.

### ഹോണററി മെമ്പർഷിപ്പ്

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നാല് വിശിഷ്ട വ്യക്തികൾക്ക് ഹോണററി മെമ്പർഷിപ്പ് നൽകി. 2022 ഏപ്രിൽ പത്താം തീയതി തൃശൂർ ഡി. ബി. സി. എൽ. സി ഹാളിൽ തേൻതുള്ളികൾ പ്രോഗ്രാമിനിടയ്ക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നാണ് മെമ്പർഷിപ്പ് ഏറ്റുവാങ്ങിയത്. 1997 മുതൽ മുതൽ 2007 വരെ കലാസദൻ രക്ഷാധികാരിയായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിനും ചർച്ച് ഓഫ് ഈസ്റ്റിന്റെ മെത്രാപ്പോലീത്തയും സാഹിത്യകാരനുമായ മാർ അപ്രേം പിതാവിനും തൃശ്ശൂർ കലാസദൻ ആദ്യ സെക്രട്ടറി ശ്രീ തോമസ് കീഴൂരിനും പ്രശസ്ത പിന്നണി ഗായകൻ ശ്രീ പി. ജയചന്ദ്രനുമാണ് കലാസദൻ ഹോണററി മെമ്പർഷിപ്പ് നൽകിയത്.

### നടനം 2022

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലിയുടെ ഭാഗമായി തൃശ്ശൂർ അതിരൂപതയിലെ വിശ്വാസപരിശീലനം സിദ്ധിക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തിയ നടനം 2022 എന്ന നൃത്ത മത്സരം 2022 മെയ് രണ്ടാം തീയതി തൃശ്ശൂർ പാസ്റ്ററൽ

സെന്ററിലെ, കലാസദൻ ആരംഭിച്ച ആദ്യ പേട്രന്റെ നാമത്തിലുള്ള മാർ ജോസഫ് കുണ്ടുകുളം ഹാളിൽ അരങ്ങേറി. അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ ഫാ. ഡോ. ഫ്രാൻസിസ് ആളൂർ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. ഇഗ്നേഷ്യസ് ആൻറണി അധ്യക്ഷത വഹിച്ചു. ഓൺലൈനിലൂടെ നടത്തിയ മത്സരത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 6 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. ചിയ്യാരം വിജയമാതാ ഇടവക ഒന്നാം സമ്മാനവും അവിണിശ്ശേരി സെന്റ് ജോസഫ് ഇടവക രണ്ടാം സമ്മാനവും ഗുരുവായൂർ സെന്റ് ആന്റണീസ് ഇടവക മൂന്നാം സമ്മാനവും ചൂലിശ്ശേരി സെന്റ് സെബാസ്റ്റ്യൻ ഇടവക, വെട്ടുകാട് സെന്റ് ജോസഫ് ഇടവക, പുത്തൻപീടിക സെന്റ് ആന്റണീസ് ഇടവക എന്നിവർ പ്രോത്സാഹന സമ്മാനങ്ങളും കരസ്ഥമാക്കി. ലൂർദ്ദ് കത്തീഡ്രൽ പള്ളി അസിസ്റ്റന്റ് വികാരി ഫാ. അജിത്ത് ചിറ്റിലപ്പിള്ളി, ചൊവ്വന്നൂർ ഇടവകാംഗമായ ശ്രീമതി കലാമണ്ഡലം ഷാന്റി എന്നിവരാണ് മത്സരത്തിന് വിധികർത്താക്കൾ ആയിരുന്നത്. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ എം. കെ വർഗീസ് നൃത്ത മത്സരത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. മോൺ. ജോസ് കോനിക്കര സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. നൃത്ത വിഭാഗം കൺവീനർ ശ്രീമതി മേഴ്സി ബാബു ജോയിന്റ് കൺവീനർ ശ്രീ ടി. ഒ വിൽസൺ എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം കൊടുത്തു.

### പത്മഭൂഷൻ ഫാ. ഗബ്രിയേൽ ചിറമ്മേൽ സി. എം. ഐ ചരമ വാർഷികം

തൃശ്ശൂർ കലാസദന്റെ രണ്ടാമത്തെ പ്രസിഡണ്ട് ആയിരുന്ന പത്മഭൂഷൻ റവ. ഡോ. ഗബ്രിയേൽ ചിറമ്മേൽ സി. എം. ഐ അച്ചന്റെ ചരമ വാർഷികം ആചരിച്ചു. ഗബ്രിയേൽ അച്ചന്റെ അഞ്ചാം ചരമ വാർഷികത്തോടനുബന്ധിച്ച് 2022 മെയ് പതിമൂന്നാം തീയതി സെക്രട്ടറി ഫാ. ഫിജോ ആലപ്പാടന്റെ നേതൃത്വത്തിൽ കലാസദൻ മാനേജിങ് കമ്മിറ്റി അംഗങ്ങൾ ഇരിങ്ങാലക്കുടയിലുള്ള ഗബ്രിയേൽ അച്ചന്റെ കുഴിമാടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡണ്ട്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# ജീസസ് യൂത്ത്

**ഫ്രീ ഫയർ**

ജീസസ് യൂത്ത് തൃശ്ശൂർ സോണിലെ കിഡ്സ് മിനിസ്ട്ര യുടെ നേതൃത്വത്തിൽ 5,6,7 ക്ലാസ്സു കളിലെ കുട്ടികൾക്കായി ഏപ്രിൽ 22, 23, 24 തിയ്യതികളിലായി മുണ്ടൂ ർ നിർമൽ ജ്യോതി വിദ്യാലയത്തി ൽവച്ചു 'ഫ്രീ ഫയർ' എന്ന പേരി ൽ ത്രിദിന ധ്യാനം നടത്തപെട്ടു. തൃ ശ്ശൂർ അതിരൂപതാ സഹായമെത്രാ ൻ അഭിവന്ദ്യ മാർ ടോണി നീലങ്കാ വിൽ പിതാവ് ഉത്ഘടനം നിർവഹി ക്കുകയും, കേരള ടീൻസ് എൽഡ ർ ആയ അഭിലാഷ് എം. കെ., കേര ള കിഡ്സ് എൽഡറും മുൻ കോർ ഡിനേറ്ററുമായ ആലീസ് മാത്യു എ ന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. എഴുപതി യഞ്ചു കുട്ടികൾ പങ്കെടുത്തു. ജീ സസ് യൂത്ത് തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൽ , ജീസസ് യൂത്ത് കിഡ്സ് മിനിസ്ട്രി കോർഡിനേറ്റർ അലക്സ് ചാക്കോ സി., മുണ്ടൂർ ഇടവക വികാരി ഫാ . ഡേവിസ് പനംകുളം, മുണ്ടൂർ നി ർമൽ ജ്യോതി സ്കൂളിലെ പ്രധാ നാധ്യാപിക സി. മേഴ്സി ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു .

**മണിപ്പൂർ & പഞ്ചാബ് മിഷൻ**

സുവിശേഷവത്കരണത്തി ന് താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് വീ ണ്ടും 2 ജീസസ് യൂത്ത് കുടുംബ ങ്ങൾ ഏപ്രിൽ മുപ്പതിനും, മെയ് ഏ ഴിനുമായി യാത്രയായി. മണിപ്പൂ രിലേക്ക് ഒരു മാസത്തെ മിഷൻ പ്ര വർത്തനങ്ങൾക്കായി വടക്കഞ്ചേരി ഇടവകാംഗവും ജീസസ് യൂത്ത് ഫാമിലി ടീം അംഗവും ആയ ലിജോ പി. എൽ., രമ്യ–ലിജോ ദ മ്പതികളും, 21ദിവസത്തെ മിഷൻ പ്രവർത്തനങ്ങൾക്കായി പഞ്ചാ ബിലേക്ക് പടവരാട് ഇടവകാംഗവും ജീസസ് യൂത്ത് തൃശ്ശൂർ സോണ ൽ ആനിമറ്റർ ജോബി ടി. എ., വി നീത–ജോബി ദമ്പതികളും ഇരുവ രുടെ മക്കളും ആണ് യുവ മിഷന റിമാരായി ഇത്തവണ ഇറങ്ങിപു റപ്പെട്ടിരിക്കുന്നത്.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# കെസിവൈഎം

**കെ റെയിൽ പദ്ധതിക്കെതിരെ ഏകദിന ഉപവാസ സമരവുമായി കെ.സി.വൈ.എം. തൃശൂർ അതിരൂപത**

കെ റെയിൽ സിൽവർ ലൈൻ സെമി–ഹൈ സ്പീഡ് പദ്ധതിക്കെതിരെ തൃശൂർ കോർപ്പറേഷൻ ഓഫീസിനു മുൻവശം കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഏകദിന ഉപവാസ സമരം സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു ഉദ്ഘാടനം ചെയ്തു. ജനാധിപത്യ സമരങ്ങളെ സർക്കാർ അമർച്ച ചെയ്യാൻ ശ്രമിക്കുന്നതും, പ്രതിഷേധങ്ങളെ കണ്ടില്ലെന്നു നടിക്കുന്നതും അത്യന്തം അപലപനീയമാണെന്ന് സാമൂഹിക പ്രവർത്തകനും ഷെക്കെയ്ന ന്യൂസ് ചാനൽ എഡിറ്ററുമായ ജോയ് മണ്ണൂർ പറഞ്ഞു. പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതവും പറഞ്ഞു. സമാപന സമ്മേളനം ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ ഉദ്ഘാടനം ചെയ്തു. ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി മെജോ മോസസ്, മുൻ സംസ്ഥാന ട്രഷറർ സാജൻ ജോസ്, ടോണി കല്ലൂക്കാരൻ, മെജോ പൊറത്തൂർ, ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ്, മറ്റു ഫൊറോന–ഇടവക ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**പൂരപ്രേമികൾക്ക് ദാഹജലമൊരുക്കി കെ.സി.വൈ.എം.**

പൂരങ്ങളുടെ പൂരമായ തൃശൂർ പൂരദിനത്തിൽ പൂരപ്രേമികൾക്ക് ദാഹജലമൊരുക്കി കെ.സി.വൈ.എം. തൃശൂർ അതിരൂപത. തൃശൂർ സെന്റ് തോമസ് കോളേജിന് മുന്നിൽ ഒരുക്കിയ ദാഹജലവിതരണം ഡോളേഴ്സ് ബസിലിക്ക റെക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ് തു. അതിരൂപത പ്രസിഡന്റ് സാജൻ ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, സെക്രട്ടറി മെജോ മോസസ്, മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, ജോയ്സൺ, ജിതിൻ വിയ്യൂർ, അഷർ ഷാജു, ഫൊറോന–യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**നേഴ്സിംഗ് ഡേ ദിനാചരണം**

അന്തർദേശീയ നേഴ്സിംഗ് ഡേ

യോട് അനുബന്ധിച്ച് കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ തൃശൂർ ജില്ലാ ആശുപത്രിയിലെ നേഴ്സുമാരെ ആദരിച്ചു. സദസ്സിന് ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് സാജൻ ജോയ് നേഴ്സിംഗ് ഡേ ദിന സന്ദേശം നൽകി. കാത്തലിക് നേഴ്സ് ഗിൽഡ് തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. നേഴ്സിംഗ് സൂപ്രണ്ട് സി. ബേബി, സി. ബീന തുടങ്ങിയ മറ്റു നേഴ്സുമാരെയും ആദരിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. വിനീത ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സി. ബീന, പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, സെക്രട്ടറി മെജോ മോസസ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെമ്പർമാരായ മെജോ പൊറത്തൂർ, ഷെറിൻ വർഗ്ഗീസ്, SMYM പ്രധിനിധി സ്നേഹ ബെന്നി, ജോയ്സൺ നെല്ലങ്കര, അഷർ ഷാജു, ജിതിൻ വിയ്യൂർ എന്നിവർ നേതൃത്വം നൽകി.

### കെ.സി.വൈ.എം. അതിരൂപതാതല 5’s ഫുട്ബോൾ ടൂർണ്ണമെന്റ്

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെയും, വേലൂർ ഫൊറോന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ എരനെല്ലൂർ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടന്ന അതിരൂപതാ തല 5’s ഫുട്ബോൾ ടൂർണ്ണമെന്റിൽ വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ അമ്മാടം ടീമിനെ പരാജയപ്പെടുത്തി കോടന്നൂർ ടീം വിജയകിരീടം (2–0) ചൂടി. അതിരൂപതയിലെ 32 ടീമുകൾ വാശിയേറിയ പോരാട്ടം കാഴ്ചവെച്ച ടൂർണ്ണമെന്റിൽ രണ്ടാം സ്ഥാനം അമ്മാടം ടീം കരസ്ഥമാക്കി. ലൂസേഴ്സ് ഫൈനലിലെ മിന്നും വിജയത്തോടെ പാലയൂർ ടീം മൂന്നാം സ്ഥാനവും, കല്ലൂർ ടീം നാലാം സ്ഥാനവും കരസ്ഥമാക്കി. ടൂർണ്ണമെന്റിലെ മികച്ച താരമായി കോടന്നൂർ ടീമിന്റെ ചാക്കോ, ടോപ് സ്കോറർ ആയി പാലയൂർ ടീമിന്റെ പ്രിൻസ്, മികച്ച ഗോൾ കീപ്പർ ആയി അമ്മാടം ടീമിന്റെ ആഷിക് എന്നിവരെ തിരഞ്ഞെടുത്തു. പ്രശസ്ത സിനിമാ താരം ജെൻസൻ ആലപ്പാട്ട് ഗോൾ കിക്ക് ചെയ്തു കൊണ്ട് ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു. ചോവന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ്, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസ് പി.ടി., ഫൊറോന ഡയറക്ടർ റവ. ഫാ. ജോഫി ചിറ്റിലപ്പിള്ളി, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, എരനെല്ലൂർ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മുരിങ്ങാത്തേരി, മുൻ സംസ്ഥാന സെനറ്റ് മെമ്പർ സിജോ എം.പി., വേലൂർ ഫൊറോ ന പ്രസിഡന്റ് ഡാനിയേൽ ജോസഫ്, എര

നെല്ലൂർ യൂണിറ്റ് പ്രസിഡന്റ് ഷെർലിൻ പോൾ, ടൂർണ്ണമെന്റ് കൺവീനർ ജിനേഷ് ഒലക്കേങ്കിൽ എന്നിവർ സംസാരിച്ചു. ഉദ്ഘാടന സൗഹാർദ മത്സരം വിജയികൾ ആയ മോട്ടോർ വേൾഡ് കേച്ചേരിക്ക് ജെൻസൻ ആലപ്പാട്ട്, ചോവന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ് എന്നിവർ ചേർന്ന് ട്രോഫി സമ്മാനിച്ചു.

**ഫാ. പ്രതീഷ് കല്ലറക്കൽ**
അസി. ഡയറക്ടർ
**അഖിൽ ജോസ്**
സെക്രട്ടറി

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ
**സാജൻ ജോയി**
പ്രസിഡന്റ്

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

**കുടുംബത്തെ രക്ഷിക്കാതെ ലോകത്തെ രക്ഷിക്കാൻ കഴിയില്ല : മാർ ആൻഡ്രൂസ് താഴത്ത്.**
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണ് പരിപൂർണ്ണ കുടുംബം. ഈ മാതൃകയിലാണ് കുടുംബത്തെ ദൈവം രൂപപ്പെടുത്തിയത്. ഇന്ന് കുടുംബങ്ങൾ ആക്രമണം നേരിടുന്നു. കുടുംബത്തെ രക്ഷിക്കാതെ ലോകത്തെ രക്ഷിക്കാൻ കഴിയില്ല. അതിരൂപതാ കുടുംബ സംഗമം കുടുംബോത്സവം 2022 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത കുടുംബത്തിന്റെ കെട്ടുറപ്പ് ബന്ധങ്ങളിൽ ആണ്. മുത്തശ്ശീ മുത്തശ്ശൻമാരും മാതാപിതാക്കളും മക്കളും ബന്ധുക്കളും സമൂഹവും തമ്മിലുള്ള ബന്ധങ്ങൾ ആണ് ഈ കെട്ടുറപ്പിന്റെ കാരണം. കുടുംബത്തിന്റെ സന്തോഷം ലോകത്തിന് സുവിശേഷം ആണ്. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ച ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു.
മുഖ്യ പ്രഭാഷണം നടത്തി സംസാരിച്ച ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് കുടുംബം ഒരു ദൈവവിളി ആണ് എന്ന് ഓർമ്മിപ്പിച്ചു. ഈ വിളിയുടെ ജീവിതം നയിക്കുന്നവർക്ക് ദൈവകൃപയും കൂടി ഉണ്ടെങ്കിൽ മാത്രമേ ജീവിതാ

വസാനം വരെ നിലനിൽക്കുന്ന ബന്ധം ഉണ്ടാകൂ എന്ന് അദ്ദേഹം പറഞ്ഞു.

പ്രമുഖ സിനിമാ താരം സിജോയ് വർഗീസ് തന്റെ ജീവിതസാക്ഷ്യം പങ്ക് വെച്ചു. മാതാപിതാക്കൾ മക്കൾക്ക് മാതൃകയാകുമ്പോഴാണ് അവരെ നേർവഴിക്ക് നയിക്കാൻ കഴിയൂ എന്ന് അദ്ദേഹം പറഞ്ഞു. കുടുംബങ്ങൾ തങ്ങളുടെ മാത്രം കാര്യങ്ങളിൽ തൽപ്പരരായാൽ പോരാ. മറ്റു കുടുംബങ്ങളെ സഹായിക്കാനുള്ള കൂട്ടായ്മകൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ലോഫ്, ട്രിനിറ്റി കപ്പിൾസ് എന്നിവ പോലെയുള്ള സംഘടനകളുടെ ഭാഗമാകാൻ ദമ്പതികൾ തയ്യാറാകണമെന്ന് മാർ ടോണി നീലങ്കാവിൽ പിതാവ് പറഞ്ഞു. പ്രശ്നങ്ങൾ നേരിടുന്ന കുടുംബങ്ങൾക്ക് ആത്മീയ, മാനസിക, സാമ്പത്തിക ആവശ്യങ്ങളിൽ സഹായം നൽകുന്ന ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ് ഒരുക്കുന്ന ഈശോ കൂടെ എന്ന പദ്ധതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും സംഘടനകളിൽ നിന്നും ആയിരത്തോളം പേർ പങ്കെടുത്തു. കുട്ടികൾക്കായി പ്രത്യേക പരിപാടികൾ ഒരുക്കിയിരുന്നു.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# അതിരൂപതാ എക്യുമെനിക്കൽ കമ്മീഷൻ

ട്രിച്ചൂർ എക്യുമെനിക്കൽ ഗ്രൂപ്പ് 23.04.2022 ശനിയാഴ്ച കാൽവരി ആശ്രമത്തിൽ വച്ച് ഈസ്റ്റർ ആഘോഷിച്ചു. അഭിവന്ദ്യ മാർ അപ്രേം മെത്രാപ്പോലീത്ത ആഘോഷം ഉദ്ഘാടനം ചെയ്തു. ഫാ. എസി ആന്റണി അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. വി. ടി. വർഗ്ഗീസ് സുവിശേഷവായന നടത്തി. ഗ്രൂപ്പ് സെക്രട്ടറി പി. സി. കുരിയപ്പൻ ഈസ്റ്റർ ആഘോഷപരിപാടിയെ കുറിച്ച് വിശദീകരിച്ചു. ആശ്രമസുപ്പീരിയർ ഫാ. ജെയ്സൻ കാളൻ സ്വാഗതവും സെലിബ്രേഷൻ കമ്മറ്റി കൺവീനർ ശ്രീ. ജോർജ്ജ് ചിറമ്മൽ നന്ദിയും പറഞ്ഞു. മാർ അപ്രേം പിതാവിന്റെ പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം ഈസ്റ്റർ ആഘോഷം സമംഗളം പര്യവസാനിച്ചു.

മെയ് മാസ പ്രാർത്ഥന യോഗം ഓൾ സെയിന്റ്സ് സി. എസ്. ഐ. പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഗ്രൂപ്പ് പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ സി. എസ്. ഐ. പള്ളി വികാരി റവ. ഫാ. ജോൺസൻ ഇ. ജോർജ്ജ്, അസി. വികാരിയുടെ പ്രാർത്ഥനക്കുശേഷം ഏവരെയും സ്വാഗതമാശംസിച്ചു. ബൈബിൾ വായനക്കുശേഷം അതിരൂപത പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി മുഖ്യപ്രഭാഷണം നടത്തി. എക്യുമെനിക്കൽ പ്രവർത്തനത്തിലൂടെ ആരാണ് വലിയവൻ എന്ന ആശയത്തെയും സമൂഹത്തിൽ ഇടപെടേണ്ട മേഖലയെയും വിശദീകരിച്ചു.

സെക്രട്ടറി മുൻമാസറിപ്പോർട്ടും ട്രഷറർ വരവ്–ചെലവ് കണക്കും അവതരിപ്പിച്ചു. ജൂൺ മാസം പ്രാർത്ഥനായോഗം കിഴക്കേകോട്ട മാർ തോമ സിറിയൻ എബ്നേസർ പള്ളിയിലാണെന്ന് സെക്രട്ടറി അറിയിച്ചു. ജോ. സെക്രട്ടറി ബ്രിസ്റ്റോ ടി. ജെ. നന്ദി പറഞ്ഞു. ജോൺസ് ഡേവിസ് സമാപനപ്രാർത്ഥന നടത്തി.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

**പി.സി. കുരിയപ്പൻ**
സെക്രട്ടറി

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**

***(2 തിമോ. 1:14)***

# ആദരാഞ്ജലികൾ



## റവ. ഫാ. ഷാജു ചിറയത്ത് (52)



ജനനം : 10-12-1969
തിരുപ്പട്ടം : 29-12-1999
മരണം : 08-05-2022

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.05.2022
**June- 2022**



**ജൂൺ 13നു**
**നാമഹേതുക തിരുന്നാൾ**
**ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ ടോണി**
**നീലങ്കാവിൽ പിതാവിന്**
**തൃശൂർ അതിരൂപതയുടെ**
**പ്രാർഥനാശംസകൾ**





**2022 ഏപ്രിൽ 18ന് കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട**
**മങ്ങാട് സെന്റ് ജോർജ്ജ് ഇടവക ദൈവാലയവും അൾത്താരയും**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor